# Unimag 92



# EMERGE VICTORIOUS, NOT VICTIMISED

You may come out of almost all computer training institutions with the feeling of VICTIMISATION. But be sure that you will emerge from **SKILTEK COMPUTER CENTRE**, which has proven records of excellence ever since its inception, only VICTORIOUS

Convenient location : national identity ; unique training methodology meeting international standards ; Internationally qualified and experienced faculty ; ultra modern training facilities to make computer training rigorous but easy-to-understand ; adequate computer hours ; a variety of computers of different manufacturers ; timings to suit individual needs ; library facilities ; career counselling by experienced counsellors and wide range of placement network are the unmatched specialities of **SKILTEK COMPUTER CENTRE**.

Join our **Government of India computer courses, Post Graduate Diploma Courses, Under Graduate Diploma Courses Short Term Courses, Dual Certificate Course or Advanced Dual Course** which suits ones interest, qualification, aptitude and convenience.



- ☐ **'O' Level Course** (of DoE GOVT. OF INDIA)
- ☐ **Data Preparation and Computer Software** (of NCVT GOVT. OF INDIA)
- ☐ **Dual Certificate Course** ('O' LEVEL AND DATA PREPARATION AND COMPUTER SOFTWARE)
- ☐ **Advanced Dual Course** ('O' LEVEL and POST GRADUATE DIPLOMA IN COMPUTER APPLICATIONS)
- ☐ **Post Graduate Diploma Courses**
  - ☐ Post Graduate Honors Diploma in Computer Applications
  - ☐ Post Graduate Diploma in Computer Management
  - ☐ Post Graduate Diploma in Computer Science ☐ Post Graduate Diploma in Computer Applications
- ☐ **Other Diploma Courses**
  - ☐ Diploma in Computer Management ☐ Diploma in Computer Science ☐ Diploma in Computer Applications
- ☐ **Short-term Courses**

**(Day and Evening batches)**

**Special Short-term package options for executives/employees/ college-going students**

Hostel Facilities, Reservation for Girls, Morning and Evening Batches, Graduates/ Post Graduates/Under Graduates/SSLC Passed may apply

---

**Meet or call our counsellors or remit Rs.25/- directly or by IPO/DD/MO for prospectus.**

**SKILTEK COMPUTER CENTRE**

Recognised by Govt. of India and Govt. of Kerala

First Floor, Bus Stand Building, Kaloor, Kochi-682 017.

Tel : 354527 Grams : Skiltek Tlx : 0885-6447 SKIT IN

# U.C. COLLEGE




# ANNUAL 91-'92



## കൂട്ടുകാരോട്

ഓർമ്മകൾ മേയുന്ന ഈ തിരുമുറ്റത്തേക്ക്
ഓർമ്മകളിലൂടെ ഒരു മടക്കയാത്ര സാധ്യമാക്കുന്ന
അത്ഭുത ജാലകമാകണം മാഗസിൻ
ഓരോ താളിലും ഓരോ വസന്തത്തിന്റെ
വിരൽപ്പാടുകളായിരിക്കണം
സങ്കൽപങ്ങൾ ഇങ്ങനെയൊക്കെയായിരുന്നു........
ഇനി യാഥാർത്ഥ്യങ്ങളെ കുറിച്ച് പറയാം
യാതനകളുടെ മുഖങ്ങളെ കുറിച്ചുള്ള
എഡിറ്റർമാരുടെ വിലാപങ്ങൾ
ഇന്ന് എല്ലാവർക്കുമറിയാം.
അതെല്ലാം ഇപ്പോൾ എന്റെയും അനുഭവസാക്ഷ്യമായിരിക്കുന്നു.
വർത്തമാനകാല യാഥാർത്ഥ്യങ്ങളെയും
ക്യാമ്പസിന്റെ ചലനങ്ങളെയും
ആവുന്നത്ര ഈ താളുകളിലേക്ക് പകർത്താൻ കഴിഞ്ഞിട്ടുണ്ട്.
നിങ്ങളേൽപിച്ച കർത്തവ്യ നിർവ്വാഹത്തിൽ
മനസാക്ഷിയോട് പൂർണ്ണമായും കൂറ് പുലർത്തിയിട്ടുണ്ടെന്ന്
ഞാൻ വിശ്വസിക്കുന്നു.
ആരോപണങ്ങൾ കൊണ്ടും അപവാദങ്ങൾകൊണ്ടും
മനസിനെ കുത്തി വേദനിപ്പിക്കപ്പെടുമ്പോഴും
സ്നേഹത്തോടെ ഒരു അഭ്യർത്ഥന.
മാഗസിൻ പ്രവർത്തനത്തിന്
സഹിക്കേണ്ടിവന്ന ത്യാഗത്തിന്
അൽപമെങ്കിലും വിലകൊടുക്കുക.
വിദ്യാർത്ഥികളുടെ സർഗ്ഗാത്മികമായ വാസനകളെ
കുത്തിക്കുറിച്ച് കോർത്തിണക്കിയ ഈ സമാഹാരം
സ്നേഹപൂർവ്വം നിങ്ങൾക്ക് സമർപ്പിക്കുന്നു.



വിനയത്തോടെ,
എഡിറ്റർ
**മാർട്ടിൻ എം. പി.**

# EDITORIAL BOARD

Prof. C. J. Thomas (Principa')

Prof. M. Madhavankutty

„ A. Sunny Kuriakose (Staff Editors)

Sri. Martin M. P. (Chief Editor)

„ Yacob P. V.

Kum. Mary Emil Joseph

Sri. Davis M. J.

„ Sanjith M. N.

„ Shaji Thomas

Printed at Varsa Printing Press, Thuravoor.

മുണ്ഡനം ചെയ്യപ്പെടുന്ന സംസ്കാരം



ഇനി മലയാളത്തെക്കുറിച്ചും മലയാളിക്കു പാടാം....
മുണ്ഡിത ശിരസ്കയായ് ഭ്രഷ്ടയായ്............
..........................................................................
മാനഭംഗത്തിന്റെ മാറാപ്പുമായ്..............................



"ഇവിടെ... ഇവിടെ....
വെറുതെയിരുന്നെൻ
ഓർമ്മകളിന്നും പാടുന്നു
ഓരോ കഥകൾ പറയുന്നു."



അനന്തരം അദൃശ്യനായ മഹാസംവിധായകൻ നിർദ്ദേശിച്ചു:
"പ്രിയപ്പെട്ട റേ, ആ പൈപ്പ് അണച്ചേക്കൂ.......
കണ്ണുകൾ അടച്ചേക്കൂ......."
സത്യജിത് റേ കടന്നുപോയി
ഇന്ത്യകണ്ട ഏറ്റവും വലിയ ചലച്ചിത്രകാരൻ.
കന്നിച്ചിത്രമായ "പഥേർ പാഞ്ചലി" യിലൂടെ
വിശ്വസിനിമാവേദി കീഴടക്കിയ ബഹുമുഖപ്രതിഭ.
ലളിതവും കാവ്യാത്മകവുമായ ചലച്ചിത്ര ഭാഷയിലൂടെ
സാമൂഹിക യാഥാർത്ഥ്യങ്ങളോടു പ്രതികരിച്ച ദാർശനികൻ.
ദേശീയവും അന്തർദേശീയവുമായ നിരവധി അംഗീകാരങ്ങൾ,
ഒടുവിൽ പ്രത്യേക ഓസ്കാറും ഭാരത രത്നവും.......
ചെറിയ ലോകം ആ വലിയ മനുഷ്യനു നൽകിയ
ചെറിയ അംഗീകാരങ്ങളായിരുന്നു അവയെല്ലാം.
കാലത്തിൽ കൊത്തുവേല ചെയ്ത ആ മഹാശില്പി
മരണത്തെ അതിജീവിക്കുന്നു.
നക്ഷത്രങ്ങൾക്കിടയിലെ അകലം
നമ്മുടെ നഷ്ടവും വേദനയുമാകുന്നു.



നിസ്വാർത്ഥനായ ഒരു സാമൂഹ്യപ്രവർത്തകൻ, മുൻ ഗുജറാത്ത് ഗവർണർ, K. P. C. C ജന: സെക്രട്ടറി, SNDP പ്രസിഡൻറ് എന്നീ നിലകളിലെല്ലാം പ്രവർത്തിച്ച് പൊതു പ്രവർത്തനം ജീവിതമാക്കി മാററിയ ശ്രീ. കെ. കെ. വിശ്വനാഥൻ നമ്മളിൽ നിന്ന് വിട്ടകന്നു. ഈ കർമ്മധീരനു മുൻപിൽ ആദരാഞ്ജലികൾ

# ഇതും സ്നേഹം കൊണ്ട്......

**ഇന്ദുലേഖ എം. എൻ.**
II D.C. Mala.

ഹൃദയത്തിന്റെ ഒരു ഭാഗം അടർത്തിമാറ്റപ്പെടുന്നുവോ? എങ്കിലും മുകുന്ദന് ഇതു ചെയ്യാതെവയ്യ. ധർമസങ്കടത്തിന്റെ ധൂമികയിൽ കണ്ണുകാണാൻ കഴിയുന്നില്ല. ആശ്വാസത്തിന്റെ പച്ചത്തുരുത്ത് എന്നേയ്ക്കുമായി അകലുകയാണ്. ഒരു സാധാരണക്കാരന്റെ സ്വപ്നങ്ങൾ തന്റെ ജീവിതത്തിൽ യാഥാർത്ഥ്യങ്ങളായപ്പോൾ മുകുന്ദനറിഞ്ഞിരുന്നില്ല, കത്തിവേഷങ്ങൾ അണിയറയിലൊരുങ്ങിക്കഴിഞ്ഞുവെന്ന്. ഒരുവളിലുണർന്ന രാഗത്തിന്റെ താളമായി സ്വയമലിയുകയായിരുന്നു. ഒന്നിച്ചുള്ള ജീവിതം അപ്പോൾ അനിവാര്യമായി. അതിനുലഭിച്ച കനത്ത തിരിച്ചടി.......ഉറ്റവരെന്ന് അന്നേവരെ കരുതിയിരുന്നവരുടെ ഹൃദയകവാടങ്ങൾ തനിക്കുനേരെ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ ഒരു നിമിഷം മുകുന്ദൻ പതറിയോ? എന്നാൽഒരു സ്നേഹ സമുദ്രത്തെ ഉള്ളിലൊതുക്കിയ മാതൃസാന്നിധ്യം അയാൾക്ക് കരുത്ത്നൽകി അവർ കനിഞ്ഞുനൽകിയ സ്നേഹഭൂമി അയാൾക്ക് ആശ്വാസം പകർന്നു. അവിടെ മുകുന്ദൻ സുമിത്രയുടെ സാമീപ്യത്തിന് പുതിയ അർഥതലങ്ങൾ കണ്ടെത്താൻ ശ്രമിച്ചു. അകലെ, അപ്പോൾ കുറ്റപ്പെടുത്തലുകൾക്കും കുത്തുവാക്കുകൾക്കും മധ്യേയാണെങ്കിൽപ്പോലും ഒരു സാധ്വിയുടെ മനസ്സ് നിറയുകയായിരുന്നു.

ഉവ്വ്; മുകുന്ദൻ എല്ലാം ഓർമിക്കുന്നു. അമ്മ ദാനം ചെയ്ത സ്നേഹഭൂമി എന്നും മകന്റെ ദൗർബല്യമായിരുന്നു. ഓരോ വേനലൊഴിവിലെയും മധുരിക്കുന്ന ഓർമകൾ ആ ഭൂമിയിലേയ്ക്കുള്ള യാത്രയേയും, അവിടെയുതിർക്കുന്ന നിമിഷപ്പൂക്കളേയും ചുററിപ്പററിയുള്ളതായിരുന്നു. ഇന്നിപ്പോൾ പൂങ്കുല വിരിയിച്ച് ചിരിക്കുന്ന ഇതേ തേൻമാവിൻ ചുവട്ടിലിരുന്ന് അണ്ണാറക്കണ്ണനോട് അസൂയപ്പെട്ട നിഷ്കളങ്കതയുടെ ബാല്യം......... ..പിന്നെ, സങ്കീർണങ്ങളായ സമസ്യകളെ സൃഷ്ടിച്ച് തലപുകഞ്ഞ് ചിന്തിച്ചിരുന്ന അസ്വാസ്ഥതയുടെ കാലം.......ഇതൊക്കെയറിഞ്ഞിരുന്ന പുൽനാമ്പുകളേയും മണൽത്തരികളേയും മകനിൽനിന്നകററുന്നത് പാപമാണെന്നൊരു പക്ഷേ അമ്മയ്ക്ക് തോന്നിയിരിക്കണം.

അമ്മേ, ജന്മാന്തരങ്ങളിൽപ്പോലും നിങ്ങളോട് ഞാൻ കടപ്പെട്ടിരിക്കുന്നു.

പുതിയ അംഗത്തിന്റെ കടന്ന് വരവിനോടൊപ്പം ജീവിതം ഇമചലിപ്പിക്കലിൽ മാത്രമൊതുങ്ങിപ്പോയപ്പോൾ സുമിത്രയുടെ ഹൃദയം എത്രമാത്രം തേങ്ങിയിരിക്കും..?

കാലത്തിന്റെ കുളമ്പടിയൊച്ച മുകുന്ദന്റെ കാതുകളിൽ വന്നലച്ചു. ഞൊടിയിടക്കുള്ളിൽ ആദ്യമാദ്യം ഉതിർന്ന് വീണിരുന്ന ദിവസപ്പൂവുകളെ, കുത്തിനോവിപ്പിക്കുന്ന മുൾമുനകളാക്കി മാററിയത് ആരുടെ കുസൃതി? വേദനിപ്പിക്കുന്ന നിമിഷങ്ങളിൽ ആശ്വാസത്തിന്റെ തേൻ തുള്ളികളുമായി പാദസരക്കിലുക്കത്തിന്റെ അകമ്പടിയോടെ ഒരു കൊച്ചുതുമ്പി പാറിവന്നപ്പോഴും, അകത്തെ മുറിയിലെ അവളുടെ അമ്മയുടെ സാന്നിധ്യത്തിന്റെ ഓർമ വീണ്ടും മുകുന്ദനിൽ മരവിപ്പുപാകി.

മകളേ, നീ വളർന്നതെന്തിന്? ഇന്നിപ്പോൾ നിനക്ക് വേണ്ടിയാണ് ആശ്വാസത്തിന്റെ ആ പച്ചത്തുരുത്തിനെ മുകുന്ദൻ കൈവിടുന്നത്. വീട്ടിലെ ആവശ്യങ്ങളുമായി ഏററുമുട്ടുമ്പോഴൊക്കെ പരാജയപ്പെട്ടുപോകാറുള്ള വിസ്താരമില്ലാത്ത ശമ്പളം.

അർഥമില്ലാത്ത ഒരു നെടുവീർപ്പുകൂടി.........മകളുടെ ഭാഗധേയ നിർണയത്തിനുള്ള സമയമാണിപ്പോൾ. വിലപേശൽ കഴിഞ്ഞിരിക്കുന്നു. കയ്യിലൊന്നുമില്ലാത്ത മുകുന്ദൻ മൂന്നുതരവും പറഞ്ഞ് കച്ചവടം ഉറപ്പിച്ചിരിക്കുന്നു. ഉണ്ടാക്കേണ്ടത് അയാളിലെ പിതാവിന്റെ കടമ.

ചലിക്കുന്ന ഇമകൾക്കിടയിലൂടെ കടന്നുവന്ന ആർദ്രമായ ഒരു നോട്ടം. വയ്യ........ ഇവിടെ പൂർണമായും പരാജയപ്പെട്ടുപോകുന്നു.

അമ്മയുടെ സ്നേഹഭൂമിയും അതിലെ സാന്ത്വനത്തിന്റെ തണലും മകന്റെ രക്ഷയ്ക്കെത്തി. അവിടെയും ഒരു വിലപേശൽ. ഒടുവിൽ രണ്ടു കച്ചവടവും 'ഏതാണ്ടൊരു വിലയിൽ ഉറച്ചു.

" ഇവിടെ ഒരൊപ്പിട്ടോളൂ. " - അതേ, മുകുന്ദൻ അത് ചെയ്യുകയാണ്. ആശ്വാസത്തിന്റെ പച്ചത്തുരുത്ത് ഇനി മററാർക്കോ അല്പ നാളുകൾക്കുള്ളിൽ വീടിനു മുമ്പിലുയരുന്ന ഒരു വേലിയും, അതിനപ്പുറത്ത് നിന്ന് തലയാട്ടുന്ന തേൻമാവിലെ ഉണ്ണിമാങ്ങകളും മുകുന്ദന്റെ ഓർമ്മയിലുണർന്നു.

" അമ്മേ, മാപ്പ്! ആ വേലിയാണ് എന്റെ മകളുടെ താലിയുടെ ഉറപ്പ്. അതും സ്നേഹത്തിന്റെ മറെറാരടയാളം! "

# ഇതും സ്നേഹം കൊണ്ട്.......

ഇന്ദുലേഖ എം. എൻ.
II D.C. Mala.

ഹൃദയത്തിന്റെ ഒരു ഭാഗം അടർത്തിമാറ്റപ്പെടുന്നുവോ? എങ്കിലും മുകുന്ദന് ഇതു ചെയ്യാതെവയ്യ. ധർമസങ്കടത്തിന്റെ ധൂമികയിൽ കണ്ണുകാണാൻ കഴിയുന്നില്ല. ആശ്വാസത്തിന്റെ പച്ചത്തുരുത്ത് എന്നേയ്ക്കുമായി അകലുകയാണ്. ഒരു സാധാരണക്കാരന്റെ സ്വപ്നങ്ങൾ തന്റെ ജീവിതത്തിൽ യാഥാർത്ഥ്യങ്ങളായപ്പോൾ മുകുന്ദനറിഞ്ഞിരുന്നില്ല, കതിർവേഷങ്ങൾ അണിയറയിലൊരുങ്ങിക്കഴിഞ്ഞുവെന്ന്. ഒരുവളിലുണർന്ന രാഗത്തിന്റെ താളമായി സ്വയമലിയുകയായിരുന്നു. ഒന്നിച്ചുള്ള ജീവിതം അപ്പോൾ അനിവാര്യമായി. അതിനുലഭിച്ച കനത്ത തിരിച്ചടി.......ഉറ്റവരെന്ന് അന്നേവരെ കരുതിയിരുന്നവരുടെ ഹൃദയകവാടങ്ങൾ തനിക്കുനേരെ കൊട്ടിയടയ്ക്കപ്പെട്ടപ്പോൾ ഒരു നിമിഷം മുകുന്ദൻ പതറിയോ? എന്നാൽഒരു സ്നേഹ സമുദ്രത്തെ ഉള്ളിലൊതുക്കിയ മാതൃസാന്നിധ്യം അയാൾക്ക് കരുത്ത്നൽകി അവർ കനിഞ്ഞുനൽകിയ സ്നേഹഭൂമി അയാൾക്ക് ആശ്വാസം പകർന്നു. അവിടെ മുകുന്ദൻ സുമിത്രയുടെ സാമീപ്യത്തിന് പുതിയ അർത്ഥതലങ്ങൾ കണ്ടെത്താൻ ശ്രമിച്ചു. അകലെ, അപ്പോൾ കുറ്റപ്പെടുത്തലുകൾക്കും കുത്തുവാക്കുകൾക്കും മധ്യേയാണെങ്കിൽപ്പോലും ഒരു സാധ്വിയുടെ മനസ്സ് നിറയുകയായിരുന്നു.

ഉവ്വ്: മുകുന്ദൻ എല്ലാം ഓർമിക്കുന്നു. അമ്മ ദാനം ചെയ്ത സ്നേഹഭൂമി എന്നും മകന്റെ ദൗർബല്യമായിരുന്നു. ഓരോ വേനലൊഴിവിലേയും മധുരിക്കുന്ന ഓർമകൾ ആ ഭൂമിയിലേയ്ക്കുള്ള യാത്രയേയും, അവിടെയുതിർക്കുന്ന നിമിഷപ്പൂക്കളേയും ചുററിപ്പററിയുള്ളതായിരുന്നു. ഇന്നിപ്പോൾ പൂങ്കുല വിരിയിച്ച് ചിരിക്കുന്ന ഇതേ തേൻമാവിൻ ചുവട്ടിലിരുന്ന് അണ്ണാറക്കണ്ണനോട് അസൂയപ്പെട്ട നിഷ്കളങ്കതയുടെ ബാല്യം........ ..പിന്നെ, സങ്കീർണങ്ങളായ സമസ്യകളെ സൃഷ്ടിച്ച് തലപുകഞ്ഞ് ചിന്തിച്ചിരുന്ന അസ്വസ്ഥതയുടെ കാലം.......ഇതൊക്കെയറിഞ്ഞിരുന്ന പുൽനാമ്പുകളേയും മണൽത്തരികളേയുംമകനിൽനിന്നകററുന്നത് പാപമാണെന്നൊരു പക്ഷേ അമ്മയ്ക്ക് തോന്നിയിരിക്കണം.

അമ്മേ, ജന്മാന്തരങ്ങളിൽപ്പോലും നിങ്ങളോട് ഞാൻ കടപ്പെട്ടിരിക്കുന്നു.

പുതിയ അംഗത്തിന്റെ കടന്ന് വരവിനോടൊപ്പം ജീവിതം ഇമചലിപ്പിക്കലിൽ മാത്രമൊതുങ്ങിപ്പോയപ്പോൾ സുമിത്രയുടെ ഹൃദയം എത്രമാത്രം തേങ്ങിയിരിക്കും.?

കാലത്തിന്റെ കുളമ്പടിയൊച്ച മുകുന്ദന്റെ കാതുകളിൽ വന്നലച്ചു. ഞൊടിയിടക്കുള്ളിൽ ആദ്യമാദ്യം ഉതിർന്ന് വീണിരുന്ന ദിവസപ്പൂവുകളെ, കുത്തിനോവിപ്പിക്കുന്ന മുൾമുനകളാക്കി മാററിയത് ആരുടെ കുസൃതി? വേദനിപ്പിക്കുന്ന നിമിഷങ്ങളിൽ ആശ്വാസത്തിന്റെ തേൻ തുള്ളികളുമായി പാദസരക്കിലുക്കത്തിന്റെ അകമ്പടിയോടെ ഒരു കൊച്ചുതുമ്പി പാറിവന്നപ്പോഴും, അകത്തെ മുറിയിലെ അവളുടെ അമ്മയുടെ സാന്നിധ്യത്തിന്റെ ഓർമ വീണ്ടും മുകുന്ദനിൽ മരവിപ്പുപാകി.

മകളേ, നീ വളർന്നതെന്തിന്? ഇന്നിപ്പോൾ നിനക്ക് വേണ്ടിയാണ് ആശ്വാസത്തിന്റെ ആ പച്ചത്തുരുത്തിനെ മുകുന്ദൻ കൈവിടുന്നത്. വീട്ടിലെ ആവശ്യങ്ങളുമായി ഏററുമുട്ടുമ്പോഴൊക്കെ പരാജയപ്പെട്ടുപോകാറുള്ള വിസ്താരമില്ലാത്ത ശമ്പളം.

അർത്ഥമില്ലാത്ത ഒരു നെടുവീർപ്പുകൂടി.........മകളുടെ ഭാഗധേയ നിർണയത്തിനുള്ള സമയമാണിപ്പോൾ. വിലപേശൽ കഴിഞ്ഞിരിക്കുന്നു. കയ്യിലൊന്നുമില്ലാത്ത മുകുന്ദൻ മൂന്നുതരവും പറഞ്ഞ് കച്ചവടം ഉറപ്പിച്ചിരിക്കുന്നു. ഉണ്ടാകേണ്ടത് അയാളിലെ പിതാവിന്റെ കടമ.

ചലിക്കുന്ന ഇമകൾക്കിടയിലൂടെ കടന്നുവന്ന ആർദ്രമായ ഒരു നോട്ടം. വയ്യ....... ഇവിടെ പൂർണമായും പരാജയപ്പെട്ടു പോകുന്നു.

അമ്മയുടെ സ്നേഹഭൂമിയും അതിലെ സാന്ത്വനത്തിന്റെ തണലും മകന്റെ രക്ഷയ്ക്കെത്തി. അവിടെയും ഒരു വിലപേശൽ. ഒടുവിൽ രണ്ടു കച്ചവടവും ഏതാണ്ടൊരു വിലയിൽ ഉറച്ചു.

'' ഇവിടെ ഒരൊപ്പിട്ടോളൂ. '' – അതേ, മുകുന്ദൻ അത് ചെയ്യുകയാണ്. ആശ്വാസത്തിന്റെ പച്ചത്തുരുത്ത് ഇനി മററാർക്കോ അല്പ നാളുകൾക്കുള്ളിൽ വീടിനു മുമ്പിലുയരുന്ന ഒരു വേലിയും, അതിനപ്പുറത്ത് നിന്ന് തലയാട്ടുന്ന തേൻമാവിലെ ഉണ്ണിമാങ്ങകളും മുകുന്ദന്റെ ഓർമ്മയിലുണർന്നു.

'' അമ്മേ, മാപ്പ് ! ആ വേലിയാണ് എന്റെ മകളുടെ താലിയുടെ ഉറപ്പ്. അതും സ്നേഹത്തിന്റെ മറെറാരടയാളം ! ''

★ ★

# ആത്മനൊമ്പരം

മനസ്സ് യാതനകളുടെ കാരാഗൃഹം! മറക്കാനാകാത്ത ഓർമ്മകളുമായി മല്ലിട്ടുകൊണ്ട് തള്ളിനീക്കുന്ന കാലത്തിന്റെ വണ്ടിച്ചക്രങ്ങൾ! സ്നേഹത്തിന്റെ കറ പുരളാത്ത വെള്ളവസ്ത്രങ്ങളും സന്തോഷത്തിന്റെ തനിമതൊട്ടുതീണ്ടിയിട്ടില്ലാത്ത ദന്തനിരകളും അവയിൽനിന്നും നടത്തിയ ഒളിച്ചോട്ടങ്ങൾ! സ്നേഹത്തിന്റെ തരിവളകൾക്കായി പിന്നാലെയോടുമ്പോൾ, ഓർമ്മകളുടെ ആഴങ്ങളിൽ ചികയുമ്പോൾ, ജീവിതമെന്ന യഥാർത്ഥ്യം മുന്നിൽ, ഒരു വെറും സ്വപ്നം മാത്രമായിരുന്നു.

എണ്ണിയാലൊടുങ്ങാത്ത ചിന്തകളോട് യാത്ര പറഞ്ഞുകൊണ്ട്, ഗണിതശാസ്ത്രത്തിന്റെ ഇതളുകളിൽ കണ്ണുകളുടക്കി യാന്ത്രികമായി പേന ചലിപ്പിക്കുമ്പോൾ ആണ് ആ ശബ്ദം കേട്ടത്. പണമെന്ന നശ്വരതക്ക് ജീവിതത്തിൽ ഏറ്റവും വലിയസ്ഥാനം നൽകികൊണ്ടുള്ള ആ വാചകം, എന്തോ മനസ്സിൽ വളരെനേരം തങ്ങിനിന്നു. ഒരു പക്ഷേ എല്ലാമാനുഷിക മൂല്യങ്ങളെയും നിസാരമായി തള്ളിക്കളഞ്ഞതിലുള്ള വെറുപ്പോ, മനുഷ്യത്വം നഷ്ടപ്പെട്ടുപോയ ആ 'മഹിളാരത്ന'ത്തെ കുറിച്ചുണ്ടായ നീരസമോ ആവാം കാരണം.

ആ സന്ദർഭത്തിലാണ് മനസ്സിന് വീണ്ടും ചിറക് മുളച്ചത്. സ്വഗൃഹത്തിന്റെ ഇടിഞ്ഞു നിലം പൊത്താറായ മതിൽക്കെട്ടുകളും, നിലത്ത് കമിഴ്ന്ന് കിടന്ന് 'രചന' എഴുതുന്ന അനുജത്തിമാരും ഓർമയിൽ തെളിഞ്ഞു. ഒപ്പം തന്നെ പന്തുവാങ്ങാൻ കാശില്ലാതിരുന്നിട്ട് കടലാസ് ചുരുട്ടികളിച്ച കാലവും പണക്കാരനായ സുഹൃത്ത് ചോറുവാങ്ങിത്തന്ന കാര്യത്തെ കുറിച്ചോർക്കുമ്പോൾ ഇന്നും മനസ്സിൽ പുളിച്ചതെന്തോ തികട്ടിതികട്ടി വരുന്നു. എന്തുകൊണ്ട് സ്വന്തം പാത്രത്തിൽ നിന്നും കഴിക്കാൻ അവൻ തന്നെ ക്ഷണിച്ചില്ല എന്ന ചിന്ത, പിറ്റേന്ന് തന്നെ വാങ്ങിയ പൈസ തിരിച്ചു നൽകാൻ നിർബന്ധിക്കുകയാണുണ്ടായത്.

ബിരുദ പഠനത്തിന് ചേർന്നപ്പോൾ എന്തിന്? എന്ന ബന്ധുക്കളുടെ ചോദ്യത്തിന്, മുന്നിൽ ''അടുക്കുന്ന കടവിൽ ഇറങ്ങാം'' എന്നേ ഉത്തരം നൽകാൻ കഴിഞ്ഞുള്ളു. പക്ഷെ അവരുടെ മുന്നിൽ പണച്ചാക്കുനിറയ്ക്കാൻ എന്നും സഹായിക്കുന്ന അത്ഭുതജീവി കമ്പ്യൂട്ടർ, തൊഴിലെന്ന മഹാമേരുകണക്കെ നില്ക്കുന്നുണ്ടായിരുന്നു. പക്ഷെ അപ്പോഴേയ്ക്കും യു.ജി.സി. 'നയപ്രഖ്യാപനം' നടത്തിക്കഴിഞ്ഞിരുന്നു. ഉത്തരം വേണ്ടിയിരുന്നവർക്ക് അതേറെ ആശ്വാസ മറുപടിയെന്ന് തോന്നുന്നു. പണത്തെ കുറിച്ചുള്ള ഒടുങ്ങാത്ത വാഞ്ഛയാൽ തൊഴിലെന്ന സമസ്യയുടെ കളങ്ങൾ വലുതാക്കിക്കൊണ്ടിരുന്ന അവരിൽ നിന്ന് ഇതിനപ്പുറം ഒന്നും പ്രതീക്ഷിച്ചിരുന്നില്ല. ഒടുവിൽ ഊതിപ്പെരുപ്പിച്ച ബന്ധത്തിന്റെ പേരിൽ 'അടിമപ്പണിക്ക്' ഉദാഹരണമാകേണ്ടിവന്നപ്പോഴും പണത്തെ വെറുക്കാൻ മാത്രമേ കഴിഞ്ഞുള്ളു.

കാടുകയറിക്കൊണ്ടിരുന്ന ചിന്തകളെ തടഞ്ഞുകൊണ്ടെന്നോണം, ''ജീവിതം സുഖിക്കാനുള്ളതാണ്'' എന്ന ശബ്ദമുയർന്നു. പക്ഷേ, മനസ്സ് മുറുകെപ്പിടിച്ചിരുന്ന തത്വങ്ങൾ 'ജീവിതസുഖ'ത്തെ നിസാരമായി തള്ളിക്കളയുകയാണുണ്ടായത്. ഒപ്പം, ''സ്വജീവിതം മറ്റാർക്കോവേണ്ടിയാണുള്ളത്'' എന്ന തോന്നൽ സടകുടഞ്ഞെഴുന്നേറ്റു. സ്നേഹമെന്നയൊരൊറ്റസുഖത്തിൽ മാത്രം വിശ്വസിച്ചിരുന്ന ആത്മാവ്, ഭൗതിക സുഖങ്ങളുടെ മുന്നിൽ അചഞ്ചലനായി നിൽക്കുകയാണുണ്ടായത്.

പൊടുന്നനെയുണ്ടായ അന്ധകാരത്തെ മെഴുകുതിരിവെളിച്ചത്തിന്റെ അലകം മുറിക്കുമ്പോഴും ''ധനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങൾ'' ഉയർന്നുകേട്ടു. വെളിച്ചത്തിന്റെ ഈരടികൾ ഇവരിലേക്കെത്താത്തതെന്തേ എന്നാലോചിക്കുമ്പോഴും, തിമിരം ബാധിച്ച മനസുമായി പുതിയ ''മാർഗ്ഗ''മെന്തോ കണ്ടെത്തിയ സന്തോഷത്താൽ അവർ അലറുകയായിരുന്നു.

**ബിജു റ്റി എസ്.**
രണ്ടാംവർഷ ഗണിതശാസ്ത്രം
യു. സി. കോളേജ്
ആലുവ-2



# കരിയിലക്കാവടി

ശരമെന്റെ നേരെ തൊടുക്കൂ നിഷാദാ
ആരോരുമില്ലാത്ത പക്ഷിയാണിന്നു ഞാൻ.

കൂടുകൾ നഷ്ടമായ്; കൂട്ടുകൾ നഷ്ടമായ്
സ്നേഹബന്ധങ്ങൾ സമസ്തവും നഷ്ടമായ്
കൃഷ്ണപക്ഷത്തിന്റെ കാവലാളാകുവാൻ
നഷ്ടബോധത്തിൻ നക്ഷത്രമേൽക്കുവാൻ
തെല്ലും മോഹംപോലുമില്ലിന്നു സ്നേഹിതാ.

കാട്ടുമാവിന്നിലക്കൂട്ടിലാലിംഗന
ചൂടേറ്റുറങ്ങിയുമുണർന്നിരുന്നും
കനവിന്നിളന്നീർക്കുടം നുകർന്നും
രാസലീലാരസം പങ്കുവയ്ക്കും
മിഥുനങ്ങളെത്തേടിയലയേണ്ട; നിൻശര–
കൃപതേടുമെന്നെ നീ സ്വീകരിക്കൂ
എനിക്കാരോരുമില്ല കണ്ണീരൊഴുക്കാൻ.

അമ്മയും കാത്തിരിപ്പിൻ ദീപനാളവും
പണ്ടേയണഞ്ഞുപോയി.
വാതിലന്നേ ചേർത്തടച്ചു; നിരാധാര–
ദുഃഖത്തിൽ നീന്തിത്തളർന്നു.
കണ്ണുനീരൊപ്പിയ സാന്ത്വനക്കാറ്റിൻ
വഴിത്താവളങ്ങളും പൊലിഞ്ഞു.
എങ്കിലുമെന്നെയും കാലമീക്കുന്നിന്റെ

മേൽത്തട്ടിലേക്കുരുട്ടുന്നു.
(കല്ലായ് ജനിച്ചുപോയില്ലേ?)
ശിലയെന്നു പലരും നിനച്ചുപോം നിൻമനം
അരിമുല്ല മലരിന്റെയിതൾപോലെ മൃദുല; മതി–
ലതിലോലരാഗപ്രവാഹം.

ഇരയുമായ്ച്ചെല്ലുന്ന നിന്റെ കാലൊച്ചയും
കാതോർത്തിരിക്കുമിണപക്ഷിയെ
നിന്നുള്ളിൽക്കാണുന്നു; നിന്റെ നെഞ്ചിൽ
അവളുടെ നെഞ്ചിടിപ്പല്ലോ കേൾപ്പൂ.

സ്നേഹബന്ധങ്ങളെപ്പോറ്റുവാനായ്
സ്നേഹബന്ധങ്ങളെ നിഗ്രഹിക്കും
നായാട്ടുകാരാ............നിഷാദാ...........
ശരമെന്റെ നെഞ്ചിലേക്കെയ്തുകൊള്ളു
എനിക്കാരുമേയില്ല കണ്ണീരൊഴുക്കാൻ.

ഒരു സ്നേഹബന്ധം തളിർക്കുവാനെങ്കിലും
മൃതിപൂണ്ടൊരെൻ ദേഹമുതകിടട്ടെ.
ധന്യമായ്ത്തീരട്ടെയെൻ നിയോഗം.

നിത്യമാം നിർവാണ നിദ്രനേടാൻ
ശരണം നിൻശരമാണിന്നേക മാർഗ്ഗം.

എന്നിലെന്ന വേർപിരിഞ്ഞൊരെൻ പ്രാണന്റെ
ഓർമ്മകരം സിന്ദൂര ഗംഗയായ്ത്തീരവെ
വ്യർത്ഥജന്മത്തിന്റെ മുക്തിതീരത്തു ഞാൻ
ഹർഷ നക്ഷത്രമായ് പൂത്തുനിൽക്കും.

ഡി. സന്തോഷ്
III D C Mala.

PHONE 5791
Res : 5756, 3770

The Queen
Always Reigns and Rules Supreme
We Distinguish Ourselves
With our Midasian
Touch on Everything
In Education

# QUEEN MOTHER'S COLLEGE, ALWAYE.

(Near Private Bus Stand)

## OFFERS COURSES

In

*Parallel Classes:*

| | | |
|---|---|---|
| PRE - DEGREE (3rd & 4th Group) | | - MAHATMA GANDHI |
| B. Com, B. A. MALAYALAM, ECONOMICS | | - MAHATMA GANDHI |
| M. A. .. .......... | ECONOMICS, HISTORY, ENGLISH | - KERALA |
| | MALAYALAM | - " |
| | HISTORY | - " |
| | ENGLISH | - " |
| M Com , M.A. | HINDI | - " |
| M. Sc.... ..... | MATHS | - CALICUT |
| B. Sc......... . | MATHS | - " |
| B. Com Co-operation | | |

*Failed Batches:*

PRE - DEGREE
B. Sc MATHS & ENGLISH
AND TUITION IN ALL SUBJECTS

**N. B.**

1. **Library Facilities Available for P. G. Students**
2. **Hostel Facilities Available for Girls and Boys**

# TEENAGERS

Teenage is the time for trends-crazy and in explicability. It is known to be an enviable age. Teenagers are on the threshold of adolescence, surging forth with energy It is the time when they make small mistakes for which they have to repent in future.

As teenagers start growing up and thinking independently, they try to 'separate' themselves to find a new identity, distinct from their parents. If we follow some important points we can overcome many of our problems and difficulties and can enjoy the beautiful youth life.

Firstly, the choosing of friends "Great is the man who has a great friend" this sentence from the Bhagwat Gita means a lot. The effects of bad company may harm the well being of a person in no time. You may be a good person walking in the group of bad ones, but still you may be considered one of them as you are walking with them. Friends support us by letting us know we are not alone in our human frailties. Robert Louis Stevenson had said "A friend is a present you give yourself".

Learn to be balanced in your outlook on life. Some teenagers want to experience an affair just to know what it is. They have read and heard a lot above love and have seen it in the films. Now, they wish to know what it is in reality. It is just all fun for them. Dont allow these adolescent dreams to lead you astray. Leave all the love bussiness for adulthood. Treat all the boys and girls as your friends and dont get involved in teenaged affairs. People are bound to look at you admiringly. It is natural. But if you go falling in love with every handsome boy orbeautiful girl who pays attention to you, your life will turn miserable and useless. Devote your mind to studies and other hobbies without wasting your precious time in futile pastimes.

We all make mistakes. When you make a mistake, dont give in-fight back. Mistakes are a part of the learning process. Do not let the fear of failure discourage you. The one hurdle that keeps us from really being great is our own fear of failure Overcome the obstacles in your way and achieve your aim If you want to succeed in life then do not let temptations stand in your way. There are many temptations that come our way when we are discouraged So bad habits like taking drugs, smoking, drinking etc. are cultivated with the false belief that they release us from the tensions of living. These people do not realise the consequence of taking drugs and therefore they take it. But some take it even after knowing the result. Most teenagers think it is very manly and grown-up to be seen smoking. We have a very encouraging words of Mahatma Gandhi " I want to keep the windows of my house open and allow the wind to blow from all the directions, but I shall refuse be swept off my head. So, keep your mind open and in these buffeting storms, should remain as steady as a rock ".

The teenage college-going age is a glorious period. A girl takes her first-step out of the school and into the open world. This step should not lead to broken hearts furnished images and overturned careers. Sometimes eveteasing on part of teenage boys becomes a menace to the ladies. We should'nt forget that eve-teasing requires some provocation too. Ultra-modern clothes and cheap behaviour on part of a girl should always remember that decency and dignity alone can command respect at anytime and any place When a girl wears revealing, clinging dresses she looks cheap, how then can she command respect from others. But why do some girls dress up in that manner? Parents are largely responsible for this. Some parents to keep up their status insist on their daughter to wear the latest while some parents, who in their own younger days could'nt wear modern out fits buy them for their daughters. Some parents have hardly any time for their children. These children who lack parents attention and affection, try to get attention by attracting others through indecent ways.

Thus it can be concluded that the teenagers can lead an enjoyable life by truly understanding and practising the facts mentioned above.

**BIJI JOHN**
*I BSc. Botany*

xxxxxxxx



# മുത്തശ്ശി

ജോബി വർഗീസ്
I M.A Eco.

പതിവുപോലെ അന്നും ഉണ്ണി ഉണർന്നു. ഉറക്കം വിട്ടുമാറാത്ത കണ്ണുകളുമായി മുത്തശിയുടെ കയ്യും പിടിച്ച് തെക്കെ പുറത്തെത്തി, പുരയോടു ചേർന്നു നിൽക്കുന്ന തടിയൻ വരിക്കപ്ലാവിൽ ചുററിപ്പടർന്നു കയറിയ കുമ്പളം കൺകുളിർക്കെ നോക്കി 'തലേന്നത്തിലും കുമ്പളവള്ളികൾ വളർന്നിട്ടുണ്ട്' – ഉണ്ണി മനസിൽ ഉറപ്പുവരുത്തി.

'മുത്തശ്ശി, ഈ കുമ്പളം വേഗം വളര്ണ്ണ്ട് ല്ല്യേ' – ഉണ്ണി ചോദിച്ചു.

'എന്നാ മുത്തശി ഇതിൽ കുമ്പളങ്ങ ഉണ്ടാവ്വാ' ഉണ്ണി തുടർന്നു. 'കുട്ടീ ധൃതിവെച്ചാൽ പററ്വോ അതിന്റെ സമയാവുമ്പോ അതുകായ്ക്കും.' –തന്റെ നീണ്ട ഒററപ്പല്ല് പുറത്തു കാട്ടിച്ചിരിച്ചുകൊണ്ട് മുത്തശ്ശി പറഞ്ഞു.

പെട്ടെന്നാണ് കാതടക്കുന്ന ശബ്ദം പുറകിൽ നിന്നു വന്നത്.

'എന്തെടുക്വാണവിടെ അവനേം അവന്റെ മുത്തശ്ശീടേം ഒരു കുമ്പളം വെട്ടി ഞാൻ തീയിലിടും എല്ലാം' – ഉണ്ണിയുടെ അമ്മയാണ് കലിതുള്ളി വരുന്നത്.

'ഇപ്പോഴും കൊച്ചുകുഞ്ഞാന്നാ ഭാവം സ്കൂളിലായി, നൂറുകൂട്ടം പഠിക്കാനുണ്ട് എന്നിട്ടും എപ്പൊ നോക്കിയാലും ഇതിന്റെ മുമ്പിൽ വന്നിരിപ്പാ' ഉണ്ണിയെ വലിച്ചിഴച്ച് അമ്മ കൊണ്ട് പോകുന്നത് മുത്തശ്ശി നിസ്സഹായയായി നോക്കിനിന്നു. ഒരക്ഷരം എതിർത്തുരിയാടാൻ അവർക്ക് കഴിഞ്ഞില്ല.

''വയസ്സ് ആയാൽ അവരവരുടെ പാട്ടിലിരിക്കണം'' എന്നല്ലേ അവിടത്തെ നിയമം.

* * *

രാത്രിയിൽ ഉറങ്ങാൻ കിടന്ന മുത്തശ്ശിക്ക് ഉറക്കം വന്നില്ല. ഘടികാരത്തിലെ 'ഘണ്ടാരവങ്ങൾ' കേട്ടുകൊണ്ടവർ കിടന്നു. മണി പന്ത്രണ്ട് അടിക്കുന്നതും എണ്ണി രാവി

ലത്തെ സംഭവത്തിലെ വേദന ദിവസേനയുള്ളതാണ്. അതിൽ പുതുമയില്ല. പക്ഷേ ഉച്ചക്കുണ്ടായതോ!

അറുപതു വർഷം മുൻപാണ് ഗ്രാമത്തിലെ പള്ളിക്കൂടത്തിൽ താനും ലക്ഷ്മിക്കുട്ടിയും തറയിൽ അടുത്തടുത്തിരുന്നു പഠിച്ചത്. അതിനുശേഷം ലക്ഷ്മിക്കുട്ടി വിവാഹം കഴിഞ്ഞ് അകലെ ഏതോ പട്ടണത്തിലേക്ക് പോയി. പിന്നെ കണ്ടിട്ടില്ല. തീർത്തും നിനച്ചിരിക്കാത്ത നേരത്തുള്ള ലക്ഷ്മിക്കുട്ടിയുടെ വരവ് തന്നെ സന്തോഷിപ്പിക്കേണ്ടതല്ലേ അതെ, പക്ഷെ......

'അവാം ആ പഴയ കാര്യങ്ങളൊക്കെ ഓർമിച്ച് പറഞ്ഞു പോയാൽ പോരായിരുന്നോ'-മുത്തശ്ശിയോർത്തു.

പൂർവ്വകാല സ്മരണകൾ അയവിറക്കികൊണ്ട് അവർ പുരയിടം ചുറ്റാനിറങ്ങിയതാണ്. അവർ തെക്കേപുറത്തുമെത്തി.

വരിക്കപ്ലാവു കണ്ടപ്പോൾ തന്റെ ആത്മസഖി പള്ളിക്കൂടത്തിലേക്ക് ചക്കപ്പഴം കൊണ്ടുവരാറുള്ളത് ലക്ഷ്മിക്കുട്ടി ഓർത്തു. ഇന്നു ചക്കപ്പഴം കാണാനേ അവർക്ക് കഴിയൂ. പട്ടണജീവിതത്തിനിടയിൽ തന്റെ സഹയാത്രികരായ പല രോഗങ്ങളും അവർക്ക് കർശന ഭക്ഷണനിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു. പെട്ടെന്ന് വരിക്കപ്ലാവിൽ ചുററിപ്പടർന്ന് കയറിയ കുമ്പളം ലക്ഷ്മിക്കുട്ടി ശ്രദ്ധിച്ചു.

'ങ്ങേ കുമ്പളം'-ലക്ഷ്മിക്കുട്ടിയുടെ ശബ്ദം ഇടറിയിരുന്നോ?

'എന്താ കുട്ടി കണ്ണ് പററ്ണ്ടായോ'?

'ദൈവമേ തെക്കേപ്പുറത്ത് കുമ്പളമോ' മുത്തശ്ശിക്ക് വേദനതോന്നി ദേഷ്യവും വന്നു. മുഖം വിളറി വെളുത്തു. പരിഭ്രമത്തോടെ അവർ ചോദിച്ചു.

''എന്താ ലക്ഷ്മി എന്താ അതിന്''

''കുട്ടി ഞാൻ സത്യാ പറയണേ തെക്കേപ്പുറത്ത് കുമ്പളം നട്ടുണ്ടായാൽ നട്ടയാൾ മരിക്കും, കണിശാ......കേട്ടു കേൾവിയല്ലാ. അനുഭവോ........എന്റെ അമ്മായി തെക്കേപ്പുറത്ത് കുമ്പളം നട്ടിട്ടാ മരിച്ചേ. പിന്നെ........'' ലക്ഷ്മിക്കുട്ടിക്ക് ഇനിയും തെളിവുകൾ നിരത്താനുണ്ടായിരുന്നു.

''ഈ കുമ്പളം വേണ്ടാകുട്ടി നീയത് വെട്ടികളയ്, അല്ലെങ്കിൽ ദോഷാ, ദോഷം,.... ദോഷം..................

* * * *

ഏതോ ശബ്ദം കേട്ട് ഉണ്ണിയുടെ അമ്മ ഞെട്ടിയുണർന്നു. ലൈററ് തെളിയിച്ചു. 'ങേ, മുത്തശ്ശിയെവിടെ കട്ടിലിൽ കാണുന്നില്ലാ'-അവരുടെ മനസ്സൊന്നാളി. വീട്ടിലെ എല്ലാലൈററും തെളിഞ്ഞു. അതാ തെക്കെപുറത്തെ മുററത്ത് മുത്തശ്ശി തപ്പിതടഞ്ഞു നിൽക്കുന്നു. കൈയിലൊരരിവാൾ, നെററിയിൽ നിന്നു ചോര പൊടിയുന്നുണ്ട്, കൈത്തണ്ടയും കാൽമുട്ടും പൊട്ടിയിട്ടുണ്ട്-

'എന്താ മുത്തശ്ശി ഇത്...അർദ്ധരാത്രിക്ക് എങ്ങോട്ടാ ഒററക്ക് പോയത്?........ വല്ല സ്വപ്നവും കണ്ടു പേടിച്ചോ? കുടുകുടാ വിറയ്ക്കുന്ന മുത്തശ്ശിയെ അവർ കൈപിടിച്ചു കൊണ്ടുപോയി കട്ടിലിൽ കിടത്തി. കമ്പിളി കൊണ്ട് പുതപ്പിച്ച് അവർ ലൈററണച്ചു.

* * * *

നേരം കിഴക്ക് വെളുത്തപ്പോൾ തന്നെ ഉണ്ണി ഉണർന്നു. മുത്തശ്ശിയുടെ അരികിൽ എത്തി. ഉണ്ണിയെക്കാൾ മുൻപ് ഉണരാറുള്ള മുത്തശ്ശിയാണ്, തൊട്ടുണർത്താൻശ്രമിച്ചു ഉണ്ണിയുടെ കയ്യാകെ പൊള്ളിപ്പോയി കടുത്തപനി........

'പാവം മുത്തശ്ശി.......തീപാറുന്നപനി.... ഉറക്കത്തിലാ........ഉണർത്തണ്ടാ' -ഉണ്ണി സ്വയം മന്ത്രിച്ചു.

പതിവുതെററിച്ച് ഉണ്ണിതനിയെ കുമ്പളം കാണാൻ പോയി. തെക്കേപുറത്തെത്തിയ ഉണ്ണിക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല.

കുമ്പളം വെട്ടേററ് നിലത്ത് വാടി കിടക്കുന്നു.

# ഞാളിയത്ത്
# ഏജൻസീസ്

**കല്ലുക്കാരൻ ഷോപ്പിങ്ങ് കോംപ്ലക്സ്**

**അങ്കമാലി**

DECORA
GLAZED TILES

**ഡെക്കോറ ഗ്ലേസ്ഡ് ടൈൽസിൻെറ**
**അങ്കമാലിയിലെ ഏക അംഗീകൃത വ്യാപാരി**

ഗ്ലേസ്ഡ് ടൈൽസ്, ഫ്ളോറിങ്ങ് ടൈൽസ് ഡെക്കോറേറ്റീവ് ടൈൽസ്
എന്നിവ മിതമായ നിരക്കിൽ ലഭിക്കുന്നു.

Ph: 2352

---

**C. J. STATIONARY**
**CHATTUGAL TORIST HOME**

**SHIN MIRROR**

**ANGAMALY**

---

# ★ BODHI COLLEGE ★

**ATHANI**

**Tution For**

MATHS, PHYSICS, CHEMISTRY, ACCOUNTANCY, COSTING, STATISTICS Etc.
B. Com-CO-OPERATION CLASS
C A FOUNDATION COURSE
(Minimum Eligibility P.D.C.)

Principal



# അന്വേഷണം

ഇരുളിന്റെ മറവിൽ ഒരു കൂടുതേടി
അലയുന്നു ഞാൻ നേർച്ചയാടുപോലെ.
അലയുന്നിതെൻ മനം ലക്ഷ്യമാം കൂടിന്റെ
അഴകുററ വാതായനങ്ങൾ തേടി
അറിയുന്നതുണ്ടു ഞാൻ മിഥ്യയാണിത്രയു-
മഴകുററ ഭൂലോക ഗോപുരങ്ങൾ.
അളവററയസ്വസ്ഥ ചിന്തതൻ ലോകത്തിൽ
അററം തേടിയലയുന്നു ഞാനിപ്പോഴും.
അടയുന്നു വാതിലെൻ മുന്നിലും പിന്നിലും
അന്യമാമീലോക മാളികയിൽ.
ഞാനെന്ന ഭാവ മുരുകുന്നിതെന്നുടെ
അഗ്നിസ്വരൂപിയാം ചിന്തകളിൽ.

വി. കെ. സതീഷ്
BOTANY RESEARCH SCHOLAR

# സൗഹൃദം പേറുന്ന ആന്ദോളനങ്ങൾ

ഷെർമിന കെ. ബി.
I P.D.C. II GROUP

"ഡീക്യൂ, ഡീക്യൂ ....................."
റേഡിയോ, ശ്രീലങ്കയിൽ നിന്നും മലയാളം ചലച്ചിത്രഗാനം കേൾക്കാൻ ആശിച്ച് റേഡിയോ ഓൺ ചെയ്ത ഇന്ദു ആ ശബ്ദം കേട്ട് കുറച്ച് ശ്രദ്ധിച്ചു. അതൊരു സൗഹൃദസംഭാഷണത്തിന്റെ ആരംഭമായിരുന്നു എന്നവൾക്ക് മനസിലായി. ജപ്പാനിലെ ഒരു റേഡിയോ സുഹൃത്തും ഇന്ത്യയിലെ ഒരു ഹാമുമായി സൗഹൃദസംഭാഷണത്തിനു വഴിയൊരുക്കുകയായിരുന്നു. ആ "ഡീക്യൂ" ശബ്ദം. ആ രണ്ട് റേഡിയോ സുഹൃത്തുക്കളും ജീവിതത്തിൽ ഒരിക്കൽ പോലും നേരിട്ടു കണ്ടിട്ടില്ല? പക്ഷേ അവർ ചിരകാലസുഹൃത്തുക്കളാണ്-റേഡിയോ സംഭാഷണങ്ങളിലൂടെ.

അങ്ങനെ എത്രയോ ലക്ഷം റേഡിയോ സുഹൃത്തുക്കൾ ഈ ലോകത്തുണ്ട്! ചിരപരിചിതർ, പക്ഷേ നേരിട്ടൊരിക്കലും കണ്ടിട്ടില്ല. ശബ്ദം കേട്ടാൽമതി അപരന് ആളെ തിരിച്ചറിയാൻ. ജോർഡാനിലെ ഹുസൈൻ രാജാവും, ഇന്ത്യയിലെ അമിതാബച്ചനും, കമലഹാസനും അന്തരിച്ച രാജീവ്ഗാന്ധിയും മാത്രമല്ല. സ്കൂൾ വിദ്യാർത്ഥിയായ രാജേഷ് വരെ ഈ റേഡിയോ സുഹൃദ് വലയത്തിലെ കണ്ണികളാണ്. ഒരു ഹോബിയെന്ന നിലയിൽ റേഡിയോ വഴി സൗഹൃദസംഭാഷണം നടത്തുന്നവർ ഹാമുകൾ എന്നപേരിൽ അവർ അറിയപ്പെടുന്നു.

നല്ല ഒരു സയൻറിഫിക് ഹോബിയാണ് ഹാമിങ്ങ്. ലോകത്തിൻെറ ഏതു ഭാഗത്ത് നിന്നും സുഹൃത്തുക്കളെ സമ്പാദിച്ച് നിത്യ സംഭാഷണത്തിൽ ഏർപ്പെടാം. ഒരു ഹാം റേഡിയോ ഉണ്ടായിരിക്കണം എന്നുമാത്രം. ദൂരദർശൻെറ ചിത്രഹാർ പരിപാടി കണ്ടുകഴിഞ്ഞ് ഹാം റേഡിയോ പ്രവർത്തിപ്പിക്കാൻ ആരംഭിച്ച ഇന്ത്യൻ സുഹൃത്തിനോട് ഹ്രസ്വസംഭാഷണത്തിന് ശേഷം, " നേരം പാതിരാ കഴിഞ്ഞിരിക്കുന്നു. ഭാര്യ കാത്തിരിക്കുന്നു. നാളെ കാണാം. ഗുഡ് നൈറ്റ് " എന്ന് പറഞ്ഞ് സൗഹൃദ സംഭാഷണത്തിന് വിരാമമിടുന്ന ജാപ്പാൻ സുഹൃത്ത് ഒരപൂർവ്വാനുഭവമാണ് നൽകുന്നത്.

വയർലസ് വഴി സൗഹൃദഭാഷണത്തിൽ ഏർപ്പെടാൻ ഓരോ രാഷ്ട്രത്തിലേയും സർക്കാരുകൾ നൽകുന്ന ലൈസൻസ് ആവിശ്യമാണ് അല്ലാതെയുള്ള പ്രവർത്തനങ്ങൾ നിയമവിരുദ്ധമാണ് ശിക്ഷാർഹവും. ഇന്ത്യയിൽ ഹാമിങ്ങിന് ലൈസൻസ് നൽകുന്നത് ടെലികമ്യൂണിക്കേഷൻ വകുപ്പാണ്. ലൈസൻസിന് യോഗ്യത നിശ്ചയിക്കാൻ അവർ ഒരു പരീക്ഷ നടത്തുന്നു-ലഘുവായ ഒരു ടെസ്റ്റ് ഇലക്ട്രോണിക്സിൽ പ്രാഥമിക പരിജ്ഞാനവും ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവും ഉണ്ടെങ്കിൽ ഈ പരീക്ഷ നിഷ്പ്രയാസം പാസാകാവുന്നതേയുള്ളൂ. ലൈസൻസെടുത്ത് ഹാമിങ്ങെന്ന മഹത്തായ ഹോബിയിൽ ഏർപ്പെടുന്നതിൽ സ്കൂൾ വിദ്യാർത്ഥികൾ വരെയുണ്ട്.

ഈ ഹോബിയുടെ ചെലവിനെക്കുറിച്ച് സാധാരണ ചോദിച്ചു കേൾക്കാറുണ്ട്. മറ്റേതൊരു ഹോബിക്കുമെന്നപൊലെ ഇതിനും പ്രത്യേക പരിധിയൊന്നുമില്ല. ഒരോരുത്തരുടേയും പോക്കറ്റിൻെറ കഴിവനുസരിച്ച് ചെലവ് നിയന്ത്രിക്കാം. ആയിരക്കണക്കിന് രൂപ ചെലവു ചെയ്ത് എല്ലാ സൗകര്യങ്ങളോടും കൂടിയ വയർലസ്സ് സെററ് ഇറക്കുമതി ചെയ്ത് പ്രവർത്തിപ്പിക്കുന്ന സമ്പന്നർ മുതൽ മുന്നൂറ് രൂപയോളം മാത്രം ചെലവു ചെയ്ത് വീട്ടിലിരുന്ന് ട്രാൻസ്മീററുണ്ടാക്കി പ്രവർത്തിപ്പിക്കുന്ന വിദ്യാർത്ഥികൾ വരെയുണ്ട്.

അധിനിവേശത്തെ തുടർന്ന് കുവൈററിൽ വാർത്താവിനിമയ സംവിധാനം തകരാറായ സന്ദർഭത്തിൽ കേരളത്തിലുള്ളവർക്ക് അവിടെ കുടുങ്ങിപ്പോയ ബന്ധുക്കളെ കുറിച്ചുള്ള വിവരങ്ങൾ നൽകാൻ ഹാം റേഡിയോ ഒട്ടൊന്നുമല്ല സഹായിച്ചത്. ഹാം റേഡിയോ തൽപ്പരനായ ഷാജി എന്ന കേരളീയൻ എംബസിക്കും ഇന്ത്യക്കുമിടയിൽ വാർത്താവിനിമയം സ്ഥാപിച്ചു കൊടുത്തു. എംബസി ബഗ്ദാദിലേക്കു മാററപ്പെടുകയും ഇന്ത്യയുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിക്കപ്പെടുകയും ചെയ്തതോടെ സാൽമിയിലുള്ള ഇന്ത്യൻ സ്കൂളിന്റെ മുകളിലത്തെ നിലയിലെ ഒരു ക്ലാസ് മുറിയിൽ നിന്ന് ഷാജി വാർത്താവിനിമയ സേവനം തുടർന്നു. തിരുവനന്തപുരത്തെയും കോട്ടയത്തേയും ഹാമുകളുമായി മലയാളത്തിൽ സന്ദേശങ്ങൾ കൈമാറി കേരളീയർക്ക് ആശ്വാസം പകരാനും ഷാജിക്ക് കഴിഞ്ഞിരുന്നു. കണ്ടുപിടിക്കപ്പെട്ടാൽ തല പോകുമെന്നറിഞ്ഞു കൊണ്ടുതന്നെ ഈ നിസ്വാർത്ഥ സേവനം നൽകുകയായിരുന്നു ഷാജി. അങ്ങനെ എത്രയെത്ര നിസ്വാർത്ഥ സേവനങ്ങളുടെ കഥകൾ പറയാനുണ്ട് ഹാമുകൾക്ക് !!


**SURYA ROCK PRODUCTS, NEELEESWARAM**

ANGAMAY - KURISUMUDI ROAD

PHONE: FACTORY: 2908
OFFICE: 2933
RESI: 2423
HOTEL PRESTIGE: 2737

We deliver:- 20 mm, 13.7 mm, 12 mm, 6mm Crusher metals and Crusher dust, most suited for Roads and Buildings, through our own conveyance on order.

Managing partner
**P. M. ANTONY, PUTHEAN.**

---

**★ INDIAN ACADEMY OF COMPUTER TECHNOLOGY ★**

Mun. Complex. Near Old KSRTC Stand-N. PARUR. Ph: 2894

★ I GDCA, UNIX, CAD, DTP

★ MCA ENTRANCE Coaching

★ OKA LEVEL COURSE
(GOVT. OF INDIA EXAMS)

# PROFESSIONAL TRAINING CENTRE

**St. George Complex**

**R. S. Road Aluva**

**ENROLL TODAY !**

**AND SAY**

**GOOD BYE**

**To**

**Unemployment worries**

# നഷ്ട വർഷത്തിന്റെ നിഴൽ പാടുകൾ



## കോളേജ് യൂണിയൻ

സപ്തതി പിന്നിടുന്ന നമ്മുടെ കലാലയത്തിന്റെ കഴിഞ്ഞ അദ്ധ്യയന വർഷത്തിലെ യൂണിയൻ പ്രവർത്തന റിപ്പോർട്ട് നിങ്ങളുടെ സമക്ഷം സ്നേഹപൂർവ്വം സമർപ്പിക്കട്ടെ.

1991 ഒക്ട്: 29-ാം തീയതി നടന്ന വീറും വാശിയുമേറിയ കലാലയ യൂണിയൻ തെരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ ഈ അദ്ധ്യയന വർഷത്തിലെ കോളേജ് യൂണിയൻ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടു. യു. സി. യിലെ വിദ്യാർത്ഥികളുടെ പ്രബുദ്ധത വിളിച്ചറിയിക്കുന്നതായിരുന്നു പ്രസ്തുത തെരഞ്ഞെടുപ്പ് ഫലം. ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെയും സ്റ്റാറ്റിസ്റ്റിക്സ് അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ഇക്കണോമിക്സ് വിദ്യാർത്ഥികൾ നടത്തിയ സർവ്വേ റിപ്പോർട്ട് അക്ഷരം പ്രതി ശരിയായ ഒന്നായിരുന്നു തെരഞ്ഞെടുപ്പ് ഫലം.

| | | | |
|---|---|---|---|
| ചെയർമാൻ | — | ശ്രീ. പി. വി. യാക്കോബ് | II M A |
| വൈസ് ചെയർമാൻ | — | കുമാരി ശ്രീജ ജിസ് | III B Sc. |
| ജന: സെക്രട്ടറി | — | ശ്രീ. ജോസൺ മണവാളൻ | II B A |
| യൂണി. യൂണി: കൗൺസിലേഴ്സ് | — | എം. ഒ. ജോർജ്. | II M A |
| | | നൗഷാദ് കെ. എ | III B A |
| മാഗസിൻ എഡിറ്റർ | — | മാർട്ടിൻ എം. പി. | II B A |
| ആർട്ട്സ് ക്ലബ് സെക്ര: | — | ശ്രീ. ബിജു ജി. നായർ | II B Sc. |
| വനിതപ്രതിനിധികൾ | — | കുമാരി സുനിത രാജൻ ഉറുമ്പത്ത് | I B Sc. |
| | | കുമാരി മേരി എവിൽ ജോസഫ് | II B Sc. |

## റിപ്പോർട്ട് 91-92

## ക്ലാസ് റെപ്രസെന്ററ്റീവ്സ്

| | | | |
|---|---|---|---|
| മുഹമദ്ഗദാഫി | I PDC | പ്രമോദ് കുമാർ | II PDC |
| എം. ബാലചന്ദ്രൻ | I DC | സുധീഷ്കുമാർ | II DC |
| മധുസൂദനൻ. ജി | III DC | ജോബിവർഗീസ് | I PG |
| കെ. സി. ഡേവീസ് | II PG | | |

ഈ അദ്ധ്യയന വർഷത്തിലെ സ്റ്റാഫ് അഡ്വൈസറായി മാത്തമാറ്റിക്സ് വിഭാഗം അദ്ധ്യാപകൻ പ്രൊഫ. എ. സണ്ണികുര്യാക്കോസ് അവർകളേയും ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ ഡോ: എം. ഗോപിനാഥൻ അവർകളെയും പ്രിൻസിപ്പാൾ നിയമിച്ചു.

കേരള പിറവി ദിനമായ നവംബർ 1-ന് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. ബഹു. പ്രിൻസിപ്പാൾ സത്യവാചകം ചൊല്ലിക്കൊടുത്തു. സ്റ്റാഫ് അഡ്വൈസർ പ്രൊഫ: എ. സണ്ണികുര്യാക്കോസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ ഡോ: എ. ഗോപിനാഥ് നന്ദിയും പറഞ്ഞു. വിദ്യാർത്ഥികൾക്ക് നന്ദി രേഖപ്പെടുത്തിയ ഭാരവാഹികൾ ആത്മാർത്ഥമായി പ്രവർത്തിക്കുമെന്ന് ഉറപ്പ് നൽകി.

ചെയർമാൻ പി. വി. യാക്കോബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രഥമയോഗത്തിൽ താഴെ പറയുന്നവരെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു. ജനറൽക്യാപ്റ്റൻ ശ്രീ: രാജ ടോമി II B Sc, എസ് സി / എസ് റ്റി പ്രതിനിധി ശ്രീ. ശിവൻ P.C. II P D C, പ്ലാനിംഗ്ഫോറം സെക്രട്ടറി സുരേഷ്കുമാർ ടി. I B A, സിനിക്ലബ്ബ്സെക്രട്ടറി നസറുദീൻ എം.എ. ഡിബേറ്റിങ് ക്ലബ്ബ് സെക്രട്ടറി സന്തോഷ് ഡി. III B A, ക്വിസ് ക്ലബ്ബ് സെക്രട്ടറി ശ്രീ. മർഫി മാത്യു II P D C, എസ്. എസ്. ലീഗ് ശ്രീ. റെനീഷ് ടോമി, ക്യാന്റീൻ സെക്രട്ടറി: ശ്രീ. ബിജു ഡൊമിനിക് I BA. മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായി ഡേവീസ്. എം. ജെ., സഞ്ജിത്ത് എം. എൻ., അനിൽ അഗസ്റ്റിൻ എന്നിവരെയും നിയമിച്ചു.

## യൂണിയൻ ഉദ്ഘാടനം

നവം: 22ന് യൂണിയൻ ചെയർമാൻ ശ്രീ. പി. വി. യാക്കോബിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരള നിയമസഭയുടെ ആരാധ്യനായ അദ്ധ്യക്ഷൻ (സ്പീക്കർ) ശ്രീ. **പി. പി. തങ്കച്ചൻ** അവർകൾ യൂണിയൻ ഉദ്ഘാടനം നിർവ്വഹിച്ചു. രാഷ്ട്രീയത്തിനതീതമായി യൂണിയൻ പ്രവർത്തനങ്ങൾക്ക് സഹകരിക്കണമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ ചെയർമാൻ അഭ്യർത്ഥിച്ചു.

വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വളർന്നുവന്ന സ്പീക്കറുടെ പ്രസംഗം പക്വത വന്ന യഥാർത്ഥ നേതാവിന്റേതായിരുന്നു. കലാലയ യൂണിയൻ, കലാലയത്തിലെ മുഴുവൻ വിദ്യാർഥികളുടെയും ഉയർച്ചക്കുവേണ്ടി പ്രവർത്തിക്കണമെന്നും അനാവശ്യ സമരങ്ങളും വിദ്യാർഥി സംഘട്ടനങ്ങളും ഒഴിവാക്കണമെന്നും അദ്ദേഹം സ്നേഹപൂർവ്വം വിദ്യാർത്ഥികളോട് അഭ്യർത്ഥിച്ചു. വിദ്യാർത്ഥികളുടെ സർഗാത്മികമായ കഴിവുകളെ വികസിപ്പിക്കാൻ കഴിയുമാറുള്ള ഒരു കലാലയ യൂണിയനായി ഇത് മാറട്ടെയെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രസിദ്ധ ചിത്രകാരൻ ശ്രീ. **എം. വി. ദേവൻ** ആർട്ട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. കലയുടെ യഥാർത്ഥ പ്രയോഗം കൊണ്ട് അന്ധവിശ്വാസങ്ങളെയും ദുരാചാരങ്ങളെയും സമൂഹത്തിൽ നിന്ന് തുടച്ച് നീക്കാൻ സാധിക്കുമെന്ന് ശ്രീ. ദേവൻ സൂചിപ്പിച്ചു. ആശംസപ്രസംഗത്തിൽ ശ്രീ. ഒ. പി. ജോസഫ് ഗുരു നിത്യചൈതന്യയതിയുടെയും, ഡോ: പി. സി. അലക്സാണ്ടറുടെയുമൊപ്പമുള്ള പൂർവ്വകാല കുസൃതികൾ അയവിറക്കിയപ്പോൾ പുതിയ തലമുറ അവയെ ഹർഷാരവത്തോടെ സ്വീകരിച്ചു.

ജനറൽ സെക്രട്ടറി ശ്രീ. ജോസൺ മണവാളൻ സ്വാഗതവും ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി ശ്രീ. ബിജു ജി. നായർ നന്ദിയും പറഞ്ഞ ചടങ്ങിൽ ബഹുമാനപ്പെട്ട പ്രിൻസിപ്പൽ പ്രൊഫസർ സി. ജെ തോമസ്, സ്റ്റാഫ് അഡ്വൈസർ ശ്രീ. ഏ സണ്ണി കുരിയാക്കോസ്, ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ ഡോ: എ. ഗോപിനാഥൻ, വൈസ് ചെയർമാൻ കുമാരി ശ്രീജ ജി. എസ്. തുടങ്ങിയവർ പ്രസംഗിച്ചു.

കായിക രംഗത്ത് നമ്മുടെ കലാലയത്തിന്റെ അഭിമാനമായി മാറിയ II BA വിദ്യാർഥി **ടെനി വർഗീസിനും** (റെക്കോഡ് ഇന്റർ വാഴ്സിറ്റി ജാവലിൻ ത്രോ) ശശി പി. സി., ജോസഫ് വി. വി. എന്നിവർക്കും യോഗത്തിൽ വച്ച് യൂണിയൻ വക പാരിതോഷികം നൽകി.

കുമാരി ശ്രീജയുടെ മോഹിനിയാട്ടവും ഷബിറിന്റെ ബ്രേക്ക് ഡാൻസും നമ്മുടെ വിദ്യാർഥികളുടെ ഗാനമേളയും ഉദ്ഘാടന ചടങ്ങിന് ഉത്സവഛായ നൽകി.

സാമ്പത്തികമായി ബുദ്ധിമുട്ടിലായിരുന്ന കോളേജ് യൂണിയൻ ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി വിതരണം ചെയ്ത സംഭാവന കൂപ്പണുകൾ വാങ്ങി കോളേജ് യൂണിയനോട് സഹകരിച്ച മുഴുവൻ വിദ്യാർഥി വിദ്യാർഥിനികളോടും കോളേജ് യൂണിയനുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തട്ടെ.

ജന. സെക്രട്ടറി ജോസൺ മണവാളൻ കോളേജിൽ നിന്ന് പോയതിനെതുടർന്ന് വനിതാ പ്രതിനിധി കുമാരി. മേരി എമിൽ ജോസഫിനെ ആക്ടിംഗ് ജനറൽ സെക്രട്ടറിയായി യൂണിയൻ ഏകകണ്ഠമായി നിയോഗിച്ചു.

## യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവൽ

യൂണിവേഴ്സിറ്റി യൂത്ത്ഫെസ്റ്റിവലിൽ പങ്കെടുക്കുന്ന വിദ്യാർഥികളെ ജനുവരി 10-ന് നടന്ന സെലക്ഷനിലൂടെ തെരഞ്ഞെടുത്തു. ഫോട്ടോഗ്രാഫിയിൽ രണ്ടാം സ്ഥാനം നേടിയ I PDC യിലെ അനിയനെയും ചെറുകഥാരചനയിൽ രണ്ടാം സ്ഥാനം നേടിയ III DC യിലെ ഡി. സന്തോഷിനേയും കാവ്യകേളിയിൽ മൂന്നാം സ്ഥാനം നേടിയ I DC യിലെ ബി. രശ്മിയെയും പ്രത്യേകം അഭിനന്ദിയ്ക്കുന്നു.

## മത്സരങ്ങൾ

'ഗാന്ധിഫെസ്റ്റ്' കൂടാതെ സംസ്ഥാനത്തെ കലാലയ വിദ്യാർഥികൾക്കായി നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ നമ്മുടെ കലാലയത്തിലെ നിരവധി വിദ്യാർഥികൾ സമ്മാനർഹരായി എന്ന വസ്തുത സന്തോഷത്തോടെ അറിയിക്കട്ടെ.

കാലടി ശ്രീശങ്കര കോളേജ് സംഘടിപ്പിച്ച ഇന്റർ കോളേജിയറ്റ് ലൈറ്റ്മ്യൂസിക് മത്സരത്തിൽ **വഹീദാബീഗം** III BSc ഒന്നാം സ്ഥാനവും തിരുവനന്തപുരം പ്രസ്ക്ലബ്ബ് സംഘടിപ്പിച്ച ഡിബേറ്റിങ് മത്സർത്തിൽ ജോസൺ പി. ഡി., ജോർജ് എം. ഒ. എന്നിവരടങ്ങിയ ടീം മൂന്നാം സ്ഥാനവും, തിരുവനന്തപുരം ലോ കോളേജ് സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ ശ്രീ. സുനിൽ രാജ്. എസ്. II M A, ശ്രീ. കിരൺ മാത്യു II M A എന്നിവരടങ്ങിയ ടീം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഈ അദ്ധ്യയന വർഷത്തിലെ ഡിബേറ്റിംഗ് ക്ലബ്ബിന്റെ ഉദ്ഘാടനം വൈസ് ചെയർമാൻ കുമാരി ശ്രീജ. ജി. എസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബഹു: പ്രിൻസിപ്പാൾ നിർവ്വഹിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് ''ക്രിക്കറ്റ് ഒരു ദേശീയ വിപത്ത്'' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു സംവാദം സംഘടിപ്പിക്കപ്പെട്ടു. ഡോ: എ. ഗോപിനാഥൻ അവർകളായിരുന്നു **മോഡറേറ്റർ.** ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആനുകാലിക പ്രാധാന്യമുള്ള നിരവധി വിഷയങ്ങളെ ആസ്പദമാക്കി ഡിബേററ് സംഘടിപ്പിക്കപ്പെട്ടു.

യൂണിയന്റെ നേതൃത്വത്തിലുള്ള ക്വിസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ദിവസങ്ങളിൽ ക്വിസ് മത്സരങ്ങൾ നടത്തുകയുണ്ടായി. വ്യക്തിഗതമത്സരത്തിൽ III BSc യിലെ അജിത് സി. യും ക്ലാസ്സടിസ്ഥാനത്തിൽ നടന്ന മത്സരത്തിൽ സുബാഷ് തോമസിന്റെ നേതൃത്വത്തിലുള്ള III DC ടീം ഒന്നാം സ്ഥാനവും ജിൻസൻ ജോസഫ് രമേഷ് ഡി. നായർ എന്നിവർ നയിച്ച I DC രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികളെയും ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

സിനിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12, 13, 14, തീയതികളിൽ വിനോദപ്രദവും വിജ്ഞാനപ്രദവുമായ സിനിമകൾ നടത്തപ്പെട്ടു.

## ആർട്ട്സ് ഫെസ്റ്റിവൽ

ഈ അദ്ധ്യയന വർഷത്തിലെ ആർട്ട്സ് ഫെസ്റ്റിവൽ ജനുവരി 27, 28 തീയതികളിലായി നടത്തപ്പെട്ടു. ചെയർമാൻ പി. വി. യാക്കോബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സ്റ്റാഫ് അഡ്വൈസർ എ സണ്ണികുര്യാക്കോസ് അവർകൾ മേള ഉദ്ഘാടനം ചെയ്തു. ബിജു ജി. നായർ സ്വാഗതവും കെ. സി. ഡേവിസ് നന്ദിയും പറഞ്ഞ ചടങ്ങിൽ ഡോ: എ. ഗോപിനാഥൻ, ജനറൽ സെക്രട്ടറി മേരി എമിൽ ജോസഫ്, ജോർജ് എം. ഒ. തുടങ്ങിയവർ സംസാരിച്ചു.

കലാപ്രതിഭയായി III B Sc (phy) ലെ രാജീവ് ഡി. നായരും കലാതിലകമായി III BA (psy) ലെ എം. ആർ. സുജാതയും തെരഞ്ഞെടുക്കപ്പെട്ടു. ഏറ്റവുംകൂടുതൽ പോയിന്റ് നേടിയ ജോബി വർഗീസ് I MA ബെസ്റ്റ് പെർഫോർമെൻസ് അവാർഡിനർഹമായി. വിജയികൾക്ക് ട്രോഫികളും സമ്മാനങ്ങളും കോളേജ്ദിനാഘോഷത്തോടനുബന്ധിച്ച് ചേർന്ന യോഗത്തിൽ വിതരണം ചെയ്തു.

ഈ അദ്ധ്യയന വർഷത്തിലെ വാർഷിക കായിക മേള ഫെബ്രുവരി 18, 19 തിയതികളിൽ നടത്തുകയുണ്ടായി. ദീപശിഖപ്രയാണത്തോടുകൂടി ആരംഭിച്ച മേളയിൽ ജോബി വർഗീസ് നയിച്ച റെഡ്ഹൗസ് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സമാപനയോഗത്തിൽ മുഖ്യാതിഥിയായിരുന്ന ക്രൈംബ്രാഞ്ച് S P ശ്രീ. ജേക്കബ്. പി. തോമസ് സമ്മാനദാനം നിർവ്വഹിച്ചു.

കേവലം തരിശ് ഭൂമിയായി കിടന്ന ഈ യു. സി. മേഖലയിൽ ആദർശത്തിന്റെ നിറകുടമായി മദ്ധ്യ തിരുവിതാംകൂറിലെ ഏറ്റവും നല്ല കലാലയങ്ങളിലൊന്നിന് ജന്മം കൊടുത്ത് ആയിരക്കണക്കിന് വിദ്യാർഥികൾക്ക് അറിവുംനൂറുകണക്കിന് അധ്യാപകർക്ക് അനുഭവവും നേടുവാൻ അവസരമുണ്ടാക്കിയവരിൽ പ്രമുഖനും കലാലയത്തിന്റെ പ്രഥമ പ്രിൻസിപ്പലുമായിരുന്ന ഡോ: എ. എം. വർക്കി അവർകളുടെ ജൻമ ശതാബ്ദിയോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണക്കായി നിർമ്മിച്ചിരിക്കുന്ന വർക്കി മെമ്മോറിയൽ അസംബ്ലി ഹാളിൽ ജനുവരി 31- ന് ഒരു അനുസ്മരണ സമ്മേളനം നടന്നു. കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷൻ ഡോ: കെ. എം. തരകൻ റെവ: ഡോ: കെ. സി. ജോസഫ്, മാനേജർ പ്രൊഫ: സി. റ്റി. ബെഞ്ചമിൻ, ചെയർമാൻ പി. വി. യാക്കോബ് എന്നിവർ പങ്കെടുത്ത ചടങ്ങിൽ പ്രിൻസിപ്പൾ സ്വാഗതവും ഡോ: എ. ഗോപിനാഥൻ നന്ദിയും പറഞ്ഞു.

1921-ൽ സ്ഥാപിതമായ നമ്മുടെ കലാലയത്തിന്റെ സപ്തതിയോടനുബന്ധിച്ച് ഫെബ്രുവരി മാസം 26-ാം തീയതി ''സപ്തതിയിലെത്തിയ യു. സി. കോളേജ്'' എന്ന വിഷയത്തെപ്പറ്റി കോളേജ്യൂണിയന്റെയും മാഗസിൻ കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ

ഒരു സെമിനാർ സംഘടിപ്പിച്ചു. ചെയർമാൻ പി. വി. യാക്കോബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജ: ടി. ചന്ദ്രശേഖരമേനോൻ ഉദ്ഘാടനം ചെയ്തു. അധ്യാപകരുടെയും അനധ്യാപകരുടെയും മുഴുവൻ വിദ്യാർഥികളുടെയും വിശാലമനഃസ്ഥിതിയോടുള്ള സമീപനം കൊണ്ടുമാത്രമേ കലാലയത്തിന് പുരോഗതിയും നേട്ടങ്ങളും കൈവരിക്കുന്നതിന് സാധിക്കുകയൊള്ളുയെന്ന് ചെയർമാൻ യാക്കോബ് എടുത്തുപറഞ്ഞു. മൂല്യാധിഷ്ഠിതമായ ഒരു ജീവിതമാണ് വിദ്യാർഥികൾക്കിന്ന് ആവശ്യമെന്ന് ഉദ്ഘാടകൻ സൂചിപ്പിച്ചു. പൂർവ്വ വിദ്യാർഥികളായ മേജർ വി. എസ്. എം. മക്കാർ, ഡോ: സുന്ദർരാജ് തുടങ്ങിയവർ യഥാർത്ഥ വിദ്യാർഥി, യഥാർത്ഥ അധ്യാപകൻ എന്നിവരുടെ ചിത്രം സദസിന് നൽകി. അദ്ധ്യാപകരുടെ പ്രതിനിധി ക്യാപ്റ്റൻ രാജൻ വർഗീസ്, അനദ്ധ്യാപകരുടെ പ്രതിനിധി അക്കൗണ്ടന്റ് ശ്രീ. ടി. വി. പൗലോസ്, ബഹു. പ്രിൻസിപ്പാൾ, രാജീവ് ഡി. നായർ, ജോസൺ പി. ടി. തുടങ്ങിയവർ സംസാരിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി മേരി എമിൽ സ്വാഗതവും വൈസ് ചെയർമാൻ കുമാരി. ശ്രീജ ജി. എസ്. നന്ദിയും രേഖപ്പെടുത്തി.

അന്നേദിവസം ഉച്ചതിരിഞ്ഞ് സംഘടിപ്പിച്ച നാടകോത്സവത്തിൽ ആനുകാലിക പ്രസക്തിയുള്ള സംഭവങ്ങളെ ചേർത്തിണക്കി കൊണ്ട് അവതരിപ്പിച്ച നാടകങ്ങൾ ഏറെ ആകർഷണീയമായിരുന്നു. ശ്രീ. **ജോബി വർഗ്ഗീസ്** മികച്ച നടനായും ശ്രീ. സജീവ് കെ.ബി. സഹനടനായും തെരഞ്ഞെടുക്കപ്പെട്ടു.

ഫെബ്രുവരി 29-നായിരുന്നു കോളേജ് ദിനാഘോഷം. ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എറണാകുളം സബ്-കളക്ടർ കുമാരി ഡോ: **ആഷാ തോമസ്** IAS ദിനാഘോഷം ഉദ്ഘാടനം ചെയ്തു. മലയാള ചലച്ചിത്ര രംഗത്തെ ഹാസ്യ സാമ്രാട്ട് **ശ്രീ. ഇന്നസെന്റ്** മുഖ്യാതിഥിയായിരുന്നു. തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ സദസ്യരെ കൈയിലെടുത്ത ഇന്നസെന്റ് തുടക്കം മുതൽ ഒടുക്കം വരെ ചിരിക്കുവാനും വകയൊരുക്കി. സുനിതാ രാജൻ ഉറുമ്പത്ത് സ്വാഗതവും എഡിറ്റർ മാർട്ടിൻ എം. പി. നന്ദിയും പറഞ്ഞ ചടങ്ങിൽ അഡ്വ. ബിനോയ് തോമസ്, പ്രൊഫസർ ജെയിംസ് ജയരാജ്, ഡോ: എ. ഗോപിനാഥൻ, എ. സണ്ണി കുര്യാക്കോസ്, ശ്രീ. നൗഷാദ് കെ. എ. തുടങ്ങിയവർ സംസാരിച്ചു. കോളേജിന്റെ പ്രവർത്തന റിപ്പോർട്ട് പ്രിൻസിപ്പാളും യൂണിയൻ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി മേരി എമിൽ ജോസഫും അവതരിപ്പിച്ചു. പ്രൊഫ: ജെയിംസ് ജയരാജ് സമ്മാനങ്ങൾ വിതരണം ചെയ്തു. യോഗാനന്തരം കലാലയത്തിലെ വിദ്യാർത്ഥികളുടെ കലാപരിപാടിയും നാദം ഓർക്കസ്ട്രയുടെ ഗാനമേളയും പരിപാടികൾക്ക് കൊഴുപ്പേകി.

## സ്വീകരണം നൽകി

എം. ജി. സർവ്വകലാശാല നടത്തിയ പ്രീഡിഗ്രി പരീക്ഷയിൽ റാങ്ക് നേടിയ നമ്മുടെ കലാലയത്തിലെ വിദ്യാർത്ഥി **ശ്രീ. സുജയ് വി. കുമാറിന്** കോളേജ് യൂണിയന്റെയും പി. ടി. എ. യുടെയും സംയുക്താഭിമുഖ്യത്തിൽ സ്വീകരണവും പാരിതോഷികവും നൽകി. ചടങ്ങിൽ സംസാരിച്ച യൂണിയൻ ഭാരവാഹികളും പി. ടി. എ. ഭാരവാഹികളും ശ്രീ. സുജയിനെ അഭിനന്ദിക്കുകയും തുടർന്നുള്ള പഠനത്തിൽ ഉയർന്ന വിജയം നേടുവാൻ ഇടവരുത്തട്ടെയെന്ന് ആശംസിക്കുകയും ചെയ്തു.

പുതുക്കി പണിത നമ്മുടെ അസംബ്ലി ഹാളിലേക്ക് ആവശ്യമായ ഫാനുകൾ നൽകുവാൻ യൂണിയൻ ഏകകണ്ഠമായി തീരുമാനിച്ചു.

പരിമിതികളും പരാധീനതകളും ഏറെയുണ്ടായിരുന്നിട്ടും എല്ലാതരത്തിലും യൂണിയനെ സഹായിച്ച മുഴുവൻ അദ്ധ്യാപകരോടും അനദ്ധ്യാപകരോടും മുഴുവൻ വിദ്യാർഥികളോടും പ്രത്യേകിച്ച് പ്രിൻസിപ്പാൾ, സ്റ്റാഫ് അഡ്വൈസർ, ആർട്ട്സ് ക്ലബ്ബ് അഡ്വൈസർ, കക്ഷിഭേദമന്യേ സഹകരിച്ച മുഴുവൻ കോളേജ് യൂണിയൻ ഭാരവാഹികളോടും നന്ദിരേഖപ്പെടുത്തികൊണ്ട് കഴിവുററതും മികവുററതുമായ കോളേജ് യൂണിയനുകൾ ഭാവിയിൽ പിറക്കട്ടെ എന്നാശംസിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

**മേരി എമിൽ ജോസഫ്**
(ആക്ടിങ്ങ് ജന: സെക്രട്ടറി)



# INDIA THE U.S.-BEFRIENDED FOES?

*YELDO ELIAS THOMBRA II BA HISTORY*

For an observor of international politics, the course of the bilateral relationship between India and the U S is a subject of considerable interest. As the two nations are the world's two democratic super-powers-India being the most populous, and the U . S. the numero uno econo_ militory musckman - this topic is of considerable importance in international studies also.

What is the U. S. to India? An estranged friend or a befriended, foe? Or just a suspicicu "Uncleji"? An impartial analysis is necessary for a proper decision Historically, India had been the subject of a suspicious U. S. approach due to its sympathy to socialism and the NAM which was often equated with soft-heartedness towards the now-defunct communist bloc This, plus the friendly American attitude towards Pakistan, India's "born enemy" led to a lot of cloak-and-dagger diplomatic operations in the past. But with the global scenario undergoing dramatic changes and India opening up its economy, the prospectus of a better relationship has brightened.

In the post-coldwar era, Americas real threat in a somewhat unipolar world is the possibility of an E E C-Arab union with Japan as a participant- cum-observer, against its unilateralistic style. The end of the U. S. S. R. has green-signalled new Islamic nations central Asia, dangerously close to Iran. With the Majahiddin ascendency in Kabul, the 'threat' of an'Islamic belt' from Islamabad to Rabat looms large upon the U. S. This has compelled it into an enforced friendship with India, which in turn faces a similar threat from Pakisian. Besides, the lucre of a developing economy of 850 millon people is also a hard-to-resist temptation for the recession-hit American industry. Along with these strategic perceptions diplomatic position of India, which now needs a companion to replace the crstwhile U. S S R as its " god father " has led the U. S. into an enforced friendship with India.

Nevertheless, the ongoing "honeymoon" between the two countries is not without c-rtain hiccups while the U. S keeps detonating more and more leathal weapons, it stridently demands Ind a to stay away from developing its own nuclear arsenel, and sign the NPT instead. This, combined with the Bush regime's military aid to Pakistan, which has admitted nuclear capacity, has bedevilled ahealthy move inbilateral friendship. Again, the Russian rocketdeal and America's intervention in it under the MICR has provoked India in to thinking that the U. S. is trying to marginalize its interests to pamper India from endeavouring its goals of technological self-sufficiency. And, Washingtons insistance on India reforming its patent laws has also proved to be a topic of heated debate.

But these factors must be analyzed from a different angle for a just evaluation If India bows to the U. S. preassure and join the non-proliferation treaty, it will be saved from joining the burdenson nuclear race. which it cannot win even in the short term. If it gets involved, it canno just pull out of the cut-throat race for wich huge expenses are to be made, which in turn will be a problem for a financially backward India The money thus saved can be utilized for economic development. When it comes to the MTCR, the U. S sanctions were aimed more at a dollar-starved Moscow rather than India. Likewise, the patent-law issue also a covert on e.India should recognize the fact that its insistance on maintaining its sovereignty in such matters, and the so-called "moral rights of the Third World," to which it gives an obsessive over-emphasis in relation to the patents issue, are no justifications for the shameless copying of another country's technology which it has painstakingly developed over m ny decades with multi-million dollar research budgets. The approval of the U S aid to Pakistan, to our astonishment was the outcome of frantic lobbying of the Pro-Arab Islamic interest groups, to which, ironically, India had extended blind support in the past for their goondaism against Israel.

All this plus the poor negotiating skills of the Indian diplomacy, have protracted a healthy re-orientation in Indo-US ties. America should be recognized as the kingpin in the global hegemony. If India was in such a position, it would have acted as the 'Big Bully'. And, the American imperialism, which is more political than economical, has no illusions about converting India into its exclusive backyard. The begging-bowl, which India has, cannot co-exist with an abrasive foregni policy towords a country like the U. S. which has an annual aid budget of a whopping eleven-and-a half billion dollars.

As a conclusion, what is the relevance of all this to an average Indian student, who is noted for his dominant anti-American attitude, which in turn is a reflection of the mood of the Indian public? To find an answer, consider the fact that 90% of the Indian students seeking aided higher education abroad and workers seeking immigration are entertained by the U. S. And, the Indian community there has a strong ethnic presence in the American society. Now you decide, what is America to India?

Phone-2193.

**VISIT**

*For Best Tailoring*

Pant House

**St. George Complex**

**R. s. Road Aluva**

**CHAMPION STUDIO**

**Bank Junction**

ALUVA - 683 101

**VIDEO KID**

**Rail Road**

ALUVA - 1

*Best Compliments from:*

**St: ANTONY'S COLLEGE**

**ALUVA**

*Best Compliments:*

**P G JEWELLERY**

**N. PARUR**

**KURIAN'S OPTICALS**

**CATHOLIC CENTRE**

**ALUVA**

PH: 391

*Best Compliments:*

★ **VARGHESE MEDICALS** ★

**ANGAMALY**

# ഒരു നഷ്ടത്തിന്റെ ഓർമ്മയിൽ

സിനിൽ കാഞ്ഞിലാൻ
II P.D.C III Group

വളരെ അകലെ ഒരു ഗ്രാമത്തിൽ അദ്ധ്യാപക ജോലിയിൽ നിന്ന് വിരമിച്ച ശേഷം സ്വന്തം ഗ്രാമത്തിൽ കഴിഞ്ഞു കൂടിയ കുറുപ്പ് മാഷ്-

മാഷാണെങ്കിൽ ഒറ്റത്തടി കൂടപ്പിറപ്പുകൾ ആരും ഇല്ല. നല്ല പ്രായത്തിൽ വിവാഹിതനാകുവാൻ മറന്ന്പോയതാണെന്ന് തോന്നുന്നു. അതോ ആ കാലത്തെ പ്രതിസന്ധിയോ? എന്താണെന്ന് ആ നാട്ടിലുള്ള ആർക്കും തന്നെ അറിയില്ല.

അന്നൊരു ഞായറാഴ്ച്ച ആയിരുന്നു. മാഷ് ഗ്രാമവികസന പരിപാടികൾക്ക് മുന്നിട്ടിറങ്ങുന്ന വ്യക്തി. ഗ്രാമത്തിന്റെ പുരോഗതി പുതിയ പഞ്ചായത്ത് – ആശുപത്രി കെട്ടിടത്തിന്റെ തറകല്ല് ഇടുവാൻ വേണ്ട നടപടികൾ അവയെകുറിച്ചുള്ള ചർച്ച എല്ലാം കഴിഞ്ഞപ്പോൾ നേരം സന്ധ്യയായി.

വന്നവഴി കുളികഴിഞ്ഞു. അത്താഴവും കഴിച്ച് അന്നത്തെ പത്രവുമായി ജനലിനോട് ചേർന്നുകിടന്ന ചാരുകസേരയിലേക്ക് ചാഞ്ഞു.

പത്രം വായിക്കുന്നതിനിടയിൽ അദ്ദേഹം മയങ്ങിഎന്ന് തോന്നുന്നു.

അതിനിടയിൽ ആരോ വാതിലിൽ മുട്ടുന്നുണ്ട്! മാഷ് നീരസഭാവത്തോടെ കസേരയിൽ നിന്ന് എഴുന്നേറ്റ് വാതിൽ തുറന്നു-

പോസ്റ്റ്മാൻ കേശവൻനായർ! അല്ല കേശവൻനായരോ. എന്ത് വേണം. പൈസയുടെ ആവശ്യമുണ്ടോ?

കേശവൻ നായർ വളരെ സാമ്പത്തിക ബുദ്ധിമുട്ടുള്ള ആളാണ്. അതുകൊണ്ടായിരിക്കും മാഷ് പൈസയുടെ കാര്യം ചോദിച്ചത്.

''അല്ലമാഷെ മാഷിന് ഒരു ടെലഗ്രാം ഉണ്ട്'' സംശയത്തിന്റെ നിഴലുകൾ മാഷിന്റെ മുഖത്ത് പ്രതിഫലിച്ച് കാണുന്നുണ്ട്.

[illegible] ജ്വലിച്ചു മാഷ് ചോദിച്ചു ''എനിക്ക് തന്നെയാണോ''? മാഷ് ഉടനെ ടെലഗ്രാംകവർ കൈപ്പറ്റി. അകത്ത് കയറി കേശവൻനായരും അപ്പോൾ തന്നെ പോയികഴിഞ്ഞു.

മാഷ് ടെലഗ്രാം കവർ പൊട്ടിച്ച് അതിലെ ഉള്ളടക്കം മനസ്സിലാക്കിയെന്ന് തോന്നുന്നു. മുഖം ആകെ വിളറി.

വിയർക്കുന്നു ശരീരം തളർന്ന് ചാരുകസേരയിലേക്ക് ചെരിഞ്ഞു.

കണ്ണ് രണ്ടും അടച്ച് മനസ്സ് വിങ്ങിപൊട്ടുന്നപോലെ, അദ്ദേഹം കരയുകയാണ്. ആ തേങ്ങലുകൾ നിശ്ശബ്ദതയെ തട്ടിത്തെറിപ്പിച്ചു കൊണ്ട് അവിടെ ആകെ പ്രതിഫലിപ്പിക്കുകയാണ്. നാട്ടുകാർ ആരാഞ്ഞു അവരുടെ പ്രിയപ്പെട്ട മാഷിന് എന്ത് സംഭവിച്ചു എന്ന് അറിയുവാൻ വേണ്ടി അവർ ഓടികൂടി.

അതിൽ ഒരാൾ ഇങ്ങനെ പറയുന്നത് കേട്ടു " മാഷിന്റെ ബാലു മരിച്ചിരിക്കുന്നു.

അതിരാവിലെയുള്ള വണ്ടിക്ക് മാഷിനെ നാട്ടിലുള്ള സഹപ്രവർത്തകരും ഞാനും കൂടി ബാലുവിന്റെ ഗ്രാമത്തിലേക്ക് വണ്ടി കയററി വിട്ടു.

വണ്ടി കണ്ണിൽ നിന്ന് മറയുന്നതു വരെ എല്ലാവരും നോക്കി നിന്നു. അതിന് ശേഷം എല്ലാവരും പിരിഞ്ഞു.

എനിക്കുമാത്രം അവിടെ നിന്ന് അനങ്ങാൻ വയ്യാത്തപോലെ എന്റെ മനസ്സ് മാഷിലേക്ക് ചെല്ലുകയാണ്.

ചുക്കിചുളിഞ്ഞ മുഖം മുറുക്കാൻ കറപുരണ്ട് ചുവന്ന ചുണ്ടുകൾ കണ്ണുകൾ കലങ്ങി മറഞ്ഞിരിക്കുന്നു. അദ്ദേഹം എല്ലാ ദുഃഖവും ഉള്ളിൽ ഒതുക്കി വണ്ടിയിൽ ഇരിക്കുകയാവണം

വർഷങ്ങൾക്ക് മുൻപാണ് മാഷ് സ്വന്തം ഗ്രാമത്തിലെ സ്കൂളിൽ നിന്ന് ട്രാൻസറായി ബാലുവിന്റെ ഗ്രാമത്തിലേക്ക് പോയത്. അന്ന് തൊട്ടുള്ള പരിചയമാണ് മാഷിന് ബാലുവിനോട് ഉള്ളത് ഒരു വിദ്യാർത്ഥി എന്ന നിലയിൽ അല്ലായിരുന്നു അവരുടെ ബന്ധം. അതിൽ കവിഞ്ഞ് അവർ അടുത്തു, ഒരു അച്ഛനും മകനും പോലെ

ബാലുവിനെ കുറിച്ച് മാഷ് എന്നോട് കുറെ സംസാരിക്കുമായിരുന്നു. അവന്റെ ബാല്യകാല ജീവിതം. ആ ഗ്രാമത്തിലുള്ള ഏററവും വലിയ പ്രമാണിയുടെ മകനാണ് ബാലു-ഇല്ലത്തെകുട്ടി

അവന്റെ കളിക്കൂട്ടുകാരൻ പോലും മാഷ് ആയിരുന്നു. മാഷിന്റെ ആഗമനത്തിന് മുൻപ് ബാലുവിന്റെ കുരുന്ന് മനസ്സ് ആ നാലുകെട്ടിൽ ഒതുങ്ങി.

മാഷിന്റെ വരവ്_ ചിലന്തിവലയിൽ കുടുങ്ങിയ ഒരു ഈച്ച കുഞ്ഞിനെ സ്വതന്ത്രനാക്കി എന്ന് വേണം പറയാൻ.

കഴിഞ്ഞ വർഷമാണെന്ന് തോന്നുന്നു; ബാലു മാഷിനെ കാണാൻ വന്നിരുന്നു. അന്ന് ഞാൻ അവനെ കണ്ടിട്ടുണ്ട്. കാണാൻ സുന്ദരൻ അവന്റെ കൈകളിൽ പുസ്തകക്കെട്ടുകൾ അതെല്ലാം മാഷിന് കൊണ്ടുവന്നതാണ്. ഓരോ പുസ്തകം വളരെ പ്രസിദ്ധമായിരുന്നു. അത് . തെരഞ്ഞെടുക്കാനുള്ള കഴിവ് ബാലുവിന്റെ സാമർത്ഥ്യം തെളിയിക്കുന്നു.

നേരം ഉച്ചയായി ഞാൻ മെല്ലെ എന്റെ വീട്ടിൽ ചെന്നു. അപ്പോഴും എന്റെ മനസ്സ് മാഷിന്റെ അടുത്താണ്.

വണ്ടി ബാലുവിന്റെ ഗ്രാമത്തിൽ എത്തിയിരിക്കുകയാണ്. മാഷ് വളരെ വേഗത്തിൽ വണ്ടിയിൽ നിന്ന് ഇറങ്ങിനടന്നു.

മനസ്സിൽ കിടന്ന് ഉമിത്തീ നീറുകയാണ്. മാഷിന്റെ നടത്തം നിലച്ചത് ആ വലിയ തറവാടിന്റെ കവാടത്തിൽ മാത്രമാണ്.

അവിടെ ആളുകൾ കൂട്ടം ചേർന്ന് നിൽക്കുന്നുണ്ട്. മാഷിനെ കണ്ടപ്പോൾ വളരെ വിനയത്തോടെ കുറെ ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു.

തറവാടിന്റെ ഉമ്മറത്ത് വെളുത്തതുണിയിൽ പൊതിഞ്ഞ ബാലുവിന്റെ മൃതശരീരം. തലയ്ക്ക് അരികിൽ നിലവിളക്ക് കത്തുന്നുണ്ട്. അവിടെ ആകെ കണ്ണീരിന്റെ പൊടിപടലങ്ങളും തേങ്ങലുകളും.

ഒരു മൂലയിൽ ബാലുവിന്റെ അമ്മ ബോധമില്ലാതെ കിടക്കുന്നു അതിനടുത്ത് കുറെ ബന്ധുക്കളും അവരുടെ എല്ലാം മുഖത്ത് ഞങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്ന ഭാവം.

ഇതെല്ലാം നോക്കികണ്ട മാഷ് നിയന്ത്രണം വിട്ട് പോവുകയാണ്. മുലകുടി മാറാത്ത ഒരു കുഞ്ഞിനെ പോലെ അദ്ദേഹം കരയുകയും ചെയ്തു. അവിടത്തെ നാട്ടുകാർ അദ്ദേഹത്തെ ഒരുമുറിയിൽ കൊണ്ടുപോയി കിടത്തി.

ഏതാനും സമയം കഴിഞ്ഞപ്പോൾ അദ്ദേഹം കണ്ണ് തുറന്നു. മാഷിന്റെ മനസ്സ് ഒരു പ്രത്യേക അവസ്ഥയിൽ നിന്ന് തെന്നി മാറി. എല്ലാം മനസ്സിലായത് പോലെ അദ്ദേഹം വളരെ സാവധാനത്തിൽ എണീറ്റു.

ആ മുറിയാകെ നോക്കികണ്ടു. അതെ അത് ബാലുവിന്റെ മുറിയായിരുന്നു?

മേശയിൽ അടുക്കിയ ബുക്കുകൾ അദ്ദേഹം മറിച്ച് നോക്കി. അതിലെ താളുകൾ മറിഞ്ഞിട്ട് മാസങ്ങളോ അതോ വർഷങ്ങളോ. മൂലയിൽ ചാരിയിരുന്ന വീണ അതിന് ജീവൻ പകർന്നിട്ട് വർഷം ആയതു പോലെയാണ്. ചിലന്തികൾ കൂട് കൂട്ടിയിരിക്കുന്നു. വാതിലിനോട് ചേർന്ന് കിടന്ന പേപ്പർ കൊട്ടയിൽ ബാലുവലിച്ച് തള്ളിയ ബീഡികുറ്റികൾ.

അവർ വിജയിച്ചു എന്ന ഭാവത്തിൽ ചിരിക്കുകയാണ്. വീണ്ടും ജീവിക്കാൻ കൊതിക്കുന്ന ബീഡികൾ കിടന്ന് തേങ്ങുകയാണ്.

അതെല്ലാം നോക്കികണ്ട മാഷ് മുറിയിൽ നിന്ന് സാവധാനം ഉമ്മറത്തേക്ക് വന്നു.

അവിടെ മൃതശരീരം കാണാൻ കഴിഞ്ഞില്ല? പുറത്ത് ആ തറവാടിന്റെ തെക്കേ മൂലയിൽ വിറക്കഷ്ണങ്ങൾ അടുക്കി കഴിഞ്ഞിരിക്കുന്നു.

പൂമെത്തയിൽ കിടക്കേണ്ട ബാലു! ഇന്ന് വിറകുകഷ്ണങ്ങളിൽ ബാലുവിന്റെ മൃതശരീരം കത്തിക്കരിഞ്ഞ് അമരുകയാണ്.

തീനാളവു മായി ആരോ ഒരാൾ അതിന് തീ കൊടുത്തു. തീ ആളി പടരുകയാണ് അത് നോക്കി നിൽക്കാൻ കഴിയാതെ മാഷ് അവിടെ നിന്ന് പടിഇറങ്ങി കാണും.

ഒടുവിൽ വരുന്ന ബസിൽ മാഷ് കാണാതിരിക്കില്ല. ഞാൻ ഒരുമൈൽ കുറ്റിയിൽ മാഷിനെ കാത്തിരുന്നു.

ബസിന്റെ ഇരമ്പലുകൾ എന്റെ കർണങ്ങളിൽ വന്ന് പതിച്ചു.

മാഷ് അതിൽ ഉണ്ട് സാവധാനം ബസിൽനിന്ന് ഇറങ്ങി.

ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടിച്ചെന്നു-

ഒരു ജീവിതത്തിന് മാപ്പ് സാക്ഷി ആയി എന്നർത്ഥത്തിൽ എന്നെ അദ്ദേഹം നോക്കി.

പോയകാര്യം എന്തായ് മാഷേ?

"എന്റെ കുട്ടാ എന്റെ ബാലു പോയി. അവനെ കൊന്നതാണ് ഈ ജനത ഈ കാലഘട്ടം. അല്ലെങ്കിൽ അവന്റെ അച്ഛൻ. മാഷ് എന്താണ് പറയുന്നത് അവന്റെ അച്ഛനോ?

അതെ. അവന് ലഭിക്കേണ്ട സ്നേഹം അയാൾ കൊടുത്തില്ല. നല്ല കളിക്കൂട്ടുകാരെ അവനിൽ നിന്ന് വേർപെടുത്തി.

ഒടുവിൽ ജീവിതത്തിന്റെ മറ്റൊരു കോണിൽ വെച്ച് അയാൾ അവന്റെ കൂട് തുറന്നു വിട്ടു. ഒരേ ഒരു മോഹം മാത്രമേ അയാൾക്ക് ഉണ്ടായിരുന്നുള്ളു.

പണം, പണം മാത്രം അതായിരുന്നു അവന്റെ അച്ഛന്റെ ചിന്ത.

അവന്റെ ജീവിതം എരിഞ്ഞടങ്ങുന്നു- കഴിഞ്ഞ ഓണത്തിന് എനിക്ക് വേണ്ടി കൊണ്ടുവന്നത് ഒരു കെട്ടു ബീഡികൾ ആയിരുന്നു. മാഷ് വിങ്ങിപൊട്ടുന്ന മനസ്സുമായി എന്നോട് പറഞ്ഞു.


ഞാനാകെ ക്ഷീണിതനാണ് കുട്ട "എന്നെ മാഷ് കുട്ടൻ എന്നാണ്" വിളിക്കുന്നത്"

എനിക്ക് നിൽക്കാൻ സമയമില്ല. ഞാൻ പോകട്ടെ.... ...............

മാഷ് പടിയിറങ്ങി

പിന്നീട് മാഷിനെ ഞങ്ങൾ കാത്തിരുന്നു പക്ഷെ അദ്ദേഹം ഒരിക്കലും ഞങ്ങളുടെ ഗ്രാമത്തിൽ എത്തിയിട്ടില്ല.

0000000



# ഒരു സംശയം കൂടി

**MERCY K.V.**
I D.C. Mala.

നിന്ദിതൻ, ചൂഷിത, ഊഴീനിവാസികരം
നിങ്ങളറിയുമോ, അംഗനരേന്ദ്രനെ?

ജന്മം കൊണ്ടീയുള്ളോൻ സൂര്യദേവാത്മജൻ;
ജന്മമതേകിയോരാം 'ഫൽഗുനതായയും!

ധാത്രിയായ്ത്തീർന്നതു രാധമൂലമിവൻ
'രാധേയനെ'ന്നു വിളിപ്പതീക്ഷോണിയിൽ.

ക്ഷത്രിയനാകിലും വിപ്രഗുരുവിനാൽ
ശാസ്ത്രങ്ങളെല്ലാം ഹൃദിസ്ഥമായ്; മാത്രമോ?

ശാപവുംപേറി ഞാൻ, ദക്ഷിണയേകാതെ
ശാപമോക്ഷാർത്ഥിയായ് ജീവിച്ചു ഭൂതലേ.......

എന്നെപ്പഴിപ്പോരെ നേരിടാൻ വേണ്ടിയായ്
മന്നനായ് വാഴിച്ചു മിത്രം സുയോധനൻ

എൻ മൗനസമ്മതം നേടിയിട്ടാകിലും
ചൂതിൻകരുക്കരം തിരിഞ്ഞുവീണപ്പൊഴും

ദിവ്യമാം സ്ത്രീത്വത്തിൻ പത്തിതാണപ്പൊഴും
തീക്ഷ്ണമാമെൻ മിഴിയീറനണിഞ്ഞുപോയ്

പാർത്ഥ പിതാവിന്റെ സ്വാർത്ഥ മൂലം നി–
രർത്ഥനായ്ത്തീർന്നുപോയെന്നിലെപ്പാർത്ഥിവൻ

വഞ്ചന ചെയ്തവളെന്റെ ജനിത്രിയോ,
പഞ്ചസുതരോടുമൊത്തുചേർന്നീടുവാൻ

ധർമ്മം മറന്നു ക്ഷണിച്ചതാണെന്നെ
ധർമ്മിയാമംഗനരാധിപൻ കർണ്ണനെ!

മിത്രത്തെ വഞ്ചിക്കാൻ കെല്പില്ലാഞ്ഞെൻചിത്തം
മൈത്രിതൻ ദൂതി തന്നോടന്നു ചൊല്ലിനാൻ:

"ധർമ്മത്തിനേക്കാൾ വലുതൊന്നെനിക്കില്ല;
ധർമ്മം മറന്നങ്ങു വാക്കുമാററീടാമോ?

നിങ്ങൾക്കു 'ദുർമ്മതി'യാകിലുമാപത്തിൽ
മിത്രത്തെക്കൈവിടാനിഷ്ടമെനിക്കില്ല"

അംഗങ്ങളററു കുരുക്ഷേത്രഭൂമിയിൽ
"അമ്മേ, ജലം തരികെ" ന്നന്നു കേണതും,

വാഗ്ദാനം ലംഘിച്ച മാതാവിൽ കാഠിന്യ-
മേറുന്ന ചിത്തത്തെയൊട്ടു ശപിച്ചതും,

യുദ്ധത്തിനന്ത്യത്തിൽ കുന്തീതനയർക്കു
യോദ്ധാവു ലജ്ജിക്കും ദുഃഖമായ്ത്തീർന്നതും,

ഗാന്ധാരീ പുത്രർക്കു മിത്രമായ് മേവിയ
കുന്തീതനയനാം കർണ്ണനങ്ങേകനായ്....

വീരസ്വർഗ്ഗത്തിൽ വസിക്കുന്നുവെങ്കിലും
വൈരമുണർത്തുന്നൊരച്ചെറു സംശയം

ഇപ്പോഴും പിൻതുടർന്നീടുന്നു, നിൽക്കാതെ-
യിന്ദ്രസദസ്സിലും കർണ്ണന്റെ ഹൃത്തിലും:

ഇത്രയുഗങ്ങൾ കഴിഞ്ഞിട്ടും ധർമ്മിയെ
കുററവാളിയായിട്ടെണ്ണുന്നതിങ്ങനെ?

തെററിൽ ജനിച്ചവനെങ്കിലും കർണ്ണൻ താൻ
തെററിന്റെ കൂടാരമായില്ലെന്നോർക്കുക.

തെററു ചെയ്തോനെന്ന് കുററം വിധിക്കുമ്പോൾ
തെററുകളേതെന്നു ചൊല്ലുക സോദരേ....

കള്ളക്കളിയിൽ സമർത്ഥനാം 'പാർത്ഥന്റെ-
സാരഥി' തന്നെതിർചേരി നയിച്ചതോ?

അന്ധനരപതി തൻപ്രിയസൂനുവി-
നാജ്ഞാനുവർത്തിയായെന്നും ചരിച്ചതോ?

അഞ്ചു സഹജരെയൊന്നിച്ചു കൊല്ലാതെ
അർജുനനോടു ഞാനേററുമരിച്ചതോ?

ധർമ്മകേദാരമാം ഭാരതഭൂമിലും
ധർമ്മിയാം മർത്ത്യനു കണ്ണീരിൻക്ഷാളനം!

സത്യത്തിൻ സാക്ഷി, ചരിത്രമേ, ചൊന്നാലും,
സത്യത്തിൽ മന്നവൻ കർണ്ണനധർമ്മിയോ?

പുതുമയാർന്ന സ്വർണ്ണാഭരണങ്ങൾക്ക് !!

# "പുതുക്കാടൻസ് ജ്വല്ലറി" A/C

(മുൻസിപ്പൽ ഓഫീസിന് എതിർവശം)

അങ്കമാലി

*Best Compliments from:*

# കൂരൻസ് മെഡിക്കൽസ്

കാലടി-റോഡ്-അങ്കമാലി

# വിശ്വശാന്തിയും മനുഷ്യനും

രമ ജി. നായർ
II D.C. Zoology

സമാധാനത്തിന്റെ ദൂതും കൊണ്ട് പറന്നു നടക്കേണ്ട കൊച്ചരി പ്രാവുകളാണ് മനുഷ്യർ. പുരാതനകാലത്ത് ഇത് ചെയ്തു വന്നിരുന്നതു കൊണ്ട് വർഗ്ഗീയ ലഹളകൾ ഇന്നത്തെപോലെ രൂക്ഷമായിരുന്നില്ല. ഇന്ന് വർഗ്ഗീയ ലഹളകൾ കൊടുംമ്പിരി കൊണ്ടിരിക്കുകയാണ്. ഭൂമിയിലെ ഏററവും ബുദ്ധി കൂടിയ ജീവിയായ മനുഷ്യന് പോലും ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. സാമുദായിക മൈത്രിയുടെ ഈററില്ലമായിരുന്ന നമ്മുടെ രാജ്യത്ത് പോലും ഇന്ന് വർഗ്ഗീയ ലഹളകൾ രൂക്ഷമാണ് മനുഷ്യൻ പരസ്പരം കൊല്ലുന്നു. എന്തിന്? അതുകൊണ്ട് ആർക്ക് എന്ത് നേട്ടമുണ്ടായി? നിമിഷനേരത്തെ ആവേശം കൊണ്ട് പലതും ചെയ്തുകൂട്ടുന്നു. അതു കഴിഞ്ഞിരുന്ന് പശ്ചാത്തപിച്ചിട്ട് ഒരു കാര്യവുമില്ല.

ലോകത്തെ ഏത് രാഷ്ട്രം എടുത്ത് നോക്കിയാലും സ്ഥിതി ഇതു തന്നെയാണ്. നമ്മുടെ അയൽരാജ്യമായ അഫ്ഗാനിസ്ഥാൻ പോലും മറിച്ചല്ല. ദിവസവും നൂറ് കണക്കിനാളുകളാണ് കൊല്ലപ്പെടുന്നത്. ജനാധിപത്യ രീതിയിലുള്ള സർക്കാരിനെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്തിട്ടാണ് അവിടെ ഈ ക്രൂരവിനോദം നടക്കുന്നത്.

യൂഗോസ്ലാവിയ എന്ന വലിയ രാഷ്ട്രത്തെ ചെറിയ കഷ്ണങ്ങളാക്കി വെട്ടിമുറിച്ചു. അങ്ങനെ വെട്ടിമുറിച്ചുണ്ടാക്കിയ കൊച്ചുരാജ്യങ്ങളിൽ ഇപ്പോഴും വർഗ്ഗീയ ലഹളകൾ തുടർന്ന് കൊണ്ടിരിക്കുന്നു. പിഞ്ചുകുഞ്ഞുങ്ങളെ പോലും കൊന്നിട്ടാണ് അവർ സന്തോഷിക്കുന്നത്.

സോമാലിയയിൽ അന്നന്ന് കഴിക്കനുള്ള ഭക്ഷണം പോലുമില്ല. വർഗ്ഗീയ ലഹളകൾ അവിടെയും കുറവല്ല. വർഗ്ഗീയ ലഹള അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കുന്നത് കാരണം ഭക്ഷണ സാമഗ്രികൾ വിശക്കുന്നവർക്ക് എത്തിക്കാൻ പോലും സാധിക്കുന്നില്ല. ഈ സ്ഥിതി തുടർന്നാൽ ഒരാഴ്ചക്കകം ഒരു ലക്ഷത്തിലധികം ആളുകൾ മരിക്കുമെന്നാണ് അവിടുന്ന് കിട്ടുന്ന വിവരങ്ങൾ കാണിക്കുന്നത്. സ്ഥിതിഗതികൾ ഇത്രത്തോളമായപ്പോൾ ഐക്യരാഷ്ട്രസഭ ശക്തി ഉപയോഗിച്ച് ഭക്ഷണസാമഗ്രികൾ എത്തിക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്.

ദക്ഷിണ ആഫ്രിക്കയിൽ വർഷങ്ങളോളമായി തുടരുന്ന ലഹളകൾക്ക് ഇപ്പോഴും ഒരു കുറവുമില്ല. കറുത്ത വർഗ്ഗക്കാർ അവിടെ ഭൂരിപക്ഷത്തിലാണെങ്കിൽ പോലും പീഡിപ്പിക്കപ്പെടുകയാണ്. നിയമപാലകർ തന്നെ കാപാലികരുടെ വേഷമെടുത്താലത്തെ സ്ഥിതി ആലോചിക്കാവുന്നതേ ഉള്ളൂ.

എന്തിന് നമ്മുടെ കൊച്ചു കേരളത്തിൽ പോലും സ്ഥിതി മറിച്ചല്ല. രാജ്യത്തിന്റെ വിവിധ കോണുകളിൽ സംഘർഷം ആളികത്തിയിരുന്ന സമയത്ത് പോലും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ആത്മസംയമനം പാലിച്ചിരുന്നു. പക്ഷെ ഇന്നോ ? എവിടെയെങ്കിലും എന്തെങ്കിലും സംഭവിച്ചാൽ കേരളത്തിലാണ് അതേചൊല്ലി ആദ്യം സംഘർഷം ഉണ്ടാവുക.

എല്ലാ മനുഷ്യരും ലോകശാന്തിയ്ക്കും സമാധാനത്തിനും വേണ്ടി തന്നാലാവുന്നതു ചെയ്യാൻ ശ്രമിക്കണം. പ്രലോഭനങ്ങളിലൊന്നും വീഴാതെ ആ സമയം ആശ്രിതർക്ക് വേണ്ടി ചിലവഴിച്ചാൽ ലോകത്ത് ശാന്തിയും സമാധാനവും നിലനിൽക്കും. ഏവരിലും ഇത് സ്വന്തം കർത്തവ്യമാണെന്ന ബോധം ഉളവാക്കിയെടുക്കണം. എന്നാൽമാത്രമേ ശാന്തസുന്ദരമായ ഒരു ലോകം പടുത്തുയർത്താൻ നമുക്ക് കഴിയുകയൊള്ളൂ.

# ദീപാങ്കുരം



മിന്നാമിനുങ്ങ്
അവളുടെ കണ്ണുകൾ
നിനക്ക് തരുന്നു
ജ്വലിക്കുന്ന നക്ഷത്രങ്ങൾ
തീപ്പൊരികൾ പോലെയുള്ള
കൊച്ചുകണ്ണുകൾ കൊണ്ട്
നിന്നെ ശ്രദ്ധിക്കുന്നു.

സൗന്ദര്യം മധുരമാണ്, ദുർബലവും.

നിന്റെ മാധുര്യങ്ങൾ
അനുഗ്രഹങ്ങൾ
എല്ലാം എന്റേതാണ്
എന്റെ ആകാശങ്ങളിൽ
നിന്നു പ്രകാശിക്കുന്ന
ഒരു ശുക്രനക്ഷത്രമാണ് നീ.

നിന്റെ പുഞ്ചിരികൾ
അന്തരീക്ഷത്തെ കുളിർപ്പിക്കട്ടെ
അപ്പോൾ എല്ലാ പനിനീർപ്പൂക്കളും
ഒരുമിച്ച് വിടരും.

എണ്ണമില്ലാത്ത മെഴുതിരികൾ പോലെയുള്ള
രാത്രി നക്ഷത്രങ്ങൾ
അവയുടെ വെളിച്ചം നിനക്ക് തരും.
പ്രേമാതുരരായ
ഈ പുഴയിലെ ഓളങ്ങൾ
തീരക്കടലാസിൽ
എനിക്കു വേണ്ടി
പ്രണയ ലിപികളെഴുതും.
പ്രേമത്തിന്റെ ഒരു സൂര്യകിരണം
വിദ്വേഷത്തെ നശിപ്പിക്കുകയും
ആ മഞ്ഞുകട്ടയെ ഉരുക്കി
ആനന്ദ പ്രവാഹങ്ങളാക്കുകയും ചെയ്യും.

എന്റെ ചിതാഭസ്മം
അവയുടെ മൺകലശത്തിൽ
ഒരു പവിത്ര ദീപത്തെപ്പോലെ
എന്നും നിനക്കായി ജ്വലിക്കും.

പ്രിയേ,
ഞാൻ നിന്നെ പ്രേമിക്കുന്നു.
വരിക, എന്നിലേക്ക് വരിക.

ഇനി നിന്റെ
വെള്ളിക്കൊലുകളെ കാണുമ്പോൾ
എന്റെ ആത്മാവിനെ ഞാൻ നിന്നിലേക്ക് വർഷിക്കും

---

**K. BALU**
(III Eng.)

(ഇംഗ്ലീഷ് കവി റോബർട്ട് ഹെറിക്കിനോട് കടപ്പാട്)

# CARMAL COLLEGE

**ST. ANTONY'S NAGAR**

**ST. ANTONY'S CHURCH CHENGAMANAD**

**OUR COURSES:-**

- Pre- Degree Parallel (IIIrd, IVth)
- B. A., B.Com- Calicut (Open University)
- M. A., M.Com-Mysore University
- P.D.C., B.A., B.Sc Tuitions For All Subjects

**SPOKEN ENGLISH (Basic & Fluency Two Months Course)**

**N.B. Spoken English Video- Audio Cassettes Available.**

---

## DO NOT TELL IT

## FAX

## IT

**For Fast Communication**

**World wide**

**Contact**

**Global Business & Services**

35/ 2275 KARIMPATA Rd.

KOCHI - 16 - TEL / FAX

362645

353673

ALWAYE - 2123

---

## NEW MAN

**TAILORS**

By Pass Junction

Bridge Road

**ALWAYE**

---

**ഖാദി തുണിത്തരങ്ങൾക്ക് 35% റിബേറ്റ്**

ഖാദി സിൽക്ക് സാരീസ്, കോട്ടൺ-പോളിയസ്റ്റർ ഷർട്ടിംഗ്സ്, പഞ്ഞിക്കിടക്കകൾ, തലയണകൾ, ശുദ്ധമായ എള്ളെണ്ണ, വാഷിംഗ് സോപ്പ്, കാർപെറ്റ് മുതലായവയ്ക്ക് സന്ദർശിക്കുക.

## ഖാദി ഭവൻ

കല്ലൂക്കാരൻ ഷോപ്പിംഗ് കോംപ്ലക്സ്,

**അങ്കമാലി**

# ★ REPORT: N. C. C. GIRLS ★

The period 'July 91' to March '92 was full of training ac'ivities at this Company Apart from various camps and courses a number of social service activities were planned and executed during the period. The enrolled strength of the company was 106.

C.U.O. Sany Varghese represented Republic parade held at Delhi. She was selected as the contingent commander of Kerala team. She was the Ist lady con'ingent commander from Kerala State. Sgt. Vijayalakshmi Pillai attended B. L. C. at Pura in Bihar. C p l. Anjumol T. Raju and C p l. Preethy Antony attended Pre-R D. selection camp at Thrissur. Cpl Jayasree, Cpl Smitha Jose, C p l Anjumol T. Raju and L/Cpl Sijimol are selected for Inter-Group B L C competitions 12 girl cadets attended Annual Training camp at Sree Sankara College Kalady.

This year Bn, gave two days weapon training to the girl cadets. C p l Bindu C. L. was selected as the best firen of the year. 'B' certificate and 'L' certificte examinations were conducted during Feb: 92

Our girl cadets have rendered social service of various nature like area cleaning of institutions. 32 girl cadets participated in the literacy survey in Aluva by young house to house The surveyed data was handed over to the muncipality for further execution of social work

The N. C. C Day was celebrated in St Paul's college Kalamassery. Our company took part in the march past and demonstrations for N. C C Day celebrations.

Independence Day, Republic Day and Annual get together were conducted as Joint activity of the S W. Boys and S. W Girls in the college.

We take this opportunity to thank prof. C J. Thomas, the principal of the college L T Col. G S PATHANIA, Commanding Officer, Maj B. L MANDAN. administrative Officer, capt Rajan Varghes and others for their guidance and co-operative in all the N C C activities during tne year

**2/LT. M P. Marykutty M. A. B Ed**
N. C C OFFICER

They brought laurels to the college and state



**Sreedevi M. K**
U O.



**Sany Varghese**
CUO
Represented R D Parade NEW DELHI 1992 Ist Lady contingent Commander from Kerala

# REPORT OF N.C.C. - 1991 - '92

The Annual Report of the No: 1 Coy:, Union Christian College Sub Unit of 22 (k) Bn N.C.C., Alwaye 1991 - 92.

With the enrolement of 96 new cadets, the activities of Our Sub Unit started this year with the total number as 160.

### Cadets appointments:

After successful completion of various tests and interviews, the following cadets were appointed to the various positions:

| | |
|---|---|
| BIJU G NAIR | Company Senior Under Officer |
| SAJITH KUMAR S | Company Under Officer |
| RAJEEV. D. NAIR | Company Under Officer |
| SAMUEL THOMAS | Company Under Officer |
| SUNIL KUMAR C. K. | Company Sergeant Major |

### Independence Day Celebrations:

Our Sub Unit celebrated Independence Day jointly with girls wing N C C After ceremonial functions cadets went to the Blind School near Keezhmad for social work and tree planting. Cadets cleaned the premises of the school and watched the cultural programme by the students of the School.

### Camps and Courses:

Cpl Babu M. K. from our Sub Unit attended the Republic Day Camp at Delhi He won two gold medals and one silver medal in cultural competition at the National level.

26 cadets of our Sub Unit successfully completed the C. A T. C held at Sree Sankara College, Kalady from 2nd July to 13th July 1991. Eight cadets participated in the R D C selection camp at Ollur from 10th to 21st August 1991. Another batch of 20 cadets attended C A T C held at Thalayolaparambu.

Cpl Abdul Salam from our Sub Unit attended the Goa Trekking camp during Nov. 1991.

Sgt: MuhammedBinu Hassim attended the Basic leadership course in Rock Climbing at Banglore

The cycling cum trekking camp to Malayattoor aroused great interest among our cadets. A total of 80 cadets participated in this expedition.

Cadets were given trainnig in clearing obstacles in the Obstacle Course area established in our Sub Unit This course is used by Eranakulam group for training prospective candidates for NDA/IMA selections.

Firing was carried out in our Sub Unit's firing range on 18th January 92. All cadets enjoyed the rare thrill of firing on that day.

## N.C.C Day Celebrations:

This year N C C Day was celebrated at St. Paul's Colleg Kalamassery A good number of our cadets took part in the ceremonial function.

## Republic Day Celebrations:

Republic Day was celebrated at our College. The Principal hoisted the flag and delivered the Republic Day address The Girls Unit N C C also participated

CUO Rajeev D. Nair passed the U P S C, C D S Exam and is appearing the S S B for selection to I M A.

I take this opportunity to express our gratitude to the Commanding Officer, Administrative Officer and P. I Staff of 22 (k) Bn

As I conclude, I thank our Principal and all others who helped us in the smooth functioning of this Sub Unit.

*CSUO*
BIJU G NAIR

*N C C OFFICER*
Capt: RAJAN VARGHESE



**Biju G. Nair**
(CSUO)



**Rajeev D. Nair**
(C U O)



**Sajith Kumar S.**
(C U O)

# അതിഥി

രാത്രിയുടെ ഏകാന്തത എങ്ങും നിശ്ശബ്ദത തളം കെട്ടിനിൽക്കുന്നു. പച്ചിലചാർത്തുകളിലെ ചീവീടുകളുടെ കരച്ചിൽ രാത്രിയുടെ ഭീകരത വർദ്ധിപ്പിക്കുന്നു. എന്നിട്ടും വരാമെന്ന് പറഞ്ഞയാറം ഇതുവരെ എത്തിയിട്ടില്ല. ആ രാത്രിയുടെ ഭീകരതയെ ഭയപ്പെട്ട് എന്റെ അതിഥിയുടെ വരവും പ്രതീക്ഷിച്ച് ഞാൻ ഇരുന്നു. പെട്ടെന്ന് ഒരാരവം ഞാൻ കതോർത്തു. ഇരുട്ടിന്റെ മറയെ കീറിമുറിച്ച് ഇടിമിന്നൽ കടന്നുപോയി. അതിനോടൊപ്പം കാതടപ്പിക്കുന്ന ഒരു ശബ്ദവും. ഒരു മഴയുടെ തുടക്കം. ഞാൻ മന്ത്രിച്ചു........ സമയം കടന്നു പൊയ്ക്കൊണ്ടിരുന്നു. എന്റെ അതിഥി ഇതുവരെ എത്തിയിട്ടില്ല. അപ്പോഴും മഴ തന്റെ ശക്തമായ ശരവർഷം ഭൂമിയുടെ മാറിൽ ഏൽപ്പിച്ചു കൊണ്ടിരുന്നു. കാററിന്റെ താഡനം ജനൽപ്പാളികളെ ഇടയ്ക്കിടെ കരയിപ്പിച്ചു കൊണ്ടിരുന്നു. ഞാൻ വാച്ചിലേക്ക് നോക്കി. സമയം 1 മണി. എന്റെ കണ്ണുകളിൽ ഉറക്കം പടർന്ന് പിടിച്ചിരുന്നു. എങ്കിലും ഞാൻ ക്ഷമയോടെ കാത്തിരുന്നു. പുലർച്ച കോഴിയുടെ കുറുകൽ ഒരു പുതുദിനത്തിന്റെ ജനനം എന്റെ കാതുകളിൽ മുഴക്കി. അപ്പോഴും എന്റെ കണ്ണുകൾ ചെമ്മൺ നിറഞ്ഞ വഴിയോരങ്ങളിൽ പരതുകയായിരുന്നു. എന്റെ അതിഥിയെ.

ഒരു രാത്രിയുടെ അന്ത്യംകുറിച്ചുകൊണ്ട് കിഴക്കേ ചക്രവാളത്തിൽ സൂര്യനുയർന്നു. എങ്കിലും ഞാൻ നിരാശനാവാതെ കാത്തിരുന്നു. എന്റെ മനസ്സ് അപ്പോഴും മന്ത്രിക്കുന്നുണ്ടായിരന്നു.
വരും............വരാതിരിക്കില്ല....

**SUNIL KUMAR**
I P.D.C.

*Compliments from:*

**ജനത ബുക്ക് സ്റ്റാൾ**

**ലൂർദ് സെന്റർ**


**ആലുവ-ഫോൺ 2264**

**മററു ബ്രാഞ്ചുകൾ:-** എറണാകുളം, വൈക്കം, ചേർത്തല, പറവൂർ, തേവര, അങ്കമാലി, കാലടി, കോതമംഗലം, മൂവാററുപ്പുഴ



Golden Jubilee Year '92

# യൂണിയനെ നയിച്ചവർ



യാക്കോബ് പി.വി.
ചെയർമാൻ




ശ്രീജ. ജി.എസ്.
വൈസ് ചെയർമാൻ




ജോസഫ് മണവാളൻ
ജന. സെക്രട്ടറി




ബിജു ജി. നായർ
ആർട്സ് ക്ലബ്ബ് സെക്രട്ടറി




മാർട്ടിൻ എം.പി.
എഡിറ്റർ



സണ്ണി കുറിയാക്കോസ്
സ്റ്റാഫ് അഡ്വൈസർ



ജോർജ് എം.ഒ.
യു.യു.സി



നൗഷാദ് കെ.എ.
യു.യു.സി




മേരി എമൽ ജോസഫ്
വനിത പ്രതിനിധി



സുനിത രാജൻ ഉറുമ്പത്ത്
വനിത പ്രതിനിധി

## ക്ലാസ് പ്രതിനിധികൾ




മുഹമ്മദ് ഗദ്ദാഫി
Ist P.D.C



പ്രമോദ്. ആർ.
IInd P.D.C




ബാലചന്ദ്രൻ. എം.എ.
Ist D.C




സുധീഷ് കുമാർ
IInd D.C



മധുസൂദനൻ. ജി.
IIIrd D.C



ജോബി വർഗ്ഗീസ്
Ist P.G




ഡേവീസ്. കെ.സി.
IInd P.G

# നോമിനീസ്




നസ്യുറുദിൻ. എം.എ.
സിനി ക്ലബ്ബ്




മർഫി മാത്യു
ക്വിസ് ക്ലബ്ബ്




ഡി. സന്തോഷ്
ഡിബേറ്റിംഗ് ക്ലബ്ബ്



സുരേഷ് കുമാർ. ടി.
പ്ലാനിംഗ് ഫോറം




ബിജു ഡൊമിനിക്
ക്യാന്റീൻ



രാജാ ടോമി
സ്പോർട്സ്



റെന്നീസ് ടോമി
S S ലീഗ്



Sc/St പ്രതിനിധി

# യൂണിയൻ ഉദ്ഘാടനം



ബഹു: സ്പീക്കർ ശ്രീ പി.പി. തങ്കച്ചൻ



നയ പ്രഖ്യാപനം'

- ചെയർമാൻ



സ്വാഗതം

ജോസൻ മണവാളൻ




- ഉദ്ഘാടന പ്രസംഗം



ആശംസകളോടെ

ശ്രീ ഒ.പി. ജോസഫ്

# ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



- ഉദ്ഘാടനം ശ്രീ എം.വി. ദേവൻ



ആർട്സ് ക്ലബ്ബ് അഡൈ്വസർ

എ. ഗോപിനാഥൻ



എ. സണ്ണി കുര്യാക്കോസ് - സ്റ്റാഫ് അഡൈ്വസർ



നന്ദി

- ആർട്സ് ക്ലബ്ബ് സെക്രട്ടറി



Mrs. U.C
Manju

# കോളേജ് ഡേ



ഉദ്ഘാടനം. - ഡോ. ആഷാ തോമസ് ഐ.എ.എസ്
(സബ്-കലക്ടർ)



മാർഗദീപമായ് ബഹു. പ്രിൻസിപ്പാൾ
പ്രൊഫ. സി.ജെ. തോമസ്



ഞങ്ങളുടെ പിൻബലം.
സദസ്സ് - ഒരു വീക്ഷണം.



സിനിമാ നടൻ ഇന്നസെന്റ്



അദ്ധ്യക്ഷ പ്രസംഗം - ചെയർമാൻ



ആർട്സ് ഫെസ്റ്റിവൽ ഉദ്ഘാടനം - എ. സണ്ണി കുര്യാക്കോസ്



വൈസ് ചെയർമാൻ ശ്രീജ, ജി.എസ്.



നന്ദി
- ശ്രീ കെ.സി. ഡേവിസ്



- സുനിത രാജൻ, ഉറുമ്പത്ത് സ്വാഗതം

# Sports

Hockey (men)



Hockey (women)



Football (men)





**Basketball (men)**



**Volleyball (men)**



Junior

**State representation (Hockey - women)**



Senior



Athletics (men)



Cricket



Yoga (women)




Chess



**Ball Badminton (men)**



**Badminton (men)**



Jobey Varghese
Ind. Champion

# മൈഥിലി

സുമി കെ. കെ.
I D. C. Mala.

"മൈഥിലി"............സീതയുടെ പര്യായം: ഉഴവുചാലിൽ നിന്നും കണ്ടെടുത്ത നിധി. മൈഥിലി ആരാണെന്നുള്ളതിനുള്ള വ്യാഖ്യാനം ഇനിയും രാം മോഹൻ എന്ന ഒരു വെറും ജേർണലിസ്റ്റിന്റെ പക്കലുണ്ടാവാം. അവൾ യാഥാർത്ഥ്യമല്ലെന്നുറപ്പാക്കാൻ കഴിയില്ലെന്ന് മനസ്സിന്റെ ഒരു ഭാഗം തീർത്തു പറയുന്നു. മൈഥിലി- ഒരു സ്വപ്നം അങ്ങനെ ചിന്തിക്കുന്നതാണ് ഈ രാം മോഹനിഷ്ടം. അവൾ കടന്നു വന്ന വാതായനങ്ങൾ ഇപ്പോഴും തുറന്നുതന്നെ കിടക്കുകയാണ്. അത് അന്നേ പൂട്ടിയിടേണ്ടതായിരുന്നു. എങ്കിൽ മൈഥിലി എന്ന യാഥാർത്ഥ്യത്തെ സ്വപ്നമെന്ന് വിശേഷിപ്പിക്കേണ്ടി വരില്ലായിരുന്നു. പക്ഷേ തനിക്കതിനു കഴിയുമായിരുന്നോ? ശാന്തി മന്ത്രം കൊക്കിലേന്തിയ ആ വെളുത്ത പ്രാവിനെ സ്വർണ്ണക്കൂട്ടിൽ പൂട്ടിയിട്ട് ശ്വാസംമുട്ടിച്ച് ......റയു അതുകൊണ്ട് മാത്രമാണ് രാംമോഹൻ ആ വാതായനങ്ങളുടെ താക്കോൽക്കൂട്ടം എവിടേക്കോ എറിഞ്ഞു കളഞ്ഞത്. ചിറകടിയുടെ അസാധാരണത്തെ ശബ്ദവും കർണ്ണങ്ങളിൽ നിന്നകന്നപ്പോൾ നിണം വീണ് നനഞ്ഞ് ശോണിമയാർന്ന ഒരു പറ്റം തൂവലുകൾ അനാഥമായി പൊഴിഞ്ഞുവീണതു കണ്ടതാണ്. അധരങ്ങളെ അവ ചുംബിച്ചു. ആ തൂവൽക്കൂട്ടങ്ങൾ ഭ്രാന്തമായ ആവേശത്തോടെ ചുംബിക്കുകയായിരുന്നല്ലോ തന്റെ മനസ്സ്...... അതെവിടെയോ നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു.

സ്വർണ്ണം കൊണ്ട് തീർത്ത പാദസരങ്ങൾ അവൾക്ക് വേണ്ടിയാണ് സൂക്ഷിച്ചത്. ആ കണങ്കാലുകൾ സുന്ദരങ്ങളായിരിക്കും. നൃത്തം ചെയ്യുന്ന പാദങ്ങളിൽ മഞ്ഞൾ പുരണ്ടിരിക്കും. എന്റെ സീതയ്ക്ക് വേണ്ടി പാടാൻ ഈ രാം എന്നും ഉണർന്നിരിക്കണം. മിഴിത്തൂവൽ പീലികൾ തുറന്ന്-അവൾ എന്റേത് മാത്രമായിത്തീരുന്ന നിമിഷത്തെ താലോലിച്ച് സ്വപ്നങ്ങൾ നെയ്ത് ........വിരഹിയായ ചക്രവാകത്തെപ്പോലെ.

സന്ധ്യാവന്ദനം കഴിഞ്ഞുവരുന്ന നിന്റെ നെറുകയിൽ ഞാൻ സിന്ദൂരം ചാർത്തും. ശംഖിൽ തങ്കം തോറ്റിയ താലിയും. പടിഞ്ഞാറ്, ഉഗ്രപ്രതാപിയായിരുന്ന സൂര്യന്റെ നഷ്ട സ്വപ്നത്തിന്റെ ചിതയ്ക്ക് തീ കൊളുത്തുന്നതും ആ ചിത കെട്ട് ചാരശകലങ്ങൾ കാറ്റിൽ പറക്കുന്നതും നോക്കി നമ്മൾ പരിതപിക്കും. പിന്നെ പൗർണ്ണമി തെളിയുമ്പോഴല്ലേ നിന്റെ മയിൽപ്പീലിക്കണ്ണുകൾ തുറക്കുക. പൗർണ്ണമികൾ അങ്ങനെ നമ്മൾ സ്വന്തമാക്കും. അർദ്ധചന്ദ്രനെ കണ്ടപ്പോൾ നിന്റെ കണ്ണുകൾ നനഞ്ഞത് ഞാൻ ശ്രദ്ധിച്ചു. ആ നിമിഷം നിന്റെ പീലികൾ കൊഴിച്ചിട്ട വിലപ്പെട്ട മുത്തുകൾ വാരിക്കൂട്ടാൻ വ്യഗ്രതപ്പെടുകയായിരുന്നു. ഞാൻ മാംസമില്ലാത്ത വാക്കുകളുടെ അസ്ഥിപഞ്ജരം കൊണ്ട് നിന്റെ കർണ്ണങ്ങളിൽ സമാധാനമന്ത്രം പകരാൻ ഞാൻ ശ്രമിച്ചു.

വസന്തങ്ങളിൽ നിന്റെ വർണ്ണമറിയാതെ ഞാൻ അലയുകയായിരുന്നു. ഉദ്യാനങ്ങൾ തോറും നിന്റെ ഗന്ധം പോലും എനിക്കന്യമായതെന്ത്? നീ ഒരു പക്ഷെ പനിനീർപ്പൂവാകാം. മുള്ളുകൾ കൊണ്ട് നിന്റെ മനോഹരമായ ദലങ്ങൾക്ക് പോറലുകളേൽക്കാതിരിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിച്ചു. പിന്നെ നിന്റെ മൃദുലതകളിൽ ആ കറുത്ത രാക്ഷസൻ താണ്ഡവ നൃത്തമാടാതിരിക്കാനും. പക്ഷെ......

ജന്മജന്മാന്തരങ്ങളായി നീ എന്നോടൊപ്പം എന്റെ കൈപിടിച്ച് നടന്നതാണ്. പേരറിയാത്ത ഒരുപാട് പൂക്കളെ സ്നേഹിച്ചു നിന്ന ഞാൻ അന്നേ അറിഞ്ഞതാണ് വർഷത്തിന്റെയും വസന്തങ്ങളുടേയും കണക്കുകൾ ഈ രാം മോഹനന് അന്യമെങ്കിലും നിന്നിലെ ഋതുഭേദങ്ങൾ മാത്രമേ എനിക്ക് ആധാരമായുള്ളൂ. ഇന്ന് പതിനെട്ട് മെഴുകുതിരികൾ ഞാൻ നിനക്കു വേണ്ടി കത്തിച്ചു. അപ്പോഴാണ് നീയന്നെ അതോർമിപ്പിച്ചത്. ഇരുപത്തിയഞ്ച് മെഴുകുതിരികളാണ് കത്തിക്കേണ്ടതെന്ന കാര്യം. പക്ഷേ പതിനെട്ടെണ്ണമല്ലേ ഞാൻ കരുതിയിരുന്നുള്ളൂ. സംവത്സരങ്ങൾ എനിക്കന്യമാണെന്ന് നീ മനസ്സിലാക്കിയിട്ടുള്ള കാര്യം മറന്ന് പോകരുത്.

ജിപ്സികൾ കൂടാരങ്ങളുമായി ഇവിടേക്കു താമസം മാറിയിരിക്കുന്നു. അവരോട് ഇപ്പോഴും എനിക്ക് തീരാത്ത സ്നേഹമുണ്ട്. അവരിൽ നിന്റെ അച്ഛനെ ഞാൻ തിരക്കി, ബന്ധുക്കളേയും. പക്ഷേ ഇനി അന്വേഷണങ്ങളെന്തിന്? എന്ന് മനസ്സ് എന്നോടു ചോദിച്ചു. രാത്രി കാലങ്ങളിൽ അവർ മെഴുകുതിരി വെളിച്ചത്തിൽ നൃത്തം ചെയ്യാറുണ്ടോ എന്നറിയില്ല. താമരപ്പൂപോലെ വിടർന്ന ആ അഴുക്കു പുരണ്ട പാവാട എന്നിൽ അവ്യക്തമായ ഓർമ്മകളുണർത്തിയതെത്ര പെട്ടെന്നാണ്.

സത്യത്തെ അന്വേഷിക്കാൻ ഞാൻ മറന്നിരിക്കുന്നു. നിലാവുള്ള രാത്രിയിൽ നിന്റെ നീലക്കണ്ണുകൾ ഞാൻ കണ്ടു. ലജ്ജ കൊണ്ടാവാം നീ കൺചിമ്മിയതെന്ന് ഞാനൂഹിക്കുന്നു ഇനി അശ്വമേധയാഗത്തിന് നിന്റെ സ്വർണ്ണവിഗ്രഹം സാക്ഷ്യം വഹിക്കട്ടെ. രാം മോഹന്റെ മനസ്സിലെ കടലാസുകഷ്ണങ്ങൾ നിറഞ്ഞു കഴിഞ്ഞു. ഇനി നിന്റെ അടുത്ത ജന്മദിനത്തിനാകും. മാഞ്ഞുതുടങ്ങിയഅക്ഷരകൂട്ടങ്ങളെവീണ്ടും കറുപ്പിക്കാൻ ഞാൻ മിനക്കെടുന്നത്. അന്നും പതിനെട്ടു മെഴുകുതിരികൾ ഞാൻ നിനക്കായി കത്തിക്കും ഉരുകാർത്ത മെഴുകുതിരികൾ...............


# SPENCER'S COLLEGE

JUNCTION (MANJAPRA ROAD)

**ANGAMALY - 683 572**

ESTABLISHED 1980

**COURSES:**

**P.D.C., D.C. & P.G. Parallel**
**P.D.C. & D.C. Tuition For All Subjects**
**P.D.C. & D.C. Sept/March Batches**
**GRAMMAR & SPOKEN ENGLISH**

**SURESH BABU**
Principal

# യാത്രാമൊഴി

ടെൽ അസ്സ്ഹർ
മൂന്നാം വർഷ ഗണിതശാസ്ത്രം

പിരിയുവാൻ നേരമായ് ഓമലേ നാം തമ്മിൽ
പിരിയേണ്ട നാഴികയെത്തിടുന്നു.
പൊഴിയുന്നിതിന്നിന്റെ യാഹ്ലാദ വേളകൾ,
മറയുന്നു കാതങ്ങളകലെയെങ്ങോ.
ഈ നൽക്കലാലയ ജീവിതം തന്നൊരീ
യീരടിയാകെ മറഞ്ഞിടുന്നു
ഈണം പകർത്തിയ കാററിന്റെ ശീലുകൾ
ഈറനായെങ്ങും പറന്നിടുന്നു.
ആഹ്ലാദ കാലങ്ങളാകെപ്പൊലിയുന്നു
ആമോദമൊന്നാകെ മാഞ്ഞിടുന്നു.
അറിവിന്റെ മുത്തുകൾ വാരിവിതറിയ
ആത്മഹർഷങ്ങളലിഞ്ഞിടുന്നു.
ഗുരു ശിഷ്യ ബന്ധത്തിൻ മേന്മകളേറിയ
ഗുരുകുല സ്നേഹത്തിൻ ഭൂമികളും;
പുണ്യപ്രകാശിത ചരിതങ്ങൾ പാകിയ
പുണ്യചരിതർ തന്നാശ്രമവും;
പിരിയുന്നവേളയിലാത്മാവിനുള്ളിലായ്
പുൽകുന്ന വേദനയോർമ്മയില്ലേ?
പിരിയുവാൻ പോലും കഴിയാത്തമട്ടിലീ
ക്ഷേത്രമെൻ ഹൃത്തിൽ വിളങ്ങി നിൽപ്പൂ.
ഈറനാം കണ്ണുകളിറുകെയടച്ചുകൊണ്ടീ-
നാകം കയറിയകന്നിടുന്നു.
ഇരുകര പുൽകിയൊഴുകും നദിപോലെ
ഒഴുകുന്നു കണ്ണുനീർ ധാരയായി.
അറിവിന്റെ പാഠങ്ങൾ കേട്ടു പഠിച്ചോരി-
യാശ്രമവാടങ്ങളന്യമാകും
കുളിരുകൾ പാകിനിരത്തിയ മാരുതൻ
കരളിനെ നോവിച്ചകന്നുപോകും
ഹരിതം നിറഞ്ഞൊരീ പുൽക്കൂട്ടമൊക്കെയും
പകലിന്റെ സ്വപ്നമായ് മാഞ്ഞുപോകും
നയന മനോഹരമാകും നിൻ പുഷ്പങ്ങൾ
മനസ്സിൽ നിന്നോരോന്നായ് വാടിവീഴും.
ഓർമ്മയിൽ തങ്ങുവാനാകെയൊരിത്തിരി
ഓമൽക്കിനാവുകൾ മാത്രമാകും
ഓമനിച്ചീടുവാനാകെയൊരിത്തിരി
രോമഹർഷത്തിന്റെ ശംഖൊലിയും.
ഈവഴിയമ്പലം കയറിയിറങ്ങുവാൻ
ഭാഗ്യം ലഭിച്ച കിടാങ്ങൾ നമ്മൾ,
ലക്ഷ്യത്തിലേക്കുള്ള പുത്തനാം പാതകൾ
തേടിയകലുവാൻ നേരമായി.

ഗദ്ഗദം തിങ്ങിനിറയുന്നു കണ്ഠത്തിൽ
ഗാനത്തിൻ മാധുര്യം വറ്റിടുന്നു.
പറയട്ടെ കൂട്ടരേ യാത്രാമൊഴികൾ ഞാൻ
പിരിയുമീ വേളയിൽ വിനയമോടെ.
ആരോടുചൊല്ലുമീ യാത്രാവചസ്സുകൾ
ആരോടു ചൊല്ലുമീ മൂകദുഃഖം?
എല്ലാരും പോകുവാനുദ്യമിച്ചീടുന്നു
പോകേണ്ട നേരമടുത്തിടുന്നു.
എങ്കിലും ഹൃത്തിന്റെ വാതിൽ തുറന്നു ഞാൻ
എന്റെ യാത്രാമൊഴി ചൊല്ലിടട്ടെ
ആത്മാംശമാകുമീ നൽകലാശാലതൻ
മുന്നിലർപ്പിക്കട്ടെയെന്നശ്രുപൂജ !!

*Best Compliments*

★ തച്ചിൽ വാച്ച് ഹൗസ് ★

L. F. ജംഗ്ഷൻ, അങ്കമാലി.

Styles

Ladies Dress Makers

OPP: St. Xaviers College

ALUVA.

Jancy Studio & Colour Lab

Kallukaran Shopping Complex

Trissur Road - Angamaly

# ദൈവത്തിന്റെ സ്വന്തം കാര്യങ്ങൾ

## (ടൂറിസ വികസനവും ചരിത്ര സ്മാരകങ്ങളും)

പത്രമാസികകളിലെ വർണ്ണത്താളുകളിലൂടെ അലസമായി കണ്ണോടിക്കുമ്പോൾ ഒരിയ്ക്കലെങ്കിലും ആ പരസ്യവാചകം നിങ്ങളുടെ മനസ്സിൽ ചേക്കേറിയിട്ടുണ്ടാകും - ''ദൈവത്തിന്റെ സ്വന്തം നാട്.'' വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ കേരള സർക്കാർ രൂപം നൽകിയിട്ടുള്ള ആ പരസ്യ വാചകത്തിന്റെ സത്യസന്ധത എത്രയെങ്കിലുമായിക്കൊള്ളട്ടെ. വികസനത്തിന് ഒരു പുത്തൻ പാതയൊരുക്കുന്ന ടൂറിസ വ്യവസായത്തിന്റെ ശംഖുനാദമാണ് ആ പരസ്യവാക്യം. സാമ്പത്തിക പ്രതിസന്ധികളിൽ വീണ് ശ്വാസം മുട്ടുന്ന വികസ്വര രാഷ്ട്രങ്ങളുടെ മുന്നിൽ ദൈവം തുറന്നുകൊടുത്ത പുതിയ പാതയാണ് ഈ വ്യവസായം എന്ന് പറയുന്നതിൽ തെല്ലും തെററില്ല. പട്ടിണിയുടെ പല്ലവി പാടുന്ന മൂന്നാം ലോകരാഷ്ട്രങ്ങൾക്കു മുന്നിൽ പ്രത്യാശയുടെ തിരി കൊളുത്താൻ ഈ പുത്തൻ വ്യവസായത്തിന് കഴിഞ്ഞിരിക്കുന്നു. പ്രത്യേക മുതൽ മുടക്കൊന്നുമില്ലാതെ തന്നെ വൻതോതിൽ വിദേശനാണ്യം നേടിക്കൊടുക്കുന്ന ടൂറിസ വ്യവസായം ചുരുങ്ങിയ കാലത്തിനുള്ളിൽതന്നെ മൂന്നാം ലോകത്തിന്റെ പ്രിയപ്പെട്ട വ്യവസായമായിരിക്കുന്നു. ടൂറിസവ്യവസായത്തിന്റെ അനന്തസാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ഭാരതവും ഈ മേഖലയിൽ ശ്രദ്ധ വിതച്ചു കഴിഞ്ഞു.

ടൂറിസവ്യവസായത്തിന്റെ വികസനത്തിന് ഭാരതത്തോളം അനുയോജ്യമായ രാഷ്ട്രങ്ങൾ അധികമില്ല. ദേശാടനക്കിളികളെപ്പോലെ കടന്നുവരുന്ന യാത്രികരുടെ കണ്ണുകൾക്ക് വിരുന്നൊരുക്കുവാൻ പ്രകൃതി കനിഞ്ഞ് അനുഗ്രഹിച്ചിരിക്കുന്നു. ഭൂമിശാസ്ത്രപരമായിപ്പോലും വൈവിദ്ധ്യങ്ങളുടെ നാടാണല്ലോ ഭാരതം. ഏതൊരു വിദേശ സഞ്ചാരിക്കും കൗതുകത്തിന്റെ താലമേകുവാൻ ഈ വൈവിദ്ധ്യത്തിനു കഴിയുന്നു.

ഇതെല്ലാം പ്രകൃതിയുടെ വരദാനം. ഇനി ഭാരതീയ സംസ്കാരത്തെക്കുറിച്ചു ചിന്തിച്ചു നോക്കാം. ഇത്ര സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം വേറെ എത്ര രാജ്യങ്ങൾക്കുണ്ട്? അതൊന്നുമാത്രം മതി ഏതൊരു വിജ്ഞാന കുതുകിയായ യാത്രികന്റെയും ചിന്താമണ്ഡലത്തിൽ വിസ്മയമുണർത്താൻ. ഭൂമിശാസ്ത്രപരമായ വൈവിദ്ധ്യം എന്നു പറഞ്ഞല്ലോ അതുപോലെതന്നെ സംസ്കാരത്തിന്റെ കാര്യത്തിലും വൈവിദ്ധ്യം തന്നെയാണ് മുഖമുദ്ര. കാലാ

കാലങ്ങളിൽ ഭാരതത്തിലേക്ക് കടന്നുവന്ന സംസ്കാര ധാരകളുടെയെല്ലാം സമന്വയമാണ് ഭാരതീയ സംസ്കാരത്തിന്റെ അന്തർധാര. വൈവിധ്യത്തിലെ ഏകത്വമാണ് ഭാരതീയ സംസ്കാരത്തിന്റെ ആധാരശില തന്നെ. എണ്ണമററ പ്രാദേശിക സംസ്കാരങ്ങളുടെ കലർപ്പും കരുത്തും അടങ്ങിയതാണ് ഭാരതീയസംസ്കാരം. എത്രയെത്ര ഭാഷകൾ, എത്രയെത്ര മതങ്ങൾ, എത്രയെത്ര വസ്ത്രധാരണ ശൈലികൾ, ഭക്ഷണ സമ്പ്രദായങ്ങൾ, കലകൾ... ......ടൂറിസ വികസനത്തിന്, ഇത്ര വളക്കൂറുള്ള മണ്ണ് മറെറവിടെയുണ്ട്.

ഇന്ത്യൻ ടൂറിസത്തിന്റെ അടിസ്ഥാനശില ചരിത്രസ്മാരകങ്ങളാണ്. ഇവിടെയെത്തുന്ന എല്ലാ വിദേശികളുടേയും ലക്ഷ്യം ഈ സ്മാരകങ്ങൾ സന്ദർശിക്കുക എന്നതാണ്. അലങ്കാരഭാഷയിൽ പറയുകയാണെങ്കിൽ ഇന്ത്യൻ ടൂറിസത്തിന്റെ ആത്മാവ് സംഭാവന ചെയ്തിരിക്കുന്നതിന് ചരിത്രത്തിന്റെ ഏടുകളിൽ ഉറങ്ങിക്കിടക്കുന്ന ചക്രവർത്തിമാരോടാണ് നാം കടപ്പെട്ടിരിക്കുന്നത്. ഇനി ഏതൊക്കെ കാലഘട്ടങ്ങൾ എന്തൊക്കെയാണ് സംഭാവന ചെയ്തിരിക്കുന്നതെന്ന് വിശദമായി പരിശോധിക്കാം.

മതങ്ങളുടെ സംഗമഭൂമിയാണ് ഭാരതം. ഭൂമുഖത്തെ പ്രമുഖ മതങ്ങൾക്കെല്ലാം തന്നെ ഭാരതത്തിൽ അനുയായികളുണ്ട്. ഹൈന്ദവമതത്തിന്റെ ജന്മഭൂമിയാണ് ഭാരതം. മതമെന്നതിനേക്കാൾ അതൊരു ജീവിതരീതിയാണെന്നു പറയാം. ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും സിക്ക് മതത്തിന്റെയും ആവിർഭാവവും ഭാരതത്തിലായിരുന്നു. പ്രമുഖ മതങ്ങളായ ക്രിസ്തുമതവും, ഇസ്ലാമതവും കടൽ കടന്നെത്തി. എന്തിനധികം ജൂതമതം പോലും ഭാരതത്തിലുണ്ട്. ഈ മതങ്ങളെല്ലാം തന്നെ ഭാരതത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിലേക്ക് അവരുടേതായ സംഭാവനകൾ ചെയ്തിട്ടുണ്ട്. ഇവയുടെയെല്ലാം പ്രഭാവത്തിന്റെ നഷ്ടപ്പെടാത്ത മുദ്രകളാണ് ഏതൊരു വിദേശിയനേയും ആകർഷിക്കുന്നത്. ഭാരതത്തിന്റെ ആദ്ധ്യാത്മിക പരിവേഷം തീർത്ഥാടകർക്കുള്ള ക്ഷണക്കത്തായി വർത്തിക്കുന്നു.

---

**നസുറുദിൻ M. A.**

II D C History

---

ഭാരതത്തിലെ ആദിമനിവാസികളായിരുന്ന ദ്രാവിഡരുടേയും ഇന്ത്യയിലേക്കു കടന്നുവന്ന് ഇവിടെ ആധിപത്യമുറപ്പിച്ച ആര്യൻമാരുടേയും പ്രഭാവത്തിന്റെ കാലം മായ്ക്കാത്ത മുദ്രകൾ നിരവധിയാണ്. ബുദ്ധമതത്തിന്റെ സ്വാധീനവും ഒരായിരം ചരിത്ര സ്മാരകങ്ങൾ നമുക്ക് സംഭാവന ചെയ്തിട്ടുണ്ട്. ബുദ്ധമത കേന്ദ്രങ്ങളായിരുന്ന വിഹാരങ്ങളും, ജാതകകഥകൾ കൊത്തിയ സ്തൂപങ്ങളുമെല്ലാം ഇന്നും നിലനിൽക്കുന്നു. ബി. സി. മൂന്നാം ശതകത്തിൽ അശോകചക്രവർത്തി പണികഴിപ്പിച്ച സ്തൂപങ്ങളാണ് ഏററവും ശ്രദ്ധേയം. ബുദ്ധമത ക്ഷേത്രങ്ങൾ ഭാരതത്തിലെമ്പാടും ഇന്നും അവശേഷിക്കുന്നു.

ഏ. ഡി. 400-നോടടുത്ത കാലത്ത് ഇന്ത്യയിലുണ്ടായ പൗരാണിക ഹിന്ദു കാലഘട്ട (Classic Hindu Period) ത്തിന്റെ സംഭാവനയാണ് ഔറംഗബാദിലെയും, അജന്തയിലെയും, എല്ലോറയിലെയും ശിലാഗുഹകൾ. ഇന്ത്യൻ ടൂറിസത്തിന്റെ മുഖ്യ ആകർഷണങ്ങളിലൊന്നാണ് ഈ ഗുഹ

കൾ. ഇവയുടെ ഭിത്തികളിലെ ശിൽപങ്ങളും ചിത്രങ്ങളും ആരുടേയും കരൾ കവരുവാൻ പോരുന്നതാണ്. ദക്ഷിണ ഭാരതത്തിലെ ദ്രാവിഡൻമാരുടെ ശിൽപകലയുടേയും വാസ്തുവിദ്യയുടേയും മികച്ച സംഭാവനകളാണ് മഹാബലിപുരത്തേയും കാഞ്ചീപുരത്തേയും ക്ഷേത്രങ്ങൾ. മധുരമീനാക്ഷി ക്ഷേത്രവും ഇക്കാലഘട്ടത്തിന്റെ സംഭാവനയാണ്.

ഇന്ത്യയിലെ വാസ്തുശിൽപ കലയെ പേർഷ്യൻ വാസ്തുകലയുമായി കൂട്ടിയിണക്കിയവരാണ് മുസ്ലീം ചക്രവർത്തിമാർ. പ്രത്യേകിച്ചും മുഗൾചക്രവർത്തിമാർ. കാലത്തെ അതിജീവിച്ച ആ സുന്ദരശിൽപങ്ങൾ ഏതൊരു വൈദേശികന്റേയും മനം കവരും. ആഗ്രയിലെ ചുവന്നകോട്ട, ഫത്തേപ്പൂർസിക്രി, പഞ്ച്മഹൽ, ദിവാനിഖാസ് തുടങ്ങിയ അനശ്വര സൃഷ്ടികൾ വിദേശീയരെ ആകർഷിക്കുന്നു.

കുറേയേറെ ചരിത്ര സ്മാരകങ്ങളെക്കുറിച്ച് പറഞ്ഞു കഴിഞ്ഞല്ലോ. എന്നാൽ ഇപ്പറഞ്ഞവയൊന്നുമല്ല ഇന്ത്യയിലെത്തുന്ന വിദേശീയൻ ആദ്യം തിരയുന്നത്. ഭൂമുഖത്തെ സപ്താത്ഭുതങ്ങളിലൊന്നാണ് അവന്റെ കണ്ണുകൾ തിരയുന്നത്. അതെ താജ്മഹൽ! അനശ്വര പ്രയാണത്തിന്റെ അനശ്വര സ്മാരകം: യമുനയുടെ തീരത്തെ ആ വെണ്ണക്കൽ മന്ദിരം ഭാരതീയ വാസ്തുവിദ്യയുടെ അത്ഭുത സാക്ഷാത്കാരമാണ്. സഞ്ചാരികൾക്കു മുന്നിൽ അനുഭൂതിയുടെ; അത്ഭുതത്തിന്റെ സ്വർഗ്ഗീയ കവാടം തുറക്കുന്ന ആ പ്രണയകുടീരം നമ്മുടെ വിനോദസഞ്ചാര ഭൂപടത്തിലെ സുവർണ്ണ നക്ഷത്രമാണ്.

എണ്ണമറ്റ ചരിത്ര സ്മാരകങ്ങളുടെ കേദാരമാണ് ഇന്ത്യ. ഓരോ സംസ്ഥാനത്തിനും ഓരോ സംസ്കാരം. ഓരോ സംസ്കാരത്തിനും ഓരോ ശൈലികൾ, ഓരോ ശൈലിയിലും നിരവധി നിരവധി സാക്ഷാത്കാരങ്ങൾ. (വളരെക്കുറച്ച് ഉദാഹരണങ്ങൾ മാത്രമേ ഈ ഉപന്യാസത്തിൽ ചേർത്തിട്ടുള്ളു.) ഇവയൊക്കെ ഇന്ന് നമുക്ക് പുതിയ രീതിയിൽ ഉപയോഗപ്പെടുന്നു. ടൂറിസ വ്യവസായത്തിന്റെ ജീവനാഡികളെന്ന നിലയിൽ.

പട്ടിണിയുടെ ക്ലാവുപിടിച്ച, മൂന്നാം ലോകത്തിന്റെ ഭിക്ഷാപാത്രത്തിന് വീണുകിട്ടിയ പൊൻനാണ്യമാണ് ടൂറിസ വ്യവസായം. മറ്റെല്ലാ വ്യവസായങ്ങളും പടുതിരി കത്തുന്ന ഭാരതത്തിൽ വികസനത്തിന് തിരി തെളിയ്ക്കാൻ ഇനിയൊരു വഴിയുണ്ടെങ്കിൽ അത് ടൂറിസവ്യവസായം മാത്രമാണ്. അനേകായിരം ദേശാടനക്കിളികൾ ''ദൈവത്തിന്റെ സ്വന്തം നാട്ടിൽ'' പറന്നിറങ്ങുമ്പോൾ നമുക്കും പറക്കാം പുരോഗതിയിലേക്ക്................പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക്.............

# FAME TO OUR COLLEGE



**Antony K. J.**
Ist Rank in History



**Sujai V. Kumar**
P. D. C. IInd Rank
in first group



**Jacob Koshy**
University &
Junior State Player
[Basketball]



**Rajeev D. Nair**
"KALAPRATHIBHA"
IInd Prize in
Inter Collegiate Creative
writing at 'Mayura-92'



**Joby Varghese**
Best Actor and
Best Performance
in Arts Festival



**Teny Varghese**
University Record Holder
South Zone
First Ind. Champion



**Babu K. V.**
Represented
R. D. Parad at
New Delhi



**Waheeda Beegam H.S.**
Ist in Inter collegiate
Light Music Comp.



**Bindu S. Menon**
Ist Prize in
Interuniversity English
essay writing Competition

# ‘ആലാപനത്തിന്റെ അനഘലാവണ്യം’

മാഗസിൻ കമ്മിറ്റി



**കഥകളി സംഗീതത്തിൽ ശബ്ദ സൗന്ദര്യവും അക്ഷര ശുദ്ധിയും സംഗമിച്ച ഒരപൂർവ്വ ആലാപന ശൈലിയുടെ ഉടമയാണ് ശ്രീ കലാമണ്ഡലം ഹൈദരാലി. ഇദ്ദേഹം ആലപിക്കുമ്പോൾ കഥകളി പദങ്ങളുടെ ചാരുത അനുപമമാകുന്നു. ഇതിലുപരിയായി വർത്തമാനകാലം പോലും വിവാദനാക്കാൻ ശ്രമിക്കുമ്പോൾ അതിനതീതനാവാൻ ആഗ്രഹക്കുന്ന ഒരു വിനീത വ്യക്തിത്വത്തിന്റെ നിറച്ചാർത്ത് ഈ നാദോപാസകനിൽ നിറഞ്ഞുനിൽക്കുന്നു. നാല് ദശാബ്ദക്കാലത്തെ കയ്പും മധുരവും നിറഞ്ഞ തന്റെ കലാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു ഈ അഭിമുഖത്തിലൂടെ ശ്രീ. ഹൈദരാലി.**

ചോദ്യം: അങ്ങ് കഥകളി സംഗീതരംഗത്തേക്ക് വന്നിട്ട് എത്രനാളായി? എന്തായിരുന്നു പ്രചോദനം?

ഉത്തരം: 1937-ൽ ആണ് ഞാൻ കഥകളി സംഗീതം പഠിക്കാൻ തുടങ്ങിയത്. ഫാദർ പാടുമായിരുന്നു. പാട്ടുകാരൻ മൊയ്തുട്ടി എന്ന പേരിലാണറിയപ്പെട്ടിരുന്നത്.

ചോ: കഥകളി സംഗീതത്തോടുള്ള പ്രത്യേക താല്പര്യത്തിന് എന്തായിരുന്നു പ്രേരണ?

ഉ: വടക്കാഞ്ചേരിയിലെ ഓട്ടുപാറയാണ് എന്റെ ജന്മനാട്. ഒരിയ്ക്കൽ MES അവിടെ ഒരു ലളിതഗാന മത്സരം നടത്തി. എനിയ്ക്കതിൽ ഫസ്റ്റ് കിട്ടി. അതിനെ തുടർന്ന് നാട്ടുകാരെല്ലാം എനിക്ക് നല്ല സംഗീതവാസനയുണ്ടെന്നും അത് പോഷിപ്പിക്കണമെന്നും പറഞ്ഞു. അന്ന് അടുത്തുണ്ടായിരുന്ന സ്ഥാപനം കലാമണ്ഡലമായിരുന്നു. പ്രാരാബ്ധങ്ങൾ പലതായിരുന്നുവെങ്കിലും അവിടെ ചേർന്നു.

ചോ: 'പ്രാരാബ്ധങ്ങൾ എന്ന് സൂചിപ്പിച്ചത് വ്യക്തമാക്കാമോ?

ഉ: സവർണ്ണരിൽ നിന്നുള്ള എതിർപ്പായിരുന്നു പ്രധാനം. ചില മുസ്ലീം പ്രമാണിമാർക്കുതന്നെ പിടിച്ചിരുന്നില്ല.

ചോ: പിൽക്കാലത്ത് ഗുരുക്കൻമാരിലും സഹപാഠികളിലും നിന്നുള്ള സമീപനങ്ങൾ എങ്ങനെയായിരുന്നു?

ഉ: ഒരഹിന്ദു ആയതിനാൽ ആദ്യമൊക്കെ ചില നമ്പൂതിരി സഹപാഠികൾ ഇന്നത്തെ റാഗിംങ് പോലെ കോണകം ഉടുപ്പിക്കാനൊക്കെ നോക്കിയിട്ടുണ്ട്. പക്ഷേ ഗുരുനാഥൻമാരിൽ നിന്നും തികഞ്ഞ പ്രോത്സാഹനമായിരുന്നു.

ചോ: ആരായിരുന്നു ആദ്യഗുരു?

ഉ: കലാമണ്ഡലം നമ്പീശനാശൻ.

ചോ: പിൽക്കാലത്ത് 'ഈയൊരു കാരണം' കൊണ്ട് കലാജീവിതത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ?

ഉ: ചില ദിക്കുകളിൽ കഥകളിയ്ക്ക് ചെന്നിട്ട് മടങ്ങിപ്പോരേണ്ടിവന്നിട്ടുണ്ട്. ഒരു ക്ഷേത്രത്തിൽ എന്നെ പങ്കെടുപ്പിക്കാൻ ക്ഷേത്രമതിൽ തന്നെ പൊളിക്കേണ്ടിവന്നു. പകുതി സ്റ്റേജ് ക്ഷേത്രവളപ്പിലും ബാക്കിപുറത്തും. ഞാൻ പുറത്തുനിന്ന് പാടി. കളിക്കാർ അകത്തുനിന്നാടി.

ചോ: ഈ വിഷമം മററുചില കലാകാരൻമാർക്കും ഉണ്ടല്ലോ........?

ഉ: ഉണ്ട്. പക്ഷേ അവിയൊന്നും ഞങ്ങളുടെ ശബ്ദത്തിന് അയിത്തമില്ല. ഇപ്പോൾ ഗുരുവായൂർ ക്ഷേത്രത്തിൽ യേശുദാസിന്റെ റെക്കോഡുകൾ വയ്ക്കുന്നില്ലേ? എനിക്കുതന്നെ ഉണ്ടായ ഒരനുഭവം പറയാം. ഒരിക്കൽ ഒരു കുട്ടിയുടെ ഭരതനാട്യത്തിന് പാടുവാൻ ഒരു ക്ഷേത്രത്തിൽ പോകേണ്ടിവന്നു. എനിക്ക് ക്ഷേത്ര വളപ്പിലേക്ക് വിലക്ക്. വേദിയാകട്ടെ ക്ഷേത്രവളപ്പിലും. പിന്നെ പുറത്ത് ഓഫീസിലിരുന്ന് അതിന്റെ അഴികൾക്കിടയിലൂടെ നോക്കി കുട്ടിയുടെ പിൻഭാഗം കണ്ടു ഞാൻപാടി. അന്നെന്റെ ശരീരം പുറത്തും ശാരീരം അകത്തും ആയിരുന്നു.

**"അന്നെന്റെ ശരീരം പുറത്തും ശാരീരം അകത്തും ആയിരുന്നു"**

ചോ: അങ്ങയെപ്പോലുള്ളവർ ഇത്തരം ദുരനുഭവങ്ങളുണ്ടായിട്ടും ഉപാസിക്കുന്ന ഈ കലയുടെ ഇന്നത്തെ ശോചനീയാവസ്ഥയ്ക്ക് എന്താണ് കാരണം?

ഉ: ആസ്വാദകരുടെ കുറവുതന്നെയാണ്. മാത്രമല്ല ടിവിയുടെ വരവ് ഉണ്ടായിരുന്ന ആസ്വാദകരുടെ എണ്ണത്തെ

തന്നെ കുറച്ചു. ജനങ്ങൾക്കാണെങ്കിൽ കലാപരിജ്ഞാനം ആവശ്യമില്ലാത്ത ഒട്ടേറെ 'എന്റർടെയ്ൻമെന്റ്' ഇപ്പോഴുണ്ടല്ലോ.

ചോ: കഥകളി ക്ലബ്ബുകളുടേയും ആസ്വാദക കളരിയുടേയും അകാലചരമം ഇതിന്റെ ഭാഗമാണോ?

ഉ: ഒരു പരിധി വരെ. പക്ഷേ പ്രധാനമായും ആസ്വാദകരായ ക്ലബ്ബംഗങ്ങൾ ഫീസ് കൊടുക്കുന്നതിൽ കാണിക്കുന്ന മടിയാണ്. 'കുടിച്ചാലും' കഥകളിക്കു വേണ്ടി പത്തു പൈസ കൊടുക്കില്ലെന്നാണ് വലിയ ആസ്വാദകരുടെപോലും മനസ്ഥിതി

ചോ: മിക്ക ക്ലാസിക്കൽ കലകൾക്കും ആസ്വാദക ദാരിദ്ര്യം ഒരു പ്രശ്നമായിരുന്നുവല്ലോ. ഉദാഹരണം ശാസ്ത്രീയ സംഗീതം തന്നെ. എന്നാൽ ഇപ്പോഴത് ജനങ്ങളിലേക്ക് കൂടുതൽ ഇറങ്ങി വരാൻ തുടങ്ങിയിട്ടുണ്ടല്ലോ. കഥകളി സംഗീതത്തിന് ഇത്തരമൊരു പുരോഗതി എന്തുകൊണ്ടില്ല?

ഉ: കഥകളി സംഗീതത്തിന് തീർച്ചയായും പുരോഗതി ഉണ്ട്. പക്ഷേ ഭൂരിപക്ഷത്തിനുള്ള താത്പര്യക്കുറവ് ടിവിയുടെയൊക്കെ വരവാണ്.

ചോ: കഥകളി സംഗീതത്തെ എങ്ങനെ ആകർഷകമാക്കാമെന്നാണ് അങ്ങ് കരുതുന്നത്?

ഉ: ജനങ്ങളെ ആകർഷിക്കത്തക്കവിധത്തിൽ ശ്രുതിമധുരമായ സംഗീതമാകണം. കഥകളിക്ക് സോപാനസംഗീതമെന്ന് പറഞ്ഞ് വികലമാക്കിപ്പാടിയാൽ ആരുമടുക്കില്ല. കഥകളിക്ക് സോപാന സംഗീതമേ പാടുള്ളൂ എന്ന നിയമമൊന്നും എങ്ങുമെഴുതിയിട്ടില്ല. ശാസ്ത്രീയസംഗീതം പഠിക്കാത്ത കുറെപേർക്ക് ഉപജീവനമാണത്.

ചോ: സോപാന സംഗീതമല്ലെന്നാണോ അങ്ങ് അഭിപ്രായപ്പെടുന്നത്?

ഉ: സോപാന സംഗീതമൊന്നുമല്ല. അവർക്ക് തോന്നിയമാതിരി പാടും. എന്നിട്ട് അതാണ് സോപാന സംഗീതമെന്ന് പറയും. ശാസ്ത്രീയ സംഗീതം പഠിച്ച ഒരാൾ അങ്ങനെ പാടുകയും ഇല്ല പറയുകയുമില്ല. പഠിക്കാതെ കാര്യം നേടുന്ന ചില പാർട്ടികളുണ്ടല്ലോ. അവരുടെ ഒരു 'തരികിട' ആയിട്ടാണ് ഇതെനിക്ക് തോന്നിയിട്ടുള്ളത്.

**"കഥകളിക്ക് സോപാന സംഗീതമെന്ന് പറഞ്ഞ് വികലമാക്കി പാടിയാൽ ആരുമടുക്കില്ല. കഥകളിക്ക് സോപാന സംഗീതമേ പാടുള്ളൂ എന്ന നിയമമൊന്നും എങ്ങുമെഴുതിയിട്ടില്ല."**

ചോ: സോപാന സംഗീതമാണ് കഥകളിയുടെ അടിസ്ഥാന സംഗീതമെന്ന് പറയാറുണ്ടല്ലോ? അത് കഥകളിക്ക് ഏതെങ്കിലും വിധത്തിൽ അപര്യാപ്തമാണോ?

ഉ: അടിസ്ഥാനം സോപാന സംഗീതമൊന്നുമല്ല. ശാസ്ത്രീയസംഗീതം തന്നെയാണ്. കഥകളിയുടെ രാഗതാളങ്ങളെ വിശദമായി പഠിച്ചാൽ അത് മനസിലാകും. മാത്രമല്ല സോപാന സംഗീതത്തിന് സ്വതേ ഭാവങ്ങൾ കുറവാണ് ഉള്ളത് ഭക്തിയും ശൃംഗാരവും മാത്രം. കഥകളിക്ക് നവരസങ്ങളും വേണമല്ലോ.

ചോ: കർണ്ണാടക സംഗീതത്താൽ നവരസങ്ങളും കഥകളി സംഗീതത്തിൽ ഉൾച്ചേർക്കാൻ കഴിയുമോ?

ഉ: തീർച്ചയായും. അതാണതിന്റെ മേന്മയും.

ചോ: കർണ്ണാടക സംഗീതാത്മകമാകുമ്പോൾ അത് അഭിനയത്തിന്റെ മേനിയെ കുറയ്ക്കുമെന്ന് പറയാറുണ്ടല്ലോ

ഉ: ഒരു കുറവും വരുന്നില്ല. മേനി കൂടുകയേ ഉള്ളൂ.

ചോ: ചുരുക്കത്തിൽ അങ്ങ് കഥകളിയിലെ സോപാന സംഗീത സ്വാധീനത്തെ പൂർണ്ണമായി നിരാകരിക്കുകയാണോ?

ഉ: അതെന്താണെന്ന് ഒരാളെന്ന് ആധികാരികമായി പറഞ്ഞ് മനസ്സിലാക്കി തരട്ടെ. സോപാന സംഗീതമെന്ന് പറയാനല്ലാതെ അതെന്താണ്, ഏതാണ് എന്ന് പറയാൻ ആർക്കുമറിയില്ല

ചോ: ചില ഗായകർ സംഗീതാംശത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നത് കഥകളിയുടെ മൊത്തത്തിലുള്ള ആസ്വാദനത്തിന് തടസ്സമാകുന്നു എന്ന് പറയാറുണ്ടല്ലോ?

ഉ: ഗായകൻ ഒരു ഘടകമാണല്ലോ. ഒരു കറി നന്നാവണമെങ്കിൽ എല്ലാ കൂട്ടും ഒരു പോലെ ചേരണ്ടേ? ഉപ്പ് കൂടിയിരുന്നാൽ................?

ചോ: അങ്ങ് ആലപിക്കുമ്പോൾ 'ആ കറി'യിൽ 'ഉപ്പ്' കൂടുന്നതായി ചിലർ അഭിപ്രായപ്പെടുന്നുണ്ടല്ലോ?

ഉ: അങ്ങനെ വരില്ല. അങ്ങനെയാണെങ്കിൽ ആസ്വാദകർ തന്നെ അത് സൂചിപ്പിക്കുമല്ലോ. മാത്രമല്ല 'വളരെ ഷോയി' എന്നുപറയാറുമുണ്ട്.

ചോ: 'ആ, ഷോ' പാട്ടിന് മാത്രമുള്ളതായിക്കൂടെ?

ഉ: പൊതുവെ പറഞ്ഞാൽ എല്ലാത്തിനുമായി കൃഷ്ണൻനായരാശാൻഗംഭീരമായാടുമ്പോൾ പാട്ട് അപസ്വരമായിരുന്നാൽ ആരെങ്കിലും ആശാനെ ശ്രദ്ധിക്കുമോ? എന്നാൽ വേഷം അൽപ്പം മോശമായാലും പാട്ട് നന്നെങ്കിൽ വല്ല്യ പ്രശ്നമില്ല.

ചോ: കഥകളിക്ക് ഇന്നത്തെ നിലയിൽ നിന്ന് എന്തെങ്കിലും പരിഷ്കാരം അങ്ങ് നിർദ്ദേശിക്കുന്നുണ്ടോ?

ഉ: നാടകീയത നഷ്ടപ്പെടാതെ കഥകളി അവതരിപ്പിക്കണം. ഇന്ന് പലരും കഥാപാത്രത്തെ മറന്നുകൊണ്ടാണ് ആടാറ്. ധർമ്മപുത്രർ രൗദ്രഭീമനാകുന്നതും വയററിലെ വീര്യത്താൽ കൃഷ്ണൻ വേദിയിൽ ഛർദ്ദിക്കുന്നതുമായ ഇന്നത്തെ കഥകളി സംസ്കാരം ആദ്യം മാറണം.

**'നാടകീയത നഷ്ടപ്പെടാതെ കഥകളി അവതരിപ്പിക്കണം. ഇന്ന് പലരും കഥാപാത്രത്തെ മറന്നു കൊണ്ടാണ് ആടാറ്''**

ചോ: കഥകളിയിൽ ഒരു സംവിധായകന്റെ കുറവുണ്ടെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്? സാധാരണയായി പൊന്നാനി പാട്ടുകാരനാണ് സംവിധായകനെന്ന് പറയാറുണ്ടല്ലോ?

ഉ: അതെ. എല്ലാം തികഞ്ഞ, ഭരിക്കാൻ പററിയ ഒരു സംവിധായകൻ കഥകളിക്കും വേണം. പൊന്നാനി സംവിധായകനാണെന്നുള്ളത് പറച്ചിലു മാത്രമാണ്. ചിലപ്പോൾ നമ്മുടെ ഗുരുക്കൻമാരാകും ആടുക അല്ലെങ്കിൽ പാടുക. അവരെ നമുക്ക് നിയന്ത്രിക്കാൻ പററുമോ?

ചോ: ശ്രുതി കുറഞ്ഞ ചെണ്ട ഉപയോഗിക്കുക എന്ന അഭിപ്രായം പ്രായോഗികമാക്കിയാൽ കഥകളിയിലെ വാദ്യങ്ങൾക്കുതമ്മിൽ ഒരു സാമഞ്ജസ്യം (Symphonic)ഉണ്ടാവില്ലേ?

ഉ: അഭിനയിക്കുമ്പോൾ ഇന്നത്തെ രീതി തന്നെ തുടരുകയാണുത്തമം. ഇപ്പോഴുള്ള സംഗീതം പാരമ്പര്യമായി കേട്ട് പരിചയിച്ചതിനാൽ കുഴപ്പമില്ല.

ചോ: കഥകളി സംഗീതത്തെയും 'സ്പീഡ്' ബാധിച്ചിട്ടുണ്ടല്ലോ ഇത് കഥകളിയുടെ ആത്മാംശത്തെ ബലികഴിക്കലാവില്ലേ?

ഉ: അങ്ങനെ തന്നെയെന്ന് തോന്നാറുണ്ട്. പക്ഷേ ആസ്വാദനനിലവാരം മാറിയതാണ് ഇതിനു കാരണം.

ചോ: അങ്ങും അതിനോട് 'കോംപ്രമൈസ്സി'ലാണോ?

ഉ: ആകാതെ പററില്ലല്ലോ. ഒഴുക്കിനെതിരെ നീന്തിയാൽ ഹൈറാലിയെ ആർക്കും വേണ്ടാതാവും. വിഷമം തോന്നാറുണ്ട്. പക്ഷേ കലാസ്നേഹം മാത്രം പോരല്ലോ. ജീവിച്ചുപോരണ്ടേ

ചോ: ചില പദങ്ങൾ അങ്ങ് ആട്ടക്കഥാകൃത്തുക്കളുടെ നിർദ്ദേശാനുസൃതമല്ലാത്ത രാഗത്തിൽ പാടാറുണ്ടല്ലോ. നളചരിതത്തിലെ '[illegible]'യിൽ ഉള്ള പദം 'ശുഭപന്തുവരാളി'യിൽ പാടിക്കേട്ടിട്ടുണ്ട്. എന്തുകൊണ്ടാണിത്?

ഉ: 'Unheard melodies are sweeter' എന്ന കവിവാക്യം തന്നെ ഉത്തരം. പാടിപ്പതിഞ്ഞതിൽ നിന്നും വ്യത്യസ്തമായി പാടുമ്പോൾ കേൾക്കാനൊരു പ്രത്യേക സുഖമുണ്ടാകും. മാത്രവുമല്ല 'ശുഭപന്തുവരാളി'ക്ക് ആ സന്ദർഭത്തിൽ കൂടുതൽ ഭാവവും ഉണ്ട്.

ചോ: ചിട്ടപ്രധാനമായ കഥകളാണ് കഥകളിയെ നശിപ്പിക്കുന്നതെന്ന അഭിപ്രായത്തെക്കുറിച്ചെന്തു തോന്നുന്നു?

ഉ: ഒരിക്കലുമില്ല. ചിട്ടപ്രധാനമായതാണ് കഥകളിയുടെ മഹത്വംതന്നെ.

ചോ: അങ്ങ് നടത്തുന്ന കഥകളി സംഗീതകച്ചേരിയോട് ശ്രോതാക്കളുടെ പ്രതികരണമെങ്ങനെ?

ഉ: കുറെ പാരമ്പര്യവാദികളുണ്ട്. പക്ഷേ സംഗീതജ്ഞൻമാരുടെ 'ഉള്ളിൽക്കേറി' സംസാരിച്ചാൽ അവർ കഷ്ടമാണ്.

ചോ: കഥകളി സംഗീതത്തോട് യുവജനങ്ങൾക്കുള്ള താല്പര്യക്കുറവെന്തുകൊണ്ടാണ്?

ഉ: കുറച്ചൊക്കെ പലരുടെയും ആലാപനദോഷം കൊണ്ടാണ്. ഞാനും എമ്പ്രാന്തിരിയും ഹരിദാസുമൊക്കെ കുറച്ച് മാറ്റം വരുത്തിയിട്ടുണ്ടെന്ന് കരുതുന്നു.

ചോ: ഷേക്സ്പീരിയൻ നാടകങ്ങളുടെ കഥകളി ആവിഷ്ക്കാരത്തെ കുറിച്ചെന്ത് തോന്നുന്നു?

ഉ: വിദേശത്ത് വിജയിക്കുമായിരിക്കും. ഇവിടെ സാധ്യതയില്ല.

ചോ: ദൂരദർശനിലെ കഥകളിയെ കുറിച്ചെന്താണഭിപ്രായം? അത് കഥകളിയെ ജനകീയമാക്കാൻ സഹായിക്കുന്നില്ലേ?

ഉ: ജനകീയമാക്കാൻ ഒരു പരിധി വരെ സഹായിക്കുന്നുണ്ട്. പക്ഷേ ദൂരദർശൻ കഥകളി അത്ര നന്നാവാറില്ല. അഭിനയിക്കേണ്ട ഭാഗത്തു വരുമ്പോൾ കൈമുദ്രകൾ കാണിക്കുക. 'ചില്ലീലതകൾ കൊണ്ടെന്നെ തല്ലിടായ്ക ധന്യേ' എന്ന ഭാഗം അഭിനയിക്കുമ്പോൾ മദ്ദളക്കാരന്റെ ചിറിയായിരിക്കും കാണിക്കുക. ഇത് ക്യാമറാമാൻ സഹൃദയനല്ലാത്തതിന്റെ കുറവാണ്.

**"ദൂരദർശൻ കഥകളി അത്ര നന്നാവാറില്ല. ഇത് ക്യാമറാമാൻ സഹൃദയനല്ലാത്തതിന്റെ കുറവാണ്"**

ചോ: ഇത്ര വർഷത്തെ കലോപാസനയ്ക്ക് എന്തൊക്കെ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്?

ഉ: കഥകളി ക്ലബ്ബുകളുടെ ഏതാനും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 'കലാക്ഷേത്ര'യും ആദരിച്ചിട്ടുണ്ട്. കലാമണ്ഡലത്തിന്റെ കൂടെ 1985-ൽ അമേരിക്കയിൽ വച്ച് നടന്ന 'ഭാരതോത്സവ'ത്തിൽ പങ്കെടുക്കുവാനും മിക്കവാറും യൂറോപ്യൻ രാജ്യങ്ങളിൽ പര്യടനം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. പക്ഷേ പുട്ടപർത്തിയിൽ വച്ച് എന്റെ പാട്ടുകേട്ട് സായിബാബ എന്നെ ആലിംഗനം ചെയ്തത് ഞാൻ വലിയൊരു ബഹുമതിയായി കരുതുന്നു.

ചോ: കലാജീവിതത്തിൽ ഏറ്റവും അവിസ്മരണീയമായ സംഭവം പറയാമോ?

ഉ: യേശുദാസിൽ നിന്നുണ്ടായതാണ്. പെരുന്നാപ്പുറം ക്ഷേത്രത്തിൽ ഒരിയ്ക്കൽ ദാസേട്ടൻ കച്ചേരി നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഓപ്പൺ എയറിലായിരുന്നു പരിപാടി. നല്ല ഞഞ്ഞു വീഴ്ചയുണ്ടായിരുന്നു. 'വാതാപി'യ്ക്ക് സ്വരം പാടിക്കൊണ്ടിരിക്കെയാണ് ഞാൻ ചെന്നത്. ഞാൻ മുന്നിൽ ചെന്ന് നിലത്തിരുന്നു. ഉടനെ ദാസേട്ടൻ കച്ചേരി നിർത്തി ഗുരു വന്നാൽ പോലും ചെയ്യാൻ

പാടില്ലാത്തതാണ്. പിന്നെ എന്നെ നോക്കിയിട്ട് പറഞ്ഞു ''എന്തിനാ അവിടെ ഇരിക്കുന്നെ, തൊണ്ട അടയ്ക്കും. സ്റ്റേജിലേയ്ക്ക് കയറി ഇരിക്കാം.'' പിന്നെ എന്നെ സ്റ്റേജിലിരുത്തിയിട്ടേ അദ്ദേഹം കച്ചേരി തുടർന്നുള്ളൂ. ഈയനുഭവത്തെ ഞാനെന്നും താലോലിക്കുന്നു.

ചോ: ഗായകനെന്നതിലുപരി കഥകളിയുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ഉ: കഥകളി സംബന്ധിയായ ലേഖനങ്ങൾ എഴുതാറുണ്ട്. ചില പദങ്ങൾ രാഗം മാററി ചെയ്യാറുണ്ട്. ഗവേഷണമായിട്ടൊന്നുമില്ല.

ചോ: യുവ കലാകാരൻമാരെ എങ്ങനെ വിലയിരുത്തുന്നു?

ഉ: വളരെ കഴിവുററവരാണ്. എന്നാൽ ക്ലാസിക്കൽ കലകൾ പഠിക്കുന്നവർ കൂടുതൽ ക്ലേശത്തിനും സാധനയ്ക്കും തയ്യാറാകണം.



## Laveena Industries

**KARIYAD,** MAIKAD POST, ERNAKULAM DIST., PIN — 683 589.

Phone: 2838 Res: 2021 } Angamaly.

Manufacturers of Guaranteed :—

Computer Furniture
Steel Furniture
Collapsible Gates
Steel Windows
Angle Iron/Tubular Trusses
Rolling Shutters
Gate & Grills
And General Eng: Works



**Quality Workmanship And Prompt Service is Our Moto**

# ECCONOMICAL REFORMS



**Rajan Varghese**
Dept. of Economics

## New Economic Policies - Problems and Prospects

Economic decisions of fundamental importance are being sprung on the country whithout any informed debate. The package of reforms unfolded so far, has covered the following measures:

1. The devaluation of the rupee by about 20%.
2. A new trade policy unleashing massive deregulation of the trade regime and introducing market-oriented incentives.
3. A new industrial policy reducing the role of the public sector to essential activities
4. A liberal open-door policy for attracting private foreign investment and technology.
5. Fiscal reforms aimed at reducing Govt. spending to 6.5% of GDP.

The new economic policies adopted since July 1991 have come closer to the prescriptions of the IMF and the World Bank thus marking a radical departure from the policies pursued during the last the forty years. This is clear from the Memorandum of Economic Policies for 1991 - '92 and 1992-'93, submitted by the Govt. of India to the International Monetary Fund, in August 1991, and subsequently, placed in Parliment on December 16, 1991. During this period, India was facing a balance of payments crisis. The foreign exchange reserves of the country were just sufficient for two weeks imports. The Govt. had no other alternative but to seek IMF assistance. But IMF assistance to any member country has always been conditional, as it has a special overseeing responsibility while being called upon to provide substantial credit.

Economic theory and the recent economic history of developing countries are unambiguous on this issue: IMF-style stabilization and structural adjustment programmes impose great hardship on the economics of developing nations, and the victims of this hardship are the poor and the propertyless. The standard IMF policy package for atructural adjustment and the conditions associated typically with it - like the new policies being implemented in India - tend to generate stag*flation*, a combination of inflation and recession. The economy, in short, abjusts via a contraction of output and employment.

Take for instance the policies of fiscal austerity These involve a reduction in public expenditure and investment and, therefore, in aggregate demand, which results in a contraction of output. Similarly, the policies of monetary restriction, by-means of a rise in interest rates and control on credite, also affect adversely, the growth of output. The rise in the cost of funds suppresses investment and production. This, in turn, affects employment generation.

One of the short-run effects of devaluation is inflation. The devaluation of a currency raises the domestic prices of imports (eg. petroleum products, fertilizers etc.); this price increase is passed on to the prices of final products that utilize imported intermediate goods.

An important component of structural adjustment programmes is the 'rationalization' or 'streamlining' of public sector enterprises. A feature of such rationalization is the replacement of administrative controls over prices, by market forces. This inevitably implies a rise in the price of goods and services provided by the public sector (eg. rise in bus and rail fares). The main users of public transport are hit the hardest. Increases in the prices of public sector products also feeds into the price spiral. The restructuring of public sector enterprises also entails closing down certain units and consequently, the dismissal of large numbers of workers. In India, there is the National Renewal Fund, created with the assistance of the World Bank, to implement this 'Exit policy', in Industries. Another feature of rationalisation is the demand to shift the production of certain basic goods from the realm of the public sector to the private sector. The underlying assumption is that production in the public sector is inherently more inefficient than in the private sector, an assumption that studies of specific industries have not established, even in the country that has been a recent leader in privatization, the United Kingdom.

Another demand of structural adjustment programmes, is the elimination of food subsidies, accompanied by a systematic paring down of the system of public distribution of food. Such a policy has two consequences. First, it results in a big increase in the prices of basic food products. Secondly, it affects the direct availability of certain basic food items.

The price rise resulting from structural adjustment policies, cuts deeply into the real purchasing power of wages IMF-style programmes have a regressive effect on income distribution. The combination of a fall in real wages and a rise in unemployment, bring down the share of wages in national income.

The poor are also the first to be affected by the steep cuts in public expenditure on education, health, food and other social welfare programmes. The imposition of fiscal austerity compined with the ideological preference for the market, means that public expenditure on welfare programmes are the first to feed the axe of adjustment programmes.

Historical experience especially in developing nations like Mexico, Chile, Srilanka and Jamaica shows that structural adjustment programmes bring in thire wake, tremendous hardship for the working people and the poor.

*INDIA'S RECENT EXPERIENCE:*

ഉ: വെറുതെ ഇരുന്നു തുരുമ്പുപിടിക്കുന്നില്ല. കഴിഞ്ഞമാസം ''അരക്കില്ലം'' എന്ന ഒരു സ്റ്റേജുനാടകം എഴുതി. രണ്ടുവട്ടം തിരുവനന്തപുരത്ത് അരങ്ങേറി-നല്ല അഭിപ്രായമാണ് –ഇതിനു പുറമേ ''രണ്ടു ജന്മം'' എന്നൊരു സീരിയൽ ടി. വി. യിലേക്ക് എഴുതി കൊടുത്തിട്ടുണ്ട്. അത് അംഗീകരിച്ചു കഴിഞ്ഞു.

വയസ്സ് എഴുപത്തി ഒന്ന് ആയി. ബാററിക്ക് തേയ്മാനം വന്നിട്ടുണ്ട്- പെട്രോൾ കുറച്ചു ബാക്കിയുണ്ട് വണ്ടി ഓടുന്നു ഓടാതെ പററുക ഇല്ലല്ലോ.

അഭിനയത്തിന്റെ വിവിധ മുഖഭാവങ്ങളെക്കുറിച്ച് വിവരിച്ചുതന്നുകഴിഞ്ഞപ്പോഴേക്കും പടിഞ്ഞാറ് സായാഹ്നസൂര്യൻ അസ്തമിക്കാനായി കാത്തുനിന്നിരുന്നു. ഈ അഭിമുഖത്തിലൂടെ വളരെ വിശദമായി കാര്യങ്ങൾ പറഞ്ഞുതന്ന മലയാളത്തിന്റെ അഭിനയസാമ്രാട്ടായ ശ്രീ. ടി. എൻ. ഗോപിനാഥൻനായർക്ക് എന്റെ നിസീമമായ നന്ദിപ്രകാശിപ്പിച്ചുകൊണ്ട് ഈ അഭിമുഖം അവസാനിപ്പിച്ചു കൊള്ളുന്നു.

അഭിമുഖം നടത്തിയത്

**കെ. എം. രാജേന്ദ്രൻ**
1990–1991 ആർട്സ് ക്ലബ് സെക്രട്ടറി



**NATIONAL COMPUTER ACADEMY**

*AFF: NATIONAL COMPUTER SYSTEMS (REGD) H. O. GUWAHATI*

CHENGAMANAD - 683 578, ALUVA, KERALA

# അദ്ധ്യയനമോ? രാഷ്ട്രീയമോ?

ഏലിയാസ് പി. എ.
(രണ്ടാം വർഷ മലയാളസാഹിത്യം)

സമരങ്ങൾക്കും, പഠിപ്പുമുടക്കിനും, പണിമുടക്കിനുമൊക്കെ പ്രസക്തിയേറി കൊണ്ടിരിക്കുന്ന കാലഘട്ടമാണല്ലോ ഇന്ന് സംജാതമായികൊണ്ടിരിക്കുന്നത്. തങ്ങളുടെ നേതൃത്വങ്ങളിൽനിന്നും കിട്ടുന്ന ഉത്തരവനുസരിച്ച് സമരങ്ങൾ ബന്ദ് വരെ ആക്കാനും, നിലനിൽപ്പിനുവേണ്ടി അക്രമങ്ങളിലൂടെ തങ്ങളുടെ ശക്തി തെളിയിക്കുവാനും, ഇന്ന് രാഷ്ട്രീയക്കാർ മടിക്കാറില്ല. ഒരുഭാഗത്ത് രാഷ്ട്രീയപാർട്ടികൾ പെറ്റ് പെരുകുമ്പോൾ മറുഭാഗത്ത് സമാധാനപരവും സുഗമവുമായ ജീവിതം യഥാർത്ഥത്തിൽ അസാധ്യമായിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രത്തിലായാലും സംസ്ഥാനത്തിലായാലും ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള രൂക്ഷമായ അഭിപ്രായ സംഘട്ടനങ്ങളുടെ വിഴുപ്പുഭാണ്ഡം ചുമക്കേണ്ടിവരുന്നത് സാധാരണഗതിയിൽ നിരപരാധികളും എന്നാൽ നിഷ്പക്ഷരുമായ സാധാരണക്കാരാണ്. ആദർശങ്ങളെ വളച്ചൊടിക്കാനും ഇച്ഛിക്കുന്നതുപോലെ അവയിൽ മാറ്റങ്ങൾ വരുത്താനും രാഷ്ട്രീയക്കാർ ഇന്നു പരിശീലിച്ചുകഴിഞ്ഞു. ഈ പരിശീലനത്തിനുള്ള വേദികളാണെങ്കിൽ സമരപന്തലുകളും, തെരുവുമൂലകളും, നാൽക്കവലകളും അവിടെനിന്ന് അവർക്ക് ലഭിക്കുന്ന 'ജനസമ്മതി' മതി രാഷ്ട്രീയത്തിൽ ഒരു നേതാവാകാൻ. നേതാവായാൽ പാർട്ടിയിൽ നിന്നും കാലുമാറാനും കൂറുമാറാനും അവർ അഭ്യസിച്ചിരിക്കും.

ഇത്തരം 'അഭ്യസ്തവിദ്യരായ' നേതാക്കന്മാരിൽ നിന്നു ലഭിക്കുന്ന പ്രചോദനവും പ്രേരണയുമാണ് സത്യത്തിൽ ഇന്നു കലാലയങ്ങളിൽ കളിയാടുന്ന ജനാധിപത്യത്തിന്റെ അടിസ്ഥാനമായി വർത്തിക്കുന്നത്. കലാലയങ്ങളാണ് ഇത്തരം നേതാക്കളുടെയും ഉപനേതാക്കളുടെയും കളരി. മുകളിൽ നിന്നു ലഭിക്കുന്ന ആജ്ഞ അനുസരിച്ച് 'ആത്മാർത്ഥമായി' പ്രവർത്തിക്കാനും ഈ ഉപനേതാക്കൾ സന്നദ്ധരാണ്. ഈ ആത്മാർത്ഥതയിൽ നന്മതിന്മകളില്ലതാനും. കാരണം തങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളുടെ നന്മതിന്മകളറിയേണ്ട ആവശ്യം അവർക്ക് ഇല്ലാ എന്നതുതന്നെ. വിദ്യാർത്ഥിനേതാക്കളെ സംബന്ധിച്ചിടത്തോളം തത്കാലം മുകളിൽ നിന്നു ലഭിക്കുന്ന ഉത്തരവുകളാണ് അവരെ പ്രവർത്തന നിരതരാക്കുന്നത്. ലക്ഷ്യബോധമില്ലാത്ത കർമ്മപരിപാടികളിലൂടെ വിദ്യാർത്ഥികളെ തെരുവിലിറക്കുന്ന ഈ കറുത്ത കൈകൾ വിദ്യാർത്ഥികൾ തിരിച്ചറിയുകയും, സ്വതന്ത്രമായ കാഴ്ചപാടുകളിലൂടെ ഉണർന്നു പ്രവർത്തിക്കുകയും ചെയ്യേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവരുടെ നേതൃത്വവാഞ്ഛയും അധികാരമോഹങ്ങളുമാണ് ഒരു പരിധിവരെ കലാലയരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഊടും പാവും നെയ്യുന്നത്.


ഇന്ന് സ്കൂളുകളിൽപോലും രാഷ്ട്രീയം അതിന്റെ ബാലപാഠങ്ങൾ അഭ്യസിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ആയിരക്കണക്കിനു വിദ്യാർത്ഥികളുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രാഷ്ട്രീയച്ചുവയുള്ള വിരലിലെണ്ണാവുന്ന വിദ്യാർത്ഥികൾ മതി ദിവസങ്ങളോളം ആ സ്ഥാ

പഠനത്തിന്റെ പ്രവർത്തനങ്ങൾ സ്തംഭിപ്പിക്കാൻ അതിനുള്ള കഴിവും തന്റേടവും പലപ്പോഴായി അവർ ആർജ്ജിച്ചു കഴിഞ്ഞു. ചുരുക്കത്തിൽ വിദ്യാ അഭ്യസനത്തിനു പകരം രാഷ്ട്രീയ അഭ്യസനമാണ് ഇന്ന് കലാലയങ്ങളിൽ തുടരുന്നത്. പഠിപ്പുദിനങ്ങളുടെ എണ്ണം നിയന്ത്രിക്കാനും വിദ്യാർത്ഥികൾക്ക് നന്നായറിയാം. അതിനു വിദ്യാർത്ഥികളെ മാത്രം പഴിചാരുന്നതിലർത്ഥമില്ല. അവരെ നിയന്ത്രിക്കുന്ന ശക്തികൾ പരോക്ഷമായി സമരരംഗങ്ങളിലുണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ലല്ലോ.

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ തിരക്കിയാലറിയാം ഏതാണ്ട് 90 % ത്തോളം വിദ്യാർത്ഥികളും പഠിപ്പുമുടക്കിനെയും രാഷ്ട്രീയത്തിന്റെ അതിപ്രസരത്തെയും അനുകൂലിക്കുന്നവരല്ല എന്ന നഗ്നസത്യം. പക്ഷേ രാഷ്ട്രീയ തീവ്രതയുള്ള നേതാക്കന്മാരുടെ സമ്മർദ്ദങ്ങൾക്കും, മറ്റൊരു വിധത്തിൽ ഭീഷണികൾക്കും വരെ മനസ്സില്ലാ മനസ്സോടെ വഴങ്ങാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നു. ഈ പ്രവണത വിദ്യാർത്ഥികളെ അവരുടെ ലക്ഷ്യത്തിൽ നിന്നും ദീർഘ ദൂരം അകററി നിർത്തുന്നു. പഠനത്തോട് പൂർണ്ണമായോ ഭാഗികമായോ നീതിപുലർത്താൻ വിദ്യാർത്ഥികൾ പരാജയപ്പെടുന്നു. ക്രമേണ അവരുടെ പഠന നിലവാരം തന്നെ താഴുന്നു.

അവശ്യ സമരങ്ങളെ പിൻതാങ്ങിയില്ലെങ്കിലും അനാവശ്യ സമരങ്ങൾക്കെതിരെ പ്രതികരിക്കാനെങ്കിലും വിദ്യാർത്ഥികൾ തയ്യാറാവുന്നില്ല. ഇനി പ്രതികരിച്ചാലോ ? അവർക്കു നേരെയുണ്ടാവുന്ന 'ഇരുമ്പുമുഷ്ടികളുടെ' ഭീഷണികളും കുറവല്ല. അതോടെ സൈക്കിൾ ചെയിനും, കുറുവടിയും കഠാരയും കലാലയ രാഷ്ട്രീയത്തിൽ സ്ഥാനം പിടിക്കും. അങ്ങനെ കലാലയ വിദ്യാഭ്യാസം, ഇന്ന് അതിദയനീയമായി അലങ്കോലപ്പെട്ടും കിടക്കുന്നു.

വിദ്യാർത്ഥികൾ തങ്ങളുടെ കടമകളെ മറന്ന് രാഷ്ട്രീയത്തിലും പരിഷ്കാരത്തിലും മത്തുപിടിക്കുമ്പോൾ സംഗതികളാകെ അവതാളത്തിലുകുന്നു. വാസ്തവത്തിൽ രാഷ്ട്രീയക്കാർ നാനാതരത്തിൽ വിദ്യാർത്ഥികളുടെ ഭാവിയെ പന്താടുകയാണ് ചെയ്യുന്നത്. അതിനെതിരെ തികഞ്ഞ ആത്മധൈര്യത്തോടും, സമചിത്തതയോടും കർത്തവ്യബോധത്തോടും, ദീർഘദൃഷ്ടിയോടും, ഉൽക്കർഷേച്ഛയോടും സർവ്വോപരി ഉത്തരവാദിത്വ ബോധത്തോടും കൂടി പ്രചോദനം ഉൾക്കൊണ്ട് ഒററക്കെട്ടായി പ്രവർത്തിക്കുന്ന പക്ഷം കലാലയങ്ങളിലെ വളർന്നുവരുന്ന വിദ്യാർത്ഥികളുടെ അസ്വസ്ഥതകളെ ഒരു പരിധി വരെ ചെറുത്തുനിൽക്കുന്നതിനും അങ്ങനെ ജീവിതമാകുന്ന കുരുക്ഷേത്ര യുദ്ധത്തിൽ വിജയ മകുടം ചൂടുന്നതിനും നമുക്കു സാധിക്കുന്നതിനോടൊപ്പം ഒരു കാര്യം നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു. അദ്ധ്യയനത്തിന് ശേഷം രാഷ്ട്രീയം, രാഷ്ട്രീയത്തിന് ശേഷം അദ്ധ്യയനം എന്ന മുദ്രവാക്യം ആകരുത്.



*With Best Compliments From:*

# "APOLLO TYRES LTD"



# സ്മൃതിപഥത്തിൽ ഒരു അശ്രുപൂജ



**അൻപത് പിന്നിട്ട ക്വിറ്റിന്ത്യാസമരം ഒരു ഓർമ്മക്കുറിപ്പ് ആയി മാറുന്നു. മാതൃ ഭൂമിയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ആയിരങ്ങളുടെ ജീവൻ ബലി കൊടുത്തു. ലക്ഷ്യ പ്രാപ്തിക്കു വേണ്ടിയുള്ള ഈ സമരത്തിൽ ഇന്ത്യൻ ജനത ഒന്നിച്ചുനിന്നു.**

സ്മൃതി പഥങ്ങൾ പലതും ഉണ്ട് എന്നാൽ ഇന്ത്യ മറക്കാത്ത ഒരു സ്മൃതിപഥമുണ്ട് ക്വിറ്റിന്ത്യാ. ജനിച്ച നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അന്ത്യ പോരാട്ടം അവസാനം കാണുന്നത് വരെയുള്ള ഈ ധർമ്മസമരയജ്ഞത്തിൽ നിരായുധരായ സമര വോളണ്ടിയർമാർ കമ്പനി പട്ടാളത്തിന്റെ വെടിയുണ്ട ഏറ്റ് പിടഞ്ഞുവീണു അവരുടെ ചോരത്തുള്ളികൾ നൽകി നേടിയെടുത്ത നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം ഉള്ള് നിറയെ നമ്മൾ ആസ്വദിക്കുമ്പോഴും, രാജ്യത്തിന്റെ മഹത്തായ പൈതൃകത്തിൽ നമ്മൾ അഭിമാനം കൊള്ളുമ്പോഴും നമ്മൾ ചിന്തിക്കേണ്ടതുണ്ട് വിദേശ ശക്തിയുടെ കരവലയത്തിൽ നിന്നും മാതൃഭൂമിയെ രക്ഷിക്കാൻ എത്രയോ വ്യക്തികളുടെ ജീവൻ ബലികൊടുക്കേണ്ടിവന്നു. എത്രയോ പ്രസ്ഥാനങ്ങളെയും, നേതാക്കളെയും, സമരങ്ങളെയും പ്രതിഷേധിക്കേണ്ടി വന്നു. 1857 -മെയ് മാസം 30-ാം തീയതി ഡൽഹിയിൽ നിന്നും 58കിലോമീറ്റർ അകലെ മീററ്റിൽ നിന്നും ആരംഭിച്ച ഇന്ത്യയുടെ ആദ്യത്തെ

സ്വാതന്ത്ര്യസമരം ഇരുകയ്യുംനീട്ടിക്കൊണ്ട് വിദേശീയ ശക്തികൾ അടിച്ചമർത്തിയെങ്കിലും സമരഭടൻമാരുടെ ചോരത്തുള്ളികൾ രാജ്യത്തെ ചിന്തിപ്പിക്കാൻ തുടങ്ങി. അവരുടെ സമരാവേശം മാതൃഭൂമിയുടെ ഐക്യത്തെക്കുറിച്ച് ഇന്ത്യൻ ജനതയുടെ മനസ്സിൽ വിത്ത് പാകാൻ കഴിഞ്ഞു. ഇന്ത്യയ്ക്ക് എന്ന് സ്വാതന്ത്ര്യം കിട്ടും? മാതൃരാജ്യത്തെ എന്ന് മോചിപ്പിക്കാൻ കഴിയും? ഇതിന് ഉത്തരവുമായിട്ട് ഭാരതീയരുടെ കണ്ഠങ്ങളിൽ നിന്നും ഉയർന്നുകേട്ട 'ക്വിറ്റ് ഇന്ത്യ' ശബ്ദം മറക്കാൻ കഴിയുമോ നമുക്ക്? ഈ സമരത്തിൽ അടരാടി ജീവൻ ബലികൊടുത്തവരെ വിസ്മരിക്കാൻ നമുക്ക് കഴിയില്ല. മഹത്തായ ആ സ്മൃതിപഥം നമ്മൾ വിസ്മരിച്ചാൽ ഭാരതാമ്മയോട് നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ പാതകം ആയിരിക്കും അത്. ഭാരതത്തെ കോരിത്തരിപ്പിച്ചുകൊണ്ട് ഇന്ത്യക്കാരന്റെ മജ്ജയിലും മാംസത്തിലും, സിരയിലും, പ്രവൃത്തിയിലും, വികാരത്തിലും തീരാത്ത സ്വാതന്ത്ര്യമോഹവും ചോരാത്ത സമരാവേശവുമായി ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താൻ വേണ്ടിയുള്ള ഈ ഐതിഹാസിക പോരാട്ടത്തെ ഒരിക്കലും നമുക്ക് മറക്കാൻ കഴിയില്ല.

കൈക്കുഞ്ഞുങ്ങളുമായി അമ്മമാരും മാറിടത്ത് ചേർത്തുപിടിച്ച പുസ്തകക്കെട്ടുകളുമായി വിദ്യാർത്ഥികളും, വയലേലകളിൽ നിന്ന് കർഷകരും, വ്യവസായ ശാലകളിൽ നിന്ന് തൊഴിലാളികളും, പണ്ഡിതൻ മുതൽ പാമരൻ വരെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും പെട്ട ജനവിഭാഗങ്ങൾ സമരത്തിൽ പങ്കുചേർന്നു. അദമ്യമായി അലറിയടിക്കുന്ന തിരമാലയെ പോലെ ജനിച്ചനാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി കൈകോർത്തുപിടിച്ച് ഒരൊറ്റശബ്ദമായി ഒരൊറ്റ ശക്തിയായി സ്വാതന്ത്ര്യം ലഭിക്കും വരെയും പൊരുതി മരിക്കാൻ പട്ടണം മുതൽ ഗ്രാമങ്ങളിൽ വരെയും, പ്രസംഗപീഠത്തിൽ നിന്ന് പ്രവർത്തന മണ്ഡലത്തിലേയ്ക്ക് ഇറങ്ങിതിരിച്ച ഇന്ത്യൻ ജനതയുടെ സമരാവേശമായിരുന്നു ക്വിറ്റ് ഇന്ത്യാ സമരം. യാതനകളും, ക്ലേശങ്ങളും, അടിച്ചമർത്തലുകളും അറസ്റ്റുകളും ഈ സമര വീര്യത്തെ തളർത്തിയില്ല. മറിച്ച് എത്തിപിടിക്കാൻ അകലത്തിലായിരിക്കുന്ന സ്വാതന്ത്ര്യത്തെ നേടാനും വിദേശ ശക്തിയെ കെട്ട് കെട്ടിക്കാനും ഇന്ത്യൻ ജനതയ്ക്ക് ആവേശം പകർന്ന് കൊടുക്കുവാൻ ഈ സമരത്തിന് കഴിഞ്ഞു.

''ബ്രിട്ടീഷുകാർ ഇന്ത്യ വിടുക ഭാരതത്തിന് സ്വാതന്ത്ര്യം നൽകുക'' എന്ന മഹാത്മജിയുടെ അന്ത്യശാസനം യുവ ഭാരതത്തിന്റെ ചോരയെ ചൂട് പിടിപ്പിച്ച സുദിനം ആയിരുന്നു 1942 ആഗസ്റ്റ് 9.

ചരിത്രത്തിലെ അവിസ്മരണീയമായ സമര മുഹൂർത്തത്തിന്റെ 50-ാം വാർഷികം കൊണ്ടാടുന്നതിന്റെ ആവേശത്തിലാണ് ഇന്ത്യ ഇപ്പോൾ. യൂസഫ് ഹൈദരാലിയുടെ 'ക്വിറ്റ് ഇന്ത്യ' എന്ന മുദ്രവാക്യം സമരമുഖത്ത് ആവേശം പകർന്നു. മഹാത്മാഗാന്ധി എഴുതി ജവഹർലാൽനെഹ്റു വായിച്ച പ്രമേയത്തിൽ പറഞ്ഞു ''അവസാനം കാണാതെ ഈ പോരാട്ടം തീരില്ല. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' 'നാം ഇന്ത്യയെ മോചിപ്പിക്കും ആശ്രമത്തിൽ മരിക്കും' പൂനയിലെ ആഗാഖാൻ ജയിലിൽ കിടന്നുകൊണ്ട് ഈ മഹാമന്ത്രം മഹാത്മജി തന്റെ പടയണിക്ക് നൽകി. കാളിമമൂടിയ ചക്രവാളത്തെ കത്തി ജ്വലിപ്പിക്കുന്ന സമരമാക്കി മാറ്റാൻ ക്വിറ്റ് ഇന്ത്യാ സമരത്തിന് കഴിഞ്ഞു. 1942 ഡിസംബർ 14-ാം തീയതി ആയപ്പോഴേയ്ക്കും 26,000 പേർ ശിക്ഷിക്കപ്പെട്ടു. 18000 സമരഭടൻമാർ തുറുങ്കലിൽ അടയ്ക്കപ്പെട്ടു. 60000 - ലേറെ പേർ അറസ്റ്റിലായി. ഇതുകൊണ്ട് ഒന്നും ഭാരതീയരുടെ അദമ്യമായ സ്വാതന്ത്ര്യ ദാഹത്തെ അടിച്ചമർത്താൻ കഴിഞ്ഞില്ല.

ലോകം ഒരു മഹായുദ്ധത്തിന്റെ ഭീകരതയിൽ തരിച്ച് നിന്നപ്പോൾ ബ്രിട്ടനെതിരെ അഹിംസാത്മകമായ സമര തന്ത്രങ്ങളിലൂടെ തന്റെ നിരായുധസേനയെ മഹാത്മജി നയിച്ചു. ആയുധശേഷികൊണ്ടും യുദ്ധതന്ത്രംകൊണ്ടും നിഷ്ഠൂരമായ മർദ്ദനം കൊണ്ടും അടിച്ചമർത്താൻ ബ്രിട്ടന് കഴിയില്ലെന്ന് ഈ സമരത്തിലൂടെ ഇന്ത്യ ബോധ്യപ്പെടുത്തിക്കൊടുത്തു.

കൈയ്യാമത്തിന് കൈനീട്ടിക്കൊണ്ടും

തൂക്കുമരത്തിന് തല കാട്ടിക്കൊണ്ടും ഐതിഹാസികമായ ക്വിറ്റ്ന്ത്യാ സമരത്തിലൂടെ നേടിയെടുത്ത ഇന്ത്യയുടെ സ്വാതന്ത്ര്യം ലക്ഷ്യം നേടി ഉയർച്ചയുടെ പടവുകൾ കയറേണ്ട സമയം വന്നപ്പോൾ വിഘടനവാദവും, പ്രാദേശിക വാദവും, വർഗ്ഗീയ വാദവും ഇന്ത്യയുടെ പുരോഗതിയിലേക്കുള്ള പ്രയാണത്തിന് തടസം നിൽക്കുന്ന വിഷസർപ്പങ്ങളായി മാറിയിരിക്കുന്നു. ഈ വിഷസർപ്പങ്ങൾക്ക് വിളക്ക് വയ്ക്കാൻ നമ്മൾ ഒരിക്കലും തുനിയരുത്. സൗഹൃദത്തിന്റെയും, സ്നേഹത്തിന്റെയും, പാതയിലൂടെ മുന്നോട്ട് പോകുന്ന ഭാരതം സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അടങ്ങാത്ത ആവേശത്തിൽ ക്വിറ്റ്ന്ത്യാസമരത്തിലൂടെ ജീവൻ ഹോമിക്കപ്പെട്ടവരുടെ സ്വപ്നം ആയിരുന്നു. വിദ്വേഷരഹിതമായ നമ്മുടെ പ്രവർത്തനങ്ങളിലൂടെ പട്ടടയിൽ അടയ്ക്കപ്പെട്ട സ്വപ്നങ്ങൾ ആകരുത് അത്. ക്വിറ്റ്ന്ത്യാസമരമെന്ന സ്മൃതിപഥത്തിൽ അശ്രുപൂജ അർപ്പിക്കുമ്പോഴും ഇതിന്റെ 50-ാം വാർഷികം ആഘോഷിക്കുമ്പോഴും നമ്മൾ ജീവത്യാഗം ചെയ്ത് നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ ദീപനാളം അണയാതെ കാത്താൻ കഴിയണമെങ്കിൽ വിഘടനവാദത്തോടും പ്രാദേശികവാദത്തോടും, വിഭാഗീയ ചിന്താഗതികളോടും നമുക്ക് പറയാൻ കഴിയണം ക്വിറ്റ്ന്ത്യ!

**ജോയി T. A.**
I. D. C. Economics


**For Exclusive Readymades**

COSTUMES

CARAVAN, PRASAD BUILDINGS
BANK JUNCTION ALWAYE 683 101

**Phone : 5985**

# മംഗള മുഹൂർത്തങ്ങൾ അനശ്വരമാക്കുവാൻ

ഫോൺ : 4509

22ct. സ്വർണ്ണാഭരണങ്ങൾക്ക്

# തെററയിൽ ജ്വല്ലറി

ലൂർദ് സെൻറർ,

ആലുവ

---

N. B. ഞങ്ങൾക്ക് മറെറങ്ങും ശാഖകളില്ല.

# ഒരു പഴങ്കഥ

വിജയ് ജി.
മൂന്നാം വർഷം രസതന്ത്രം

ഉണ്ണികളേ ഒരു കഥ പറയാം............

പുതിയ തലമുറയ്ക്ക് മാഷ് കഥപറഞ്ഞുകൊടുക്കാനാരംഭിച്ചു.

പണ്ടു പണ്ട് ഒരു രാജകുമാരിയുണ്ടായിരുന്നു............

–''മാഷേ ഇതു കുറെ കേട്ടുമടുത്ത ഡയലോഗാ, വേറെയെന്തെങ്കിലും''...........

ശരി, എങ്കിൽ അല്പം പുരോഗമന സാഹിത്യമാവാം

കാലത്തിന്റെ ഏതോ തടത്തിലൂടെ മറെറാരുപ്രയാണം കർമ്മബന്ധത്തിന്റെ..........

-''ഓ ഷിററ്, എനിതിംഗ് എലംസ്''?-

ഇനിയിപ്പൊ എന്താ പറയേണ്ടത്? മാഷ് കറുത്ത ചായമടിച്ച വാതിൽതുറന്ന് ചികഞ്ഞു നോക്കി ''ശരി ഒരു പഴയകഥതന്നെ പുതിയ രൂപത്തിലാക്കി പറഞ്ഞുനോക്കാം''.

–''പഴയ വിസ്കി പുതിയ കുപ്പിയിൽ അല്ലേ മാഷേ''- കുട്ടികരം സംശയം തീർത്തു.

അതുതന്നെ..........എവിടെയാ നിർത്തിയത്?

–''അതിന് നമ്മളൊന്നും തുടങ്ങിയില്ലല്ലോ മാഷേ''...........

ശരിയാണ്. തുടക്കം ഒരു പാളിച്ചയാകുന്നു. അതിനാൽ അവസാനഭാഗത്തുനിന്ന് ആരംഭിക്കാം.

കഥയിൽ നിന്ന് ഗുണപാഠമല്ല.

ഗുണപാഠത്തിൽ നിന്ന് കഥയിലേക്ക്...........

''നതിംഗ് ഗയിൻ വിത്തൗട്ട് പെയിൻ''-മഹത്തായ ഒരു ഗുണപാഠം

-''അപ്പോഴേ മാഷേ .......ഒരു സംശയം എന്തായിരുന്നു 'ഗയിൻ'?

അതിപ്പൊ.......കഥയിൽ ചോദ്യമില്ലെന്നാണല്ലൊ കുട്ടി.......മാഷ് ഒരു കച്ചിത്തുരുമ്പിന്റെ താങ്ങിൽ ആശ്വസിച്ചു.

തൊടുന്നതെല്ലാം പൊന്നാക്കുന്ന രാജാവിന്റെ കഥ പഴയതാണല്ലൊ..........

പകരം തൊടുന്നതെല്ലാം ഉരുകിപോകുന്ന നിർരോഗ്യവാനായ ഒരു 'രാജകുമാരൻ'

രാജകുമാരന് മകളുണ്ടായിരിക്കാൻ വഴിയില്ല.

പകരം ഒരു 'ലൈൻ' ഓകെ? മാഷും പുതിയ തലമുറയ്ക്കൊപ്പം ചുവടുവച്ചു.

''മാഷേ'' ഒരു സംശയംകൂടി 'വൺവേ'യോ അതോ 'ററുവേ'യോ?–

ദെവീണ്ടും.... ......ചോദ്യം പാടില്ലെന്ന് ഞാൻ പറഞ്ഞില്ലേ.........

അദ്ദേഹവും തപസ്സ് ചെയ്തു.

പക്ഷേ ദൈവങ്ങൾ പഴയതുപോലെയല്ല; തിരിഞ്ഞുനോക്കിയതുപോലുമില്ല.
'' ഓ ഹാ, അങ്ങിനെയോ '' കഥാനായകൻ ചുററും തീയിട്ടു.
തീയുടെ നടുവിൽ ഒററക്കാലിലായി തപസ്സ്

ദേഹമാകെ പൊള്ളി നീറി............
നീലനിറമുള്ള ഈശ്വരന്റെ മനസ്സലിഞ്ഞിരിക്കണം....

- '' അയാൾക്ക് വട്ടായിരിക്കും മാഷേ '' –

ഹൊ' നീ വീണ്ടും ...........കഥയുടെ ടോൺ നഷ്ടപ്പെടുത്തി.......

(ഈശ്വരനും വട്ടായിരുന്നിരിക്കണം. അല്ലെങ്കിൽ പിന്നെ അയാളെ ഇങ്ങിനെയങ്ങ് അനുഗ്രഹിച്ചു കളയുമായിരുന്നോ ?)
അയാൾ തൊടുന്നതോരോന്നായി ഉരുകിത്തീരാൻ തുടങ്ങി.
അയാൾ മനസ്സിൽ വച്ചാരാധിച്ച ഐശ്വര്യ ദേവത ആദ്യം ഉരുകിത്തീർന്നു.

ഒപ്പം അയാളുടെ മനസ്സും............
ഒരു തരം ഉന്മത്താവസ്ഥയിൽ അയാൾ ഉദ്യാനത്തിലേയ്ക്കിറങ്ങി.

പുഷ്പങ്ങൾക്കും ശലഭങ്ങൾക്കുമൊപ്പം, രാളു മല്ലിയുടെ ചില്ലയിൽ കൂടുകൂട്ടിയ ഒരു മഞ്ഞക്കിളിയും............

താമരയിലയിൽ അയാൾ കുറിച്ച സന്ദേശങ്ങളും തഥൈവ

അയ്യാളുടെ മുഖത്ത് ചിരിയോ, കരച്ചിലോ എന്ന് പറയുക വയ്യ.

ഉദ്യാനത്തിലിപ്പോൾ സുഗന്ധത്തിനു പകരം വൃത്തികെട്ട മനംമടുപ്പിക്കുന്ന, കത്തിക്കരിഞ്ഞ മണം

അങ്ങിനെ എല്ലാം എരിഞ്ഞടങ്ങിയപ്പോൾ ...............

' പെയിൻ ' മാത്രം ബാക്കി..........

അയ്യാൾ വിട ചോദിക്കുന്നു..........

മധുരമായി പറയുവാൻ വാക്കുകളില്ലാതെ.........

കുട്ടികൾ കൂർക്കം വലിക്കുമ്പോഴും മാഷ് സമാന്തര ലൈനുകളുടെ സംഗമം സ്വപ്നം കാണുകയായിരുന്നു.

# യുദ്ധം

**LAIJU A. P.**
I B A. Eco.

സന്ധ്യയായ്. ആളുകളോടി-
യെത്തുന്നു 'ടി. വി'ക്കുമുന്നിൽ
യുദ്ധം തകർക്കുന്നു 'പെട്ടി'യിൽ
വെടിക്കോപ്പുകൾ നിറക്കുന്നു.
തീതുപ്പും യന്ത്രങ്ങൾ ചീറുന്നു.
പൊട്ടിത്തെറിക്കുന്നു, കത്തുന്നു.
'സ്കഡ്', പേട്രിയറ്റെ' ന്നിങ്ങനെ-
യാബാലവൃദ്ധം പുലമ്പുന്നു
യുദ്ധ വിജ്ഞാനം വിളമ്പുന്നു
'വിമുക്തി' നേടിയ ഭടന്മാരാം!

സിനിമ കാണും സുഖത്തോടെ
ഇടയ്ക്കിടെ 'പെട്ടി'യിൽ നോട്ടമിട്ടും,
വെടിപറഞ്ഞും പരസ്പരം 'കത്തി'വച്ചും
കടല കൊറിച്ചിരിക്കുന്നൊരു കൂട്ടർ

നെടുവീർപ്പുവിങ്ങുന്ന നെഞ്ചുമായി
ഉത്കണ്ഠ നിഴലിക്കും കണ്ണുമായ്
നിരാശയിലാഴുന്ന മനവുമായ്
വിറങ്ങലിച്ചിരിക്കുന്നു ചിലർ.

നക്ഷത്രക്കൺകളിൽ വിസ്മയവുമാ-
യൊരു കൊച്ചുപെൺതരി
അച്ഛനോടൊട്ടിയിരിക്കുന്നു കാണുന്നു യുദ്ധം
ഇടയ്ക്കിടെയച്ഛനെ നോക്കുന്നു.

വെടിക്കോപ്പു കൂട്ടിമുട്ടി
തീചിതറും മാനം നോക്കി
നിഷ്കളങ്കയാംപെൺകുട്ടി
കൈകൊട്ടിച്ചിരിക്കുന്നു:-
" ഹായ്, എന്തുരസമച്ഛാ
പൂത്തിരികത്തുന്നകാണാൻ "

" മിണ്ടാതിരിക്കു " യെന്നച്ഛൻ
മകളെ ശാസിച്ചു; പിന്നെ-
യാരോടെന്നില്ലാതെ:- "ഈശ്വരാ.
പിടഞ്ഞുമരിക്കുന്നവരെത്ര-
യാണോ പൂത്തിരികൾക്കുപിന്നിൽ,
ഇതാരോർക്കുവാൻ "

പിറ്റേന്നും വന്നു പതിവുപോലെ_
യച്ഛനും മകളും യുദ്ധം കാണുവാൻ
തലേന്ന് കണ്ടതൊക്കെയുമാവർത്തിക്കവേ
കൊടിയനിരാശതയിലച്ഛൻ:-

"ഛെ! പുതിയതൊന്നുമില്ല, കാട്ടുവാൻ
ഇതെന്തൊരു തണുപ്പൻ യുദ്ധം!"

* * *
* *
*

*Best Compliments from:*

# FASHION FABRICS

**THRISSUR**

**FOR**

**Suiting Shirtings**

**Sraies & Readymade**


**Dress**

# കാത്തിരുപ്പ്

കിഷോർ. കെ. സി.
അവസാന വർഷ രസതന്ത്രം

കാത്തിരുപ്പ്............
എന്നോ തുടങ്ങി, എങ്ങും അവസാനിക്കാത്ത കാത്തിരുപ്പ്
ഞാനും ഈ ചങ്ങലയിൽ ഒരു കണ്ണിയായ്..........
നിറം പിടിപ്പിച്ച സ്വപ്നങ്ങളുമായി,
പോസ്റ്റുമാൻെറ ബെല്ലടിക്ക് കാതോർത്ത്
കാത്തിരുപ്പ്..........
ദിനപ്പത്രത്തിൻെറ വരവും കാത്ത് പ്രഭാതത്തിലെ കാത്തിരുപ്പ്
ക്ലാസിഫൈഡ് കോളങ്ങളിലെ കറുത്ത അക്ഷരങ്ങൾ മാടി വിളിക്കുന്നു
ലോംഗ് കവറിൽ ഒരു രൂപ സ്റ്റാമ്പൊട്ടിച്ച്—
കാത്തിരുപ്പ്...........
ഞാൻ,
പുതുമഴയ്ക്ക് പൊന്തിവന്ന പുൽക്കൊടി
ചന്ദ്രനെ മോഹിക്കുന്നു.
''പുൽക്കൊടിയെവിടെ! ചന്ദ്രനെവിടെ! (വൈകിയുദിക്കുന്ന വിവേകം)
പെയ്യാത്ത മഴയ്ക്കായ് പൊഴിയാത്ത വാക്കിനായ്,
കാത്തിരുപ്പ്...........
തിളങ്ങുന്ന ചില്ലു കൂടാരത്തിലെ,
കറങ്ങുന്ന കസേരകൾ സ്വപ്നം കാണുന്നു..........
കറുത്തഹെൽമറ്റും, ഹീറോ ഹോണ്ടയും..........
''സ്വപ്നം ചിലർക്ക് ചിലകാലമെത്തിടും''!
ഇനി..........കാത്തിരുപ്പ്...........
ഞാൻ സ്വപ്നങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നു.
ഇനി.........കാത്തിരുപ്പ് മാത്രം........
പത്രത്തിൻെറ പൊള്ളുന്ന വിലയുള്ള ക്ലാസിഫൈഡ് കോളത്തിൽ
എൻെറ പൊളിച്ചുപണി പരസ്യം ചെയ്ത്..........
ഞാൻ കാത്തിരിക്കും...........

# പുതപ്പ്



[എന്റെ അലഞ്ഞു തിരിഞ്ഞ ദിനങ്ങൾക്ക്]

1

വരണ്ടമൗനം വിതച്ചതെരുവ്
ചിതറിത്തെറിച്ച രക്തം
ആത്മഹത്യ നിറച്ച രാത്രിവണ്ടികൾ
നൊമ്പരങ്ങൾക്ക് വിലപേശുന്ന
പാതയോരത്തെ കമ്പോളം
സാമ്രാജ്യസ്ഥാപകരുടെ വിജയാവശിഷ്ടത്തിന്റെ
ദീനമായ കരച്ചിൽ..............
അപ്പോഴും അവൻ പുതപ്പിനുള്ളിൽ അന്ധനായിരുന്നു.
പേർത്തും പേർത്തും ഇണചേർന്നിരുന്ന അതിന്റെ നൂലിഴകൾ
അതിവിദഗ്ധമായി വെളിച്ചത്തെ മറച്ചിരുന്നു.
അവന്റെ ഗന്ധം മാത്രം നിറഞ്ഞ അതിനുള്ളിൽ
ലഹരി പിടിപ്പിക്കുന്ന മഹോൽസവങ്ങൾ.
പുതപ്പിനുള്ളിൽ അപ്രത്യക്ഷരായവരെക്കുറിച്ചുള്ള
തേങ്ങലുകൾ...........നെടുവീർപ്പുകൾ............
തിരിച്ചു വന്നവരുടെ ശവകുടീരം തകർന്നിടിഞ്ഞ്
അവയുടെ കണ്ണിൽനിന്ന് രക്തം പൊടിഞ്ഞിരുന്നു
മൗനത്തിന്റെ ഈ വഴിയിലെ
പ്രതീകവൽക്കരിക്കപ്പെട്ട ശൂന്യതകളിൽ
പുതപ്പിനുള്ളിലുള്ളവരെല്ലാം ഒറ്റപ്പെട്ടിരുന്നു.

## 2

പുതപ്പിനുള്ളിൽ അവൻ ആവശ്യമില്ലാത്ത വസ്ത്രങ്ങൾ ധരിച്ചു.
നഗ്നനാകാൻ ഈ കാപട്യത്തിന്റെ കുരയ്ക്കാത്ത പട്ടി
അവനെ അനുവദിച്ചില്ല. അവൻ ഭയന്നിരുന്നു.
മനസ്സിന്റെ തീൻമേശയിൽ ചിതറിക്കിടന്നിരുന്ന
ഏകാന്തതയും, അനാഥത്വവും
(ഹാ! പുതപ്പ് നല്കിയ പുരസ്കാരങ്ങളാണവ)
ഈ ഭയത്തിന്റെ ശിഖരത്തിൽ
കൂടുകൂട്ടി കുഞ്ഞുങ്ങളെ പ്രസവിച്ചു
അവളുടെ നിറം വിടപറയുന്ന തുടിച്ചസൗഹൃദത്തിന്റേതെന്നും
ഗന്ധം വിതയ്ക്കുന്നവന്റേതെന്നും അവൻ തെറ്റിദ്ധരിച്ചു.
ദാർശനിക രാജകീയവസ്ത്രം ധരിച്ച രക്തച്ചൊരിച്ചിലും
മാന്യതയെന്ന വൃത്തികെട്ട കഴുകനും
പുതപ്പിന്റെ ജനിതകഘടനയിൽ
എന്നേ സ്ഥാനമുറപ്പിച്ചിരുന്നു.

## 3

വിഡ്ഢികളായ, അക്ഷമരായ പൊടിപുരണ്ട സ്വപ്നങ്ങളുടെ
സ്വന്തം അസ്ഥികൾ അന്വേഷിച്ചുള്ള മടക്കയാത്രയിൽ നിന്നും,
മഹോൽസവങ്ങളിലെ ആനകളുടെയും അമ്പാരികളുടെയും
ഇടയിൽ നിന്നും,
കുഴലൂത്ത് നടത്തുന്ന കോമാളികളുടെ
ഇടയിൽ നിന്നും,
ശവംതീനിയുറുമ്പുകളുടെ ഘോഷയാത്രയുടെ ഇടയിൽ നിന്നും
അവൻ പുറത്തുകടന്നു.
പുതപ്പിനുള്ളിലെ സ്വന്തം നൂലിഴകളിൽനിന്ന്
ആദ്യം പതുക്കെ, പിന്നെ വളരെ വേഗത്തിൽ
ശകാരമഴ പെയ്തുകൊണ്ടേയിരുന്നു.
അവനുനേരെ നൂലിഴകളുടെ സ്നേഹത്തിന്റെ
മെഴുകുതിരികൾ കണ്ണടച്ചു.
വഴിയിൽ അവനുമുമ്പുപോയവരുടെ
കാല്പാടുകൾ അവൻ കണ്ടു.
അവനു മുമ്പ് പാടിയവരുടെ കവിതകൾ അവൻകേട്ടു.
പടയോട്ടങ്ങൾ അവസാനിക്കുമെന്നും
ശിഖരങ്ങളും, തൂവലുകളുമുണ്ടെന്നഹങ്കരിക്കുന്നവർ
ചോദ്യ- ചെയ്യപ്പെടുകയും ചെയ്യുമെന്ന് അവൻ ഉറക്കെപ്പറഞ്ഞു.
അഖണ്ഡതാസംരക്ഷണദിനത്തിൽ
നിരോധനാജ്ഞകൾ സംഘടിപ്പിക്കുന്നവരും,
പുതപ്പിനുള്ളിലെ പാവം പിയാനോകളും
അവനെ ഭ്രാന്തനെന്ന് വാഴ്ത്തി.

**അനിൽകുമാർ പി. കെ.**
ഒന്നാം വർഷ ജന്തുശാസ്ത്ര ബിരുദം

# OVERT TRUTH

**RAJESH. R.**
II B Sc Botany

When we hear the news we should always wait for the sacrament of confirmation but nowadays we do not wait for facts and figures. The world fails to scrutinise the realities before embracing them. The media ensure their publicity and emulation by roaring about a new world order and the changing face of global economy.

The press now finds it easier to perceive error than to find truth, for the former lies on the surface and in easily seen, while the latter lies in the depth, where few are willing to search for it. Their latest favourite topic for twaddling is utopian free market economy. Here every motive is over shadowed by greed for illusory wealth. It will be difficult for the Indian society and culture to accept it without objections.

Privatisation- seem to be a magic-word for every Indian citizen while forgetting the truth, words without ideas are like sails with out winds. Opening the Indian market is something to be reconsidered. India needs he own economic theories and not xerox copies of occidental ones.

The most important problem the Indian coffer faces is the trade deficit with other countries. India found I.M.F and world Bank as the sole option for its survival, but it wasn't the right 'straw to clutch' as we already owe billinos of dollars to them. Another serious issue is the coercing conditionalities. We have already implemented one of them-Devaluation. Now we have to sign Nuclear proliferation treaty, cut subsidies, slash defence budjet, like power tarrifs, privatise the public sector etc. What are we teft with to call India a Sovereign state?

There are many other option left, before we drag-ourselves into the debt-trap. Giving more autonomy to public-sector, bringing out black money, and delicencing industries are some of the practical steps to be taken. The sudden opening of Indian industry will not only destory government owned business houses but alse shatter the Indian private sector. We will be much happier to see 'flourishing TATAS' than exploiting duponts'.

In India public sector units are not mere money making machines. This is because of the very character of the Indian culture and society Usually one or two members of a family earn blead for the rest of the family. Research and development in the public sector helped in to advance especially in the fields of Nuclear- power, missile technology etc. Though we have opened our markets few are willing to invest here because of the prevailing conditions. Communalism and separatism coupled with terrorism cast their shadow over optimism The Majority of the population is still below the poverty line and flowing out of resources from the country through multinationals is a costly affair and should be curtailed at any cost. We should not forget that 'Green revolution' and operation flood' were made a reality with the help of Government subsidies. It is not a sin to say, "It is better to light a candle rather than cursing the darkness."

Some economists point out India should follow the examples of 'Asian tigers' like Singapore or Tailand. But in reality India is different from them in every sense, because she is bigger in size and population has a wider internal market an dpossesses many natural resources. That's what make India defferent.

Once when the press asked how India is going to repay all its loans the World Bank Vice-president replied "by taking more loans". We don't know whether he was jokingor jeeringBut as H G.Wells says man is today a challenged animal. He has to respond successfully to the challenge or he will be over whelmed like any other insufficiently adapted animal. Hope is but the dream of those that wake and we are waiting.

*With best compliments from*

## ★ New A.R.H. HOTEL ★

CATHOLIC CENTRE

ALUVA

*Best compliments*

## ★ SUVARNA STEEL HOUSE ★

ANGAMALY-683572

KERALA

PHONE - 2509

സ്വർണ്ണാഭരണങ്ങൾക്ക്

## ജോസ് ജ്വല്ലറി

N. പറവൂർ അങ്കമാലി

2626 ഫോൺ 2714

## ★ കേരളാ ഫ്ളോറിങ്ങ്സ് ★

അങ്കമാലി

എല്ലാവിധ ഫ്ളോറിങ്ങ് സാധനങ്ങളും മിതമായ നിരക്കിൽ ലഭിക്കും.

ഞങ്ങളുടെ സഹസ്ഥാപനം — ORMA INDUSTRIES

# നിസ്വാർത്ഥ സേവനത്തിന്റെ പുതിയൊരു അദ്ധ്യായം

## നാഷണൽ സർവ്വീസ് സ്കീം പ്രവർത്തന റിപ്പോർട്ട് 1991-'92

പ്രോഗ്രാം ഓഫീസേഴ്സ്

പ്രൊഫ. കെ. കെ. എബ്രഹാം
പ്രൊഫ. ജേക്കബ് കോശി
മിസ്. ജെസ്സി ജേക്കബ് കെ.

വോള: സെക്രട്ടറിമാർ

മിസ്. ബിന്ദു. എസ്.
മി. സജി. ടി. എസ്.
മി. ഷാജി ടി. എം.
മി. കുറിയാക്കോസ് കെ.ഐ.

സജീവവും ശ്രദ്ധേയവുമായ പ്രവർത്തനങ്ങളുടെ ഒരു വർഷമായിരുന്നു 1991—'92. വോളണ്ടിയർമാരുടെ സർവ്വതോൻമുഖമായ വികാസത്തെ ലക്ഷ്യമാക്കി സജ്ജീകരിച്ച പ്രവർത്തന പരിപാടികളായിരുന്നു ഈ വർഷം നടപ്പിലാക്കിയത്.

1991 ഓഗസ്റ്റ് 8 മുതൽ 14 വരെ അംഗത്വവാരമായി ആചരിച്ചു. 450ഓളം വിദ്യാർഥികൾ അംഗങ്ങളായി ചേർന്നു.

ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഔപചാരിക ഉൽഘാടനം ഓഗസ്റ്റ് 16-ാം തീയതി ബഹു: പ്രിൻസിപ്പാൾ പ്രൊഫ: സി. ജെ. തോമസ് നിർവ്വഹിച്ചു.

### എൻ. എസ്. എസ്. വാരം

വൈവിധ്യമാർന്ന പരിപാടികൾകൊണ്ട് ശ്രദ്ധേയമായ ഈവർഷത്തെ **N S S** വാരാഘോഷം സെപ്തംബർ 9-ാം തീയതി മുതൽ 13-ാംതീയതി വരെ പൂർവ്വാധികം ഭംഗിയോടെ ആചരിച്ചു. വാരാഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് പ്രിൻസിപ്പാൾ **പ്രൊഫ: സി. ജെ. തോമസ്** പതാക ഉയർത്തുകയും ഉൽഘാടനം നിർവ്വഹിക്കുകയും ചെയ്തു. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകൾ, ലഹരി വിരുദ്ധത്തിനും, സ്ത്രീപീഠനത്തിനെതിരെയെന്ന വിഷയത്തെ ആസ്പദമാക്കി വരച്ച ചിത്രങ്ങളുടെ പ്രദർശനം, **I M A** യുടെ സഹകരണത്തോടെ രക്ത ദാനവും, രക്ത ഗ്രൂപ്പ് നിർണ്ണയവും വാരാഘോഷപരിപാടികളിൽ ഉൾപ്പെടുന്നു. കോളേജ് വിദ്യാർഥികളുടെ രക്ത ഗ്രൂപ്പ് നിർണ്ണയിക്കാൻ കഴിഞ്ഞതുമൂലം അനേകം സാധുരോഗികൾക്ക് വേണ്ട സമയത്ത് രക്തം നൽകി ജീവൻ രക്ഷിക്കാൻ കഴിഞ്ഞു.

### മിനി ക്യാമ്പ്

ഒക്ടോബർ 5, 6 തീയതികളിൽ പറവൂരിൽ വച്ച് ഒരു ദ്വി ദിന മിനിക്യാമ്പ് നടത്തുകയുണ്ടായി. തെരഞ്ഞെടുത്ത ചില സ്ഥലങ്ങളിൽ പരിസര ശുചീകരണം ഏറ്റെടുത്ത് വിജയകരമായി നടത്തുകയുണ്ടായി.

## ഓറിയന്റേഷൻ കോഴ്സ്

വോളണ്ടിയേഴ്സിന് വേണ്ടി നവംബർ 5-ാം തീയതി ഒരു ഓറിയന്റേഷൻ കോഴ്സ് സംഘടിപ്പിച്ചു. ആലുവ ഗവൺമെന്റ് ഹോസ്പിറ്റൽ സൂപ്രണ്ട് ബഹു: ഡോ: ഭാസ്കരൻ നായർ ഉദ്ഘാടനം നിർവ്വഹിക്കുകയും, ക്ലാസെടുക്കുകയും ചെയ്തു. തുടർന്ന് മററ് രണ്ടു ക്ലാസുകളും നടത്തി. ഉച്ചക്കുശേഷം മുൻകാല പ്രമുഖവോളണ്ടിയർമാർ അവരുടെ അനുഭവങ്ങൾ പങ്കു വയ്ക്കുകയും, ശേഷം കലാസാംസ്കാരിക പരിപാടികളും അവതരിപ്പിച്ചു.

## ഇന്റർ കോളേജിയേററ് ക്വിസ് മത്സരം

കെ. സി. വൈ. എം. രാജാ ട്രോഫിക്കുവേണ്ടിയുള്ള ക്വിസ് മത്സരവും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായുള്ള പ്രസംഗ, ക്വിസ് മത്സരങ്ങളും സംയുക്തമായി നവംബർ 30ന് നടത്തി.

## ആരോഗ്യ സർവ്വേയും ബോധവൽക്കരണവും

ഡിസംബർ 7ന് ആലുവ യു.സി. കോളേജ് 'ഹിൽ ഹരിജൻ കോളനി' സന്ദർശിക്കുകയും; ആരോഗ്യ സർവ്വെ നടത്തുകയും, അതിനോടനുബന്ധിച്ച് രോഗങ്ങളെക്കുറിച്ചും രോഗ പ്രതിരോധത്തെക്കുറിച്ചും വിപുലമായ ഒരു ബോധവൽക്കരണവും സംഘടിപ്പിച്ചു.

## ദശദിന ക്യാമ്പ്

ഈ വർഷത്തെ ദശദിന ക്യാമ്പ് അങ്കമാലി വട്ടേക്കാട് ഗ്രാമത്തിലെ നെഹ്റു മെമ്മോറിയൽ സ്കൂളിൽ വച്ച് നടന്നു. ശ്രീ. **പി. ജെ. ജോയി M. L. A.** ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മുഖ്യ ലക്ഷ്യമായി ഏറെറടുത്ത അട്ടാറ മൂന്നാംപറമ്പ് റോഡിന്റെ നിർമ്മാണം പ്രശംസനീയമായ രീതിയിൽ നിർവ്വഹിക്കാൻ കഴിഞ്ഞു. കൂടാതെ ബോധവൽക്കരണ റാലി, ക്ലാസുകൾ. ട്രക്കിംഗ് മുതലായ പരിപാടികളും സംഘടിപ്പിച്ചു. എല്ലാ ദിവസവും ക്യാമ്പംഗങ്ങളും, നാട്ടുകാരും സംയുക്തമായി കലാപരിപാടികളും, ക്രിസ്തുമസ് രാത്രിയിൽ പ്രത്യേക ആഘോഷങ്ങളും നടത്തുകയുണ്ടായി. ശ്രീ. **കെ. ബാബു M. L. A.** യുടെ സാന്നിദ്ധ്യത്തിൽ സമാപന സമ്മേളനം നടന്നു.

## സാക്ഷരത പ്രവർത്തനം

സാക്ഷരത രണ്ടാംഘട്ടത്തിന്റെ ഭാഗമായി ആലുവ നഗരസഭയുടെ ആവശ്യാനുസരണം നഗരസഭയുടെ വാർഡുകളിൽ എൻ.എസ്.എസ്. വോളണ്ടിയർമാർ ഒരു സാക്ഷരത സർവ്വെ നടത്തി. '92 ജനുവരി 11, 18, 25 എന്നീ മൂന്നു ദിവസങ്ങളിലായി സർവ്വെ പൂർത്തീകരിച്ചു. ഏതാനും എൻ. എസ്. എസ്. വോളണ്ടിയർമാരെ ഇൻസ്ട്രക്ടർമാരായി തെരഞ്ഞെടുക്കുകയുംചെയ്തു.

## നേച്ചർ ക്യാമ്പ്

1992 ഫെബ്രുവരി 14, 15, 16 തീയതികളിൽ കേരള ഫോറസ്ററ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ 60ഓളം എൻ. എസ്. എസ്. അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രകൃതി പഠന ക്യാമ്പ് നടത്തി. പൈനാവ്(ഇടുക്കി), തട്ടേക്കാട് എന്നീ സ്ഥലങ്ങളിൽ വച്ചാണ് ഈ ക്യാമ്പ് നടത്തിയത്.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി യു. സി. കോളേജ് **N. S. S.** യൂണിറ്റിന് വേണ്ടി **N. S. V.** ആയി നിയോഗിക്കപ്പെട്ട മിസ് ജെസ്സി ജേക്കബിന്റെ പ്രവർത്തനം സ്തുത്യർഹമായിരുന്നു. വാർഷിക ഒത്തു ചേരലോടെ ഫെബ്രുവരി 24-ാം തീയതി ഈ അദ്ധ്യയന വർഷത്തിലെ എൻ. എസ്. എസ്. ന്റെ പ്രവർത്തനങ്ങൾ ഔദ്യോഗികമായി സമാപിച്ചു.

എന്ന്,


ഷാജി ടി. എം. (N S S)
സജി ടി. എസ്. (N S S)

കുറിയാക്കോ കെ. ഐ. (N S S)
ബിന്ദു എസ്. (N S S)


## Volunteer Secretaries:-



**Shaji T. M.**



**Kuriacko K. I.**



**Saji T. S.**



**Bindu S.**

# മയിൽപ്പീലിയുടെ മറുപുറം

......ഒരു കലാലയവർഷത്തിന്റെ മുഴുവൻ തുടിപ്പുകളും ഒപ്പിയെടുക്കുന്ന ഒരു മാഗസിൻ. കക്ഷിരാഷ്ട്രീയത്തിന്റെ സുവിശേഷങ്ങൾ കുത്തിനിറക്കാത്ത ഒരു മാഗസിൻ. നമുക്കിടയിലെ സാഹിത്യകാരന്മാരെ കണ്ടെത്തുവാനും അംഗീകരിക്കുവാനും വേദിയൊരുക്കുന്ന ഒരു മാഗസിൻ. മയിൽപ്പീലിപോലെ; മലരിതൾപോലെ മനസിന്റെ മണിച്ചെപ്പിൽ വച്ച് ലാളിക്കാൻ വർണ്ണങ്ങൾ നിറഞ്ഞ ഒരു മാഗസിൻ......

തെരഞ്ഞെടുപ്പുകാലത്ത് മാഗസിൻ എഡിറ്റർ സ്ഥാനാർത്ഥി വോട്ടുതേടാനുപയോഗിക്കുന്ന സ്ഥിരം 'പ്രകടന പത്രിക' യാണിത്. തന്റെ മനസിലുള്ള മാഗസിൻ സങ്കല്പം എന്നതിനേക്കാൾ വോട്ടുതേടി വിജയിക്കുവാൻ ഒരു തന്ത്രം എന്നതാണ് ഈ പ്രകടനപത്രികയുടെ പിന്നിലെ മനഃശാസ്ത്രം. വിജയം നേടി എഡിറ്ററായിമാറുന്ന വിദ്യാർത്ഥി, തെരഞ്ഞെടുപ്പു കാലത്ത് താൻ അവതരിപ്പിച്ച സങ്കല്പത്തോട് നീതി പുലർത്താറുണ്ടോ അഥവാ നീതി പുലർത്താൻ അയാൾക്കു കഴിയാറുണ്ടോ എന്ന കാര്യം ചിന്തിക്കേണ്ടതുണ്ട്! നല്ല ശതമാനം വിദ്യാർത്ഥികളും സ്ഥാനാർത്ഥിയുടെ മോഹനസുന്ദര വാഗ്ദാനങ്ങൾ ഇന്നു മുഖവിലക്കെടുക്കാറില്ല. മുഖവിലക്കെടുക്കുന്നവർ തന്നെ കാലക്രമേണ അതു മറക്കുകയും ചെയ്യുന്നു.

* * *

## സഹതാപം തേടുന്ന എഡിറ്റർ:

തെരഞ്ഞെടുപ്പിൽ തന്റെ എതിരാളികളെ തറപറ്റിച്ച് ഒരാൾ എഡിറ്ററാകുന്നു. സത്യപ്രതിജ്ഞാ ചടങ്ങിനുശേഷമായിരിക്കും ഇയാൾക്ക്; താൻ പിടിച്ചത് മുൾമുരുക്കിന്റെ കൊമ്പിലായിരുന്നല്ലോ എന്നു മനസിലാകുന്നത്. കോളേജ് ദിനങ്ങൾക്ക് പരിസമാപ്തി എത്തുന്നതോടെ മറ്റു ഭാരവാഹികൾക്കെല്ലാം തടിതപ്പാം. പരീക്ഷകളിൽ ശ്രദ്ധിക്കാം. ഉന്നത വിജയം നേടുകയുമാകാം. എന്നാൽ പരീക്ഷാക്കാലം ആരംഭിക്കുന്നതോടെയാണ് എഡിറ്ററുടെ പ്രവർത്തനങ്ങളുടെയും ആരംഭം. പരിമിതമായ ഫണ്ട്! അതുമാത്രം ഉപയോഗിച്ചാൽ പത്തുപേജുകൾ തുന്നിയുണ്ടാക്കാൻപോലും കഴിയുകയില്ല. ഇവിടെയാണ് പരസ്യങ്ങളുടെ പ്രസക്തി. എഡിറ്റർ പെരുവഴിയിലേക്ക് ഇറങ്ങുകയായി. കടകളായ കടകളൊക്കെ കയറിയിറങ്ങി അയാൾ പരസ്യം തെണ്ടുന്നു. കുറച്ചു കിട്ടുന്നു. കുറെയേറെ കിട്ടാതെ പോകുന്നു. പണമില്ലാതെ ഒന്നും നടക്കില്ല. അതിനാൽ പണസമാഹരണത്തിലാകും എഡിറ്ററുടെ പ്രധാനശ്രദ്ധ. സാമ്പത്തിക കാര്യത്തിൽ സർവ്വശ്രദ്ധയും കേന്ദ്രീകരിക്കാൻ നിയോഗിതനാകുന്ന അയാൾക്ക് മാഗസിന്റെ മനോഹാരിതയും ഉൾക്കനവും ശ്രദ്ധിക്കാൻ എവിടെ സമയം? ഒടുവിൽ പടിപതിനെട്ടും കടന്ന് മറ്റൊരു തെരഞ്ഞെടുപ്പിന്റെ തലേന്നാൾ മാഗസിനിറങ്ങുന്നു. തെരഞ്ഞെടുപ്പിൽ മാഗസിനും കരുവാക്കുന്നു ഇരുകൂട്ടരും. മാഗസിൻ മനോഹരമെന്ന് ഒരു കൂട്ടർ. മഹാമോശമെന്ന് മറുപക്ഷം. എന്തൊക്കെയായാലും എഡിറ്റർ എന്ന വ്യക്തിയോട് സഹതാപമാണ് ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും. മാഗസിൻ രുചിച്ചില്ലെങ്കിൽപ്പോലും!

## യഥാർത്ഥ മാഗസിൻ സങ്കല്പം

ഓരോ വിദ്യാർത്ഥിയുടേയും മനസിൽ മാഗസിനെക്കുറിച്ച് ഓരോ സങ്കല്പങ്ങളുണ്ട്. വലിയൊരു വിഭാഗം വിദ്യാർത്ഥികളുടെ 'മാഗസിൻ സങ്കല്പ'ത്തെ തൃപ്തിപ്പെടുത്തുന്ന രീതിയിലാണ് എഡിറ്റർ സ്ഥാനാർത്ഥികൾ 'പ്രകടന പത്രിക' തയ്യാറാക്കുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ ഒരു വസ്തുത കൂടി വ്യക്തമാകും. കാല-ദേശ-കക്ഷി-ഭേദമന്യെ എല്ലാ എഡിറ്റർ സ്ഥാനാർത്ഥികളും അവതരിപ്പിക്കുന്നത് ഒരേ 'പ്രകടന പത്രിക' തന്നെയാകും. ഇനി യഥാർത്ഥ മാഗസിൻ സങ്കല്പത്തെക്കുറിച്ച് ചിന്തിക്കാം. ലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിട്ടുള്ള മാഗസിൻ സങ്കല്പത്തിന് വലിയ തകരാറൊന്നുമില്ല. പൂർണ്ണതയെത്തിയ ഒരു ചിത്രമാണ് അതെന്നും വേണമെങ്കിൽ പറയാം. എന്നാൽ ഈ സങ്കല്പം പലപ്പോഴും യാഥാർത്ഥ്യമാകാറില്ല. അഥവാ യാഥാർത്ഥ്യമാക്കുവാൻ എഡിറ്റർമാർക്കു കഴിയാറില്ല.

കുറെ ലേഖനങ്ങളും, കഥകളും, കവിതകളും, റിപ്പോർട്ടുകളും, ചിത്രങ്ങളും ചേർന്നാൽ ഒരു മാഗസിനായേക്കും. പക്ഷെ നല്ലൊരു കോളേജ് മാഗസിൻ സങ്കല്പം ഇതിലൊതുങ്ങുന്നില്ല. ഒരു ഓട്ടോഗ്രാഫ് എങ്ങനെ ഹൃദയത്തുടിപ്പുകളെ സംഭരിച്ചു വക്കുന്നുവോ അതുപോലെ തന്നെ പ്രവർത്തിക്കുവാൻ മാഗസിനുകൾക്ക് കഴിയണം. വിജ്ഞാന വാഹിനിയാകേണ്ടതില്ല ഒരു നല്ല കോളേജ് മാഗസിൻ. മറിച്ച് നിത്യ ഭാസുരമായ ഗൃഹാതുരത്വം ഉളവാക്കുന്ന ഒരു വികാരവാഹിനിയായിരിക്കണം.

* * *

## മാഗസിൻ എന്ന സാഹിത്യ ഗ്രന്ഥം

കലാലയത്തിലെ വളരുന്ന സാഹിത്യകാരന്മാരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും വേദിയൊരുക്കുക എന്നത് കോളേജ് മാഗസിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. എന്നാൽ ഇത് എത്ര കണ്ട് ഫലം കാണുന്നു? ഓരോ കലാലയത്തിന്റെയും സാംസ്കാരിക നിലവാരത്തിന്റെ കണ്ണാടിയാണ് അവിടെ നിന്നിറങ്ങുന്ന മാഗസിൻ. മാഗസിനുകളിലെ സാഹിത്യ സൃഷ്ടികളുടെ മൂല്യത്തെക്കുറിച്ച് ചിന്തിക്കേണ്ടത് അനിവാര്യമാണ്. എങ്ങിനെയും തന്റെ പേര് അച്ചടിച്ചു കാണുവാനുള്ള തൃഷ്ണ പലരേയും സാഹിത്യകാരന്മാരാക്കുന്നു. കോളേജ് മാഗസിനുവേണ്ടി മാത്രം സൃഷ്ടി നടത്തുന്ന 'സർഗ്ഗധന'രാണ് പകുതിയിലധികവും. അനുകരണത്തിലേക്കും മോഷണത്തിലേക്കും വരെ എത്തുന്നു ഈ പേര് അച്ചടിച്ചു കാണുവാനുള്ള ഈ തൃഷ്ണ. ഒരു കാലത്ത് സാഹിത്യത്തിലെ പല പരീക്ഷണങ്ങൾക്കും വേദിയൊരുക്കാൻ കഴിഞ്ഞിരുന്ന കോളേജ് മാഗസിനുകൾ ഇന്ന് അനുകരണ സാഹിത്യത്തിന്റെയും സാഹിത്യമോഷണത്തിന്റെയും വേദിയായി അധഃപതിച്ചിരിക്കുന്നു.

അർത്ഥമില്ലായ്മയെ ദുരൂഹതയുടെ മൂടുപടമണിയിച്ച് കാട്ടുന്ന ചെപ്പടിവിദ്യയാണ് ഏററവും അസഹനീയം. മിക്ക കോളേജ് മാഗസിനുകളും ഈ ബുദ്ധിജീവിനാട്യത്തിന്റെ കരാളഹസ്തങ്ങളിൽ പിടയുകയാണ്. സ്വന്തം അജ്ഞതയെയാണ് പരസ്പര ബന്ധമില്ലാത്ത വാക്കുകൾ കൊണ്ട് ഇവർ മൂടിവയ്ക്കുന്നത്. ആർക്കും മനസിലാകാത്തത് ഉത്തമസാഹിത്യമാണെന്ന് കൊട്ടിഘോഷിക്കുന്ന ഇവർ ഇല്ലാത്ത വസ്ത്രത്തെയാണ് പുകഴ്ത്തുന്നതെന്ന് പക്ഷെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും മനസിലാക്കുന്നില്ല. മാഗസിനോടു മാത്രമല്ല സാഹിത്യത്തോടു തന്നെയും വിരക്തി ഉളവാകാൻ ഇതു തന്നെ ധാരാളം.

* * *

## "ആർക്കു വേണം ഇതൊക്കെ?"

ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾ

ക്കും ഇന്ന് മാഗസിനോടുള്ള നിലപാട് ഇതാണ്. ഒരു കാലത്ത് ''മയിൽപ്പീലിത്തുണ്ടുപോലെ'' ലാളിക്കപ്പെട്ടിരുന്ന മാഗസിൻ ഇന്ന് പാഴ്‌വസ്തുപോലെ പുറം കാലുകൊണ്ട് തട്ടിയെറിയപ്പെടുന്നു. മാഗസിനിൽ അച്ചടിച്ചിട്ടുള്ളത് എന്താണെന്നു പോലും നോക്കാതെ വലിച്ചെറിയുന്നവരാണ് ഒരു നല്ല പങ്കു വിദ്യാർത്ഥികളും. ചിലർ ചിത്രങ്ങളിലൂടെ ഒന്നു കടന്നു പോയെന്നു വരും. ഗൗരവപൂർവ്വം മാഗസിനെ വീക്ഷിക്കുന്നവരുടെ സംഖ്യ ഇന്നു നന്നേ കുറവാണ്. ഒന്നുകിൽ തങ്ങളുടെ ചിത്രം അതിലുണ്ടാകും, അല്ലെങ്കിൽ തങ്ങളുടെ സൃഷ്ടി അതിലുണ്ടാകും. ഇങ്ങനെയുള്ളവരാണ് ഇന്നു മാഗസിനെ താലോലിക്കുന്നത്. ''മനോഹരമായാലും; മോശമായാലും ഒരാഴ്ചയിലെ ചർച്ച'' അതെ, മാഗസിന്റെ ആയുസ്സ് ഇന്ന് ഒരാഴ്ചയാണ്. കൃത്യമായി പറഞ്ഞാൽ തെരഞ്ഞെടുപ്പിന്റെ ആഴ്ച.

തെരഞ്ഞെടുപ്പിനു ശേഷം കലാലയമുററത്തു നിന്ന് ചിതറി പറന്നു മറയുന്ന അസംഖ്യം കടലാസു തുണ്ടുകളോടൊപ്പം മാഗസിൻ നിരൂപണവും വിദ്യാർത്ഥി മനസുകളിൽ നിന്നും കൂടൊഴിയുന്നു. എങ്കിലും നിറങ്ങൾ പെയ്തൊഴിഞ്ഞ ആ വഴിത്താരയിലൂടെ ഒരാൾ നടന്നുവരുന്നതു കാണാം. അതെ, അയാൾ തന്നെ. വരും തലമുറയുടെ എഡിററർ! പുതിയ നിറങ്ങളും പുതിയ നാരായവും തേടി.

* * *

മഹേഷ് ജി.
I M. A. Eco.


# TEENS TAILORS

Palace Road
**ALUVA.**

Phone: 2792
Res: 5634

Welcome to

'Athripally and Vazhachal Water Falls'

Stay at

# Hill Way Tourist Home

Anamalai Road, **CHALAKUDY.**

Phone: 2549

# കേരള വിദ്യാഭ്യാസവും പാരലൽ കോളേജും.

തന്റെ മകൻ നഗരത്തിലെ ഒരു പ്രശസ്തമായ കോളേജിലാണ് പഠിക്കുന്നത് എന്ന് പറഞ്ഞപ്പോൾ അയാളുടെ മുഖത്തെ ഭാവം ഒന്ന് കാണേണ്ടത് തന്നെയായിരുന്നു. എന്നാൽ അപരനോ, കഴിവുണ്ടായിരുന്നിട്ടും കൂടുതൽ മാർക്കുണ്ടായിരുന്നിട്ടും തന്റെ മകന് ഒരു റെഗുലർ കോളേജിൽ പ്രവേശനം തരപ്പെട്ടില്ലല്ലോ എന്ന നിരാശയായിരുന്നു. എന്നാൽ മറ്റയാളാകട്ടെ തന്റെ മകന് റെഗുലർ കോളേജിൽ പ്രവേശനം ലഭിക്കാൻ താൻ മുടക്കിയ മാനേജ്മെന്റ് മണിയും ഉന്നതൻമാരുടെ സ്വാധീനവും മൂലമാണെന്ന വസ്തുത ഇവിടെ സൗകര്യപൂർവ്വം മറന്ന് കളയുന്നു.

ഇവിടെയാണ് വിദ്യാഭ്യാസത്തെ ആളുകൾ തരംതിരിച്ച് കാണുന്നത്. പ്രൈവറ്റായി പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഇന്നത്തെ സമൂഹം ഒരുതരം രണ്ടാംതരക്കാരായും റെഗുലർ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മിടുക്കൻമാരും മിടുക്കികളുമായാണ് മിക്കയാളുകളും വീക്ഷിക്കുന്നത്. എന്നാൽ പ്രൈവറ്റായി പഠിക്കുന്ന ഏതാണ്ട് 40% വിദ്യാർത്ഥികൾ റെഗുലർ കോളേജുകളിൽ പഠിക്കാൻ തീർത്തും യോഗ്യതയുള്ളതാണെന്ന വസ്തുത തർക്കമറ്റ വിഷയമാണ്. ഇവിടെ കഴിവല്ല മറിച്ച് ഉന്നത പിടിപാടും, മാനേജ്മെന്റ് മണി കൊടുക്കാനുള്ള ആസ്തിയുമാണ്, ഇവർ രണ്ടാം തരക്കാരനോ ഒന്നാം തരക്കാരനോ നിശ്ചയിക്കുന്നത്.

മുൻ യു. ജി. സി. ചെയർമാനായിരുന്ന Dr. ജോർജ് ജേക്കബ് കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ആയിരുന്നപ്പോഴാണ് ആദ്യമായി പ്രൈവറ്റ് രജിസ്ട്രേഷൻ പ്രി-ഡിഗ്രി തലത്തിൽ ഏർപ്പെടുത്തിയത് ക്രമേണ ഇത് ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിലും വ്യാപിപ്പിച്ചു. സമസ്ത പൗരാവകാശം വിഭാവനം ചെയ്യുന്ന ഭാരതത്തിൽ കോഴ കൊടുത്തോ മറ്റ് സ്വാധീനം മുഖേനയോ, അല്ലാതയോ റെഗുലർ കോളേജിൽ അഡ്മിഷൻ നേടുവാൻ സാധിക്കാത്ത അനേകം വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ വഴി പാരലൽ കോളേജുകൾ അത്താണിയായി. മാത്രമല്ല യൂണിവേഴ്സിറ്റിയുടെ ദൈനംദിന ചെലവുകൾ പോലും വഹിക്കാൻ കഴിയാതെ ശോഷിച്ച യൂണിവേഴ്സിറ്റി ഖജനാവ് ഈ പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേന പുഷ്ടിപ്പെട്ടു. കേരള കൂടാതെ ഇന്ന് മഹാത്മഗാന്ധി, കാലിക്കറ്റ് യൂണിവേഴ്സിറ്റി തുടങ്ങിയ മിക്ക യൂണിവേഴ്സിറ്റികളിലും ഇന്ന് പ്രൈവറ്റ് രജിസ്ട്രേഷൻ സംവിധാനം ഉണ്ട്.

ഇങ്ങനെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയനത്തിന് ആവശ്യമായ യാതൊരു സൗകര്യവും ചെയ്ത് കൊടുക്കുവാൻ യൂണിവേഴ്സിറ്റി അധികാരികൾക്കോ, സർക്കാരിനോ കഴിയുന്നില്ലന്ന കാര്യം വ്യക്തമാണ്. ഈ ഭാരിച്ച ചുമതല ഏറ്റെടുത്ത് കൊണ്ടാണ് കേരളത്തിലെ മിക്ക ട്യൂട്ടോറിയൽ കോളേജുകളും പാരലൽ കോളേജുകളായി മാറിയത്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് റെഗുലർ കോളേജുകളിൽ പഠിക്കുന്നതിന്റെ രണ്ടിരട്ടി വിദ്യാർത്ഥികൾ പ്രൈവറ്റായി പഠിക്കുന്നുണ്ട്. നമ്മുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ചയുടെ ആദ്യപടിയും

ഇത് തന്നെയാണ്.

## കേരള വിദ്യാഭ്യാസത്തിൽ പാരലൽ, റെഗുലർ കോളേജിന്റെ പങ്ക്.

എന്നിരുന്നാലും അവരുടെ കഴിവിനൊത്ത് പൂർണ്ണമായ വിദ്യാഭ്യാസ സൗകര്യം ലഭ്യമല്ലാതിരുന്നിട്ട് കൂടി ഈ കുട്ടികൾ അസൂയാർഹ വിജയം കൈവരിക്കുന്നുണ്ട്. ഉദാഹരണമായി 1986 സെന്റ് ജോസഫ് കോളേജ് & സെന്റ് ജോസഫ് വനിതാകോളേജിൽ M. A യ്ക്ക് പ്രൈവറ്റായി പഠിച്ച രണ്ട് വിദ്യാർത്ഥികൾക്ക് റാങ്ക് ലഭിച്ചത് ഈ രംഗത്ത് ഒരിക്കലും മറയ്ക്കപ്പെടാത്ത ഒരേടാണ്. 1985ൽ St. മേരീസ് പാരലൽ കോളേജ് പാലായിലെ ഒരു വിദ്യാർത്ഥിക്ക് B. Com.ന് രണ്ടാം റാങ്കും 87ൽ ഏറ്റുമാനൂർ ശർമ്മാസ് കോളേജിലെ മറ്റൊരു B. Com. വിദ്യാർത്ഥിക്കും 4-ാം റാങ്കും ലഭിക്കുകയുണ്ടായി. ഇതുപോലെ അനേകം പ്രതിഭകളെ നമുക്കിവിടെ കാണാൻ കഴിയും. ഇവിടെ ഇവർ രണ്ടാം തരക്കാരായിട്ടാണോ ഇവർക്ക് റെഗുലർ കോളേജുകളിൽ അവസരം കിട്ടാതിരുന്നത്?

ഇന്ന് ഈ സ്ഥാപനങ്ങളുടെ ദയനീയ അവസ്ഥ മാറണമെങ്കിൽ ഇതിന്റെ അതിപ്രസരം തടഞ്ഞ് സർക്കാരിന് നല്ലതെന്ന് ബോധ്യം വരുന്നവ തിരഞ്ഞെടുത്ത് തുടരാൻ അനുവദിക്കുകയും അതോടൊപ്പം സർക്കാരിന് ഒരു വരുമാനം ലഭിക്കത്തക്കവിധം ലൈസൻസ് ഫീയോ, രജിസ്ട്രേഷൻ ഫീയോ ഈടാക്കുകയാണെങ്കിൽ നമ്മുടെ വിദ്യാഭ്യാസ നിലവാരത്തെ ഉയർത്താൻ വളരെ ഫലപ്രദമാകുമെന്ന വസ്തുത നിസ്തർക്കമാണ്. വൻ തുകകൾ കൊടുത്ത് അദ്ധ്യാപന വൃത്തി വിലയ്ക്ക് വാങ്ങുന്ന രീതി ഈ രംഗത്ത് ഇല്ലാത്തതുകൊണ്ട് ഈ രംഗത്ത് അദ്ധ്യാപകർക്ക്, വിദ്യാർത്ഥികളോട് ഏറെ നീതി പുലർത്താൻ കഴിയുന്നു. സാക്ഷരതയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നു കേരളം. ഇതിന് പിന്നിൽ റെഗുലർ കോളേജിനോപ്പം പാരലൽ കോളേജുകളും നിശബ്ദ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ന്യായമായ ഫീസ് ഈടാക്കി രെജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി കെട്ടിടം പണിയാനും, ലാബ് സൗകര്യം ഏർപ്പെടുത്താനും ലോൺ തുടങ്ങി സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുകയും കൂടാതെ പ്രൈവറ്റായി പഠിക്കുന്ന വിദ്യാർത്ഥികളുടെയും മറ്റ് വിദ്യാർത്ഥികളുടെയും കൺസെഷൻ സൗകര്യം ഏകീകരിക്കുക തുടങ്ങിയ അടിയന്തിര കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കാതെ നമ്മുടെ വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ചയെക്കുറിച്ച് വലിയ വായിൽ കരഞ്ഞിട്ട് എന്ത് കാര്യം. അവസരങ്ങൾ ഇല്ലെങ്കിൽ ഉള്ളത് ഫലപ്രദമാക്കിയെടുക്കുകയാണ് വേണ്ടത്.

നാം നമ്മുടെ കഴിവ് പ്രകടിപ്പിക്കുക അത് വഴി മറ്റുള്ളവരേയും അതിന് പ്രേരിപ്പിക്കുക എന്ന യുക്തി ബോധം ഏതൊരു വിദ്യാർത്ഥിക്കും, പ്രത്യേകിച്ച് ഒരു റെഗുലർ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉണ്ടാകണം. കാരണം തന്നിലെ കഴിവ് കണ്ടെത്തി വികസിപ്പിക്കുവാൻ വേണ്ട എല്ലാ തലത്തിലുമുള്ള അറിവ് നേടുന്നതിനുള്ള സാഹചര്യം ഒരു റെഗുലർ കോളേജിന്റെ ചുറ്റുപാടിൽ ഉണ്ടായിരിക്കുന്നു. എന്നാൽ തങ്ങൾക്ക് കിട്ടിയ കനകാവസരങ്ങൾ മുതലാക്കാൻ മിക്ക കുട്ടികളും കാട്ടുന്ന വിമുഖതയ്ക്ക് അവസാനം കാണാൻ ഇനി എത്ര നാൾ കൂടി കഴിയണോ ആവോ ?

* * * *

ദിനേശ് T. K.
ഒന്നാവർഷ ചരിത്രം

# പാവം പാവം കിർലോസ്കർ

'ലെജൻ കിർലോസ്കർ' അങ്ങനെയാണ് നാട്ടുകാർ, മലഞ്ചെരുവിലുള്ള ആ ഇടയബാലനെ വിളിക്കുന്നത്. പാവം കിർലോസ്കറിന് ഒന്നും അറിയില്ല. പണ്ടു മുതലേ കിർ എന്ന കിർലോസ്കർ അങ്ങനെയാണ്. ബാല്യകാലം, അത് കിർലോസ്കറിന്റെ ജീവിതത്തിലെ ഏററവും വേദനാജനകമായ സംഭവ പരമ്പരകളുടെ വേദിയായിരുന്നു. മലഞ്ചെരുവിലെ പുൽമേടുകളിൽ ആടുകളെ മേയ്ക്കുന്ന 'കിർ' ഒററയ്ക്കിരുന്ന് മുഷിയുമ്പോൾ പൂർവ്വകാല സ്മരണകൾ ഒരു അപ്സര കന്യകയെ പോലെ ഇറങ്ങി വരും. തന്റെ ദുഃഖങ്ങൾ പങ്കുവയ്ക്കാൻ കിറിന് കൂട്ടുകാർ ആരും ഉണ്ടായിരുന്നില്ല. അങ്ങനെ, കഴിഞ്ഞുപോയ ദുഃഖസ്മരണകൾ അയവിറക്കുന്നതിൽ കിർ സുഖം കണ്ടെത്തി.

സ്കൂളിൽ പോകുന്നതാണ് ഏററവും ദുഃഖകരമായ ജോലിയെന്ന് കിർ ഒരിക്കൽ ഒരു അദ്ധ്യാപകനോട് തുറന്നു പറഞ്ഞു. സ്കൂൾ കഴിയുന്നതു വരെ അവിടെ കഴിഞ്ഞു കൂടുന്നത് അതിലും ദയനീയമാണത്രേ. അവിടെ കുട്ടികളോടൊപ്പം ക്ലാസ് മുറിയുടെ മൂലയിൽ ആരെയും ശല്യം ചെയ്യാതെ കിർ ഏകനായി ഇരിക്കും. പാവം കിർ സ്കൂളിൽ പഠിപ്പിക്കുന്നതൊന്നും മനസ്സിലാവില്ല. കിർലോസ്കറിന് അവിടുത്തെ ഭാഷ തന്നെ വശമില്ല. 'പിന്നെ എങ്ങനെ പഠിക്കും'. പഠിക്കാത്തതിനാൽ കിറിനെ അവർ ചീത്തവിളിക്കും, കളിയാക്കി ചിരിക്കും. പാവം കിർ, അവരെ നോക്കി ചിരിക്കും. കിറിനെ അവർ തല്ലും, ബെഞ്ചിൽ എഴുന്നേല്പിച്ചു നിർത്തും, പിന്നെ പിഴയിടും, മുട്ടുകുത്തിച്ചു നിർത്തും, ക്ലാസിന്റെ പുറത്തു നിർത്തി കളിയാക്കും. പാവം കിർ, മനസിന്റെ ഉള്ളിന്റെ ഉള്ളിൽ ഉറക്കെ കരയും. അങ്ങനെ കിർ ഓരോ ദിവസവും തള്ളിനീക്കിക്കൊണ്ടിരുന്നു.

ദിവസവും ക്ലാസ് കഴിഞ്ഞാൽ കിർ തന്റെ ആടുകളുടെ ഇടയിലേക്ക് ഓടി ചെല്ലും. ആ നല്ല ഇടയൻ തന്റെ വേദന നിറഞ്ഞ അനുഭവങ്ങൾ അവരെ പറഞ്ഞു കേൾപ്പിക്കും. മലഞ്ചെരുവിലെ തണുത്ത കാററിൽ കിറിന്റെ നഗ്നമായ മാറിടത്തിൽ കുളിരു പകരുമ്പോൾ, എല്ലാം മറന്ന് തന്റെ കുഞ്ഞാടുകളുടെ കൂടെ പാട്ടുപാടി നൃത്തം ചവിട്ടും.

സ്കൂളിൽ പരീക്ഷ അടുത്തു വന്നിരിക്കുകയാണ്. കിർലോസ്കർ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി. പരീക്ഷ എഴുതി നല്ല മാർക്ക് വാങ്ങണം. വീണ്ടും വീണ്ടും പഠിക്കണം, കഴിയുന്നത്ര അറിവു സമ്പാദിക്കണം. ഇതെല്ലാം പാവം കിറിന്റെ ഉള്ളിന്റെ ഉള്ളിലെ കൊച്ചു സ്വപ്നങ്ങളാണ്. എന്തു ചെയ്യാം? കിർ എങ്ങനെ പഠിക്കും? പാവം കിറിന് തന്റെ ഭാഷ മാത്രമേ വശമുള്ളു. കിർലോസ്കർ ബെഞ്ചിൽ കുനിഞ്ഞിരുന്ന് പൊട്ടിക്കരഞ്ഞു പോയി. അദ്ധ്യാപകൻ ക്ലാസിൽ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. ഏററവും എളുപ്പമുള്ള ചോദ്യത്തിനുപോലും ഉത്തരം നല്കാൻ കിറിന് കഴിഞ്ഞില്ല. ചോദ്യം തന്നെ എന്താണെന്ന് മനസിലാക്കാൻ കിർ ബുദ്ധിമുട്ടി. അദ്ധ്യാപകൻ കിറിനെ ശകാരിച്ചു. ക്ലാസിൽ നിന്നും പുറത്താക്കുകയും ചെയ്തു. എല്ലാവരും കിറിനെ നോക്കി പരിഹസിച്ചു.

അന്ന് ആദ്യമായി കിർലോസ്കറിന്റെ മുഖം ചുവന്നു. കിർലോസ്കർ അലറി.

"ഇല്ല, ഇതു ഞാൻ ഇനി അനുവദിക്കില്ല". 'എന്ത്'? എന്തനുവദിക്കില്ല! അദ്ധ്യാപകൻ ചോദ്യഭാവത്തിൽ ഉററുനോക്കി. കിർ വിറയ്ക്കുന്ന കൈകളോടെ തൻെറ കുടുക്കിട്ട വസ്ത്രം പറിച്ചെടുത്ത് പിച്ചി ചീന്തി. മദമിളകിയ ഗജവീരനെപോലെ കിർ പുറത്തേയ്ക്കു പാഞ്ഞു. മലഞ്ചെരുവിലെ കുന്നിൻെറ മുകളിൽ കീറി പറന്ന വസ്ത്രവുമായി കിർലോസ്കർ നിന്നു. കിർ ഒരു പ്രഭാഷകനെ പോലെ അവിടെ നിന്ന് അലറി വിളിച്ചു. കുഞ്ഞാടുകൾ കിറിൻെറ മുമ്പിൽ സേനകളെപോലെ അണി നിരന്നു.... വിറയ്ക്കുന്ന കൈകൾ മുഖത്തമർത്തികൊണ്ട് ആ നിരപരാധി പൊട്ടിക്കരഞ്ഞു. ഇടയൻെറ പരിഭ്രമം കണ്ട് ആടുകൾ നാലുപാടും കരഞ്ഞു കൊണ്ടോടി പോയി. നേരം സന്ധ്യ മയങ്ങി.

ഏകാന്തമായ ആ മലഞ്ചെരുവിൽ മലർന്നു കിടന്നുകൊണ്ട് കിർ, ആകാശത്തിലെ നക്ഷത്രങ്ങളിലേക്ക് പ്രത്യാശയുടെ കണ്ണുകളോടെ ഉററു നോക്കികൊണ്ടിരുന്നു. അവയിൽ നിന്നും ഉത്ഭവിച്ച പ്രകാശരശ്മികൾ തൻെറ മാറിടം തുളച്ച്, ഹൃദയത്തിലേററ മുറിപാടുകളിൽ തലോടുന്നതു പോലെ കിർലോസ്കറിന് തോന്നി. മേഘങ്ങൾക്കിടയിലൂടെ ഒളികണ്ണിട്ടു നോക്കിയ ആ പ്രകാശകിരണങ്ങൾ തൻെറ അനന്തമായ കണ്ണിമയിലേക്ക് ഇറങ്ങി വരുകയും, തന്നോട് ചോദ്യങ്ങൾ ചോദിക്കാനും തുടങ്ങി. കിർ എന്തെന്നില്ലാത്ത ആവേശത്തോടെ അവയ്ക്കെല്ലാം ഉത്തരം പറഞ്ഞു. കിർലോസ്കർ ഞെട്ടിയുണർന്നു ആത്മധൈര്യത്തോടെ ഉറക്കെ വിളിച്ചു പറഞ്ഞു. "കിർലോസ്കർ മണ്ടനല്ല, പാപിയല്ല, 'കിർ' അറിവിൻെറ അവകാശിയാണ്". വികാരം കൊണ്ട് വിയർത്തൊലിച്ച ആ പിഞ്ചുബാലൻെറ വാചാലമായ മനസിൽ അന്ന് ഒരു പുതിയ വിപ്ലവത്തിൻെറ വിത്തുകൾ പാകുകയായിരുന്നു. കിർ തൻെറ കണ്ണുകൾ ഇറുക്കിയടച്ചു. പല്ലുകൾ കടിച്ചു പിടിച്ചു, അനന്തമായ ആകാശത്തിലേക്ക് ശിരസുയർത്തി മനസിൽ എന്തൊ ഉരുവിട്ടുകൊണ്ടിരുന്നു. കണ്ണുകളിൽ നിന്നും നീർ ചാലുകൾ, വിറയ്ക്കുന്ന കവിൾ തടത്തിലൂടെ ഒലിച്ചിറങ്ങി. ഒടുവിൽ എന്തൊ മനസിലുറച്ച്, മലഞ്ചെരുവിലെ ഏതോ വീഥിയിലൂടെ കിർലോസ്കർ അതി വേഗത്തിൽ നടന്നു മറഞ്ഞു.

*ജോമോൻ പാപ്പച്ചൻ*
IIIrd D C Physics

**ഉത്തരവാദിത്വത്തോട് കൂടി ഇലക്ട്രോ പ്ലേറ്റിംഗ് വർക്കുകൾ ചെയ്ത് കൊടുക്കുന്നതിന്**

**Pechalil Electro Plaiting Works**

Near Dhanalakshmi Bank
**KUNNUMPURAM.**
Desam P. O. Aluva.

## നന്ദി............

മറിച്ച് പോയ താളുകളിൽ നിറം പകരാൻ
എന്നെ സഹായിച്ചവർ നിരവധിയാണ്.
പ്രിൻസിപ്പാൾ, Prof: മാധവൻകുട്ടി,
Prof: സണ്ണി കുര്യാക്കോസ്
യൂണിയൻ ഭാരവാഹികൾ,
പ്രിയമുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികൾ,
പരസ്യം തന്ന് സഹായിച്ചവർ നിരവധി പേരുണ്ട്
ഇവർക്കെല്ലാം
സ്നേഹത്തിന്റെ ഭാഷയിൽ നന്ദിരേഖപ്പെടുത്തുന്നതിനോടൊപ്പം
മാഗസിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ച
Varsa Printing Press നോടും
എനിക്കുള്ള നന്ദിയും സ്നേഹവും
രേഖപ്പെടുത്തുന്നു.

എന്ന്,

**എഡിറ്റർ.**


**സൂര്യ റെഡിമെയ്ഡ്സ്**

**കല്ലൂക്കാരൻ ഷോപ്പിംഗ് കോംപ്ലക്സ്**

**അങ്കമാലി.**

*"As we sow,*
*so we reap"*


*He who*
*sows with us*
*reaps the best*

**SCIENCE ACADEMY**

Banerji Road
KOCHI-682 018
Phone : 366351

Payyappilly Bazar
ALUVA -683 101
Phone : 6410

- Well-equipped labs
- Efficient staff
- Strict discipline




## COMPUTER EDUCATION IS A SERIOUS BUSINESS. SO IS YOUR FUTURE.

Pepsi or Coke? It is no big deal. The choice is casually made and easily forgotten. [illegible], however, your choice of a computer education institute. Which is why it is important to seriously consider what different institutes offer. Before you decide to join – ask yourself.

**WILL THE COURSE PREPARE ME SERIOUSLY FOR A CAREER OR IS IT MORE LIKE A PART TIME HOBBY CLASS?**

At ACL we believe computer education is as serious as medicine or engineering. Our courses are, therefore, especially designed for optimum intensive learning by one of the country's best R&D teams.

**AM I GETTING AS MUCH HANDS ON EXPERIENCE AS I NEED?**

Only practice makes one computer perfect. Hence, at ACL we offer much more [illegible] time. Our ETS [illegible] you book [illegible] extra hours free of cost. Plus we give [illegible] computer time to all our ex students for further learning at any one of our [illegible] centres, free of cost.

**AM I GETTING VALUE FOR MY TIME AND MONEY?**

At ACL you learn much more in one year than you would in one and a half years at other reputed institutes. Result? You save money and have a clear lead of six months.

**HOW REPUTED A NAME IS THE INSTITUTE?**

ACL is backed by UPTRON. One of the largest and most reputed electronics organisations in India. The advantage? You get all the benefits of UPTRON's rich experience in Computer Hardware and Software.

**WHAT ARE THE CHANCES OF MY GETTING A GOOD JOB?**

Citi Bank, Escorts, Indian Institute of Management, IOC, ONGC, LIC, NIC, DOE, UTI, BHEL and UPTRON itself... just some of the places where ACL's All-India placement network has helped students in building their career.

UPTRON-ACL. It's the more serious computer education. Because it has to do with the most serious thing in the world. Your future.

**UPTRON**
**ACL**
ACADEMY OF COMPUTER LEARNING
A GOVERNMENT UNDERTAKING

GO FOR THE BEST YOU CAN GET

39 / 1800, M. G. ROAD, OPPOSITE HOTEL DWARAKA, KOCHI – 16

Phone : 363356